● വാർഷിക വരിസംഖ്യ: ₹80

# മലബാർ വിഷൻ

താമരശ്ശേരി രൂപതാ മുഖപത്രം

● ജൂലൈ-ആഗസ്റ്റ് ● പുസ്തകം: 04 ● ലക്കം: 04 ● RNI Regn No: KERMAL/2017/73545 ● Registered No: KL/ ... 1

ഓണാശംസകൾ

മാതാവിന്റെ
സ്വർഗ്ഗാരോപണ
തിരുനാൾ
ആശംസകൾ



സ്വാതന്ത്ര്യദിനാശംസകൾ...

Drawing: ABHIRUP SIKDAR

വേദന അസ്ഥിക്ക്
പിടിച്ചവർക്ക്

നടുവ്, മുട്ട്, സന്ധി വേദനയ്ക്കായ് നവീകരിച്ച
ഓർത്തോപീഡിക്സ് വിഭാഗം ഇപ്പോൾ സ്റ്റാർകെയറിൽ.

8086668317 | 9745027417
www.starcarehospitals.com

STARCARE BOND

STARCARE HOSPITAL



എഡിറ്റോറിയൽ
● പുസ്തകം: 4 ● ലക്കം: 4

# സ്വർഗ്ഗാരോപിതമാകേണ്ട സ്വർഗ്ഗോന്മുഖ ജീവിതങ്ങൾ

ജൂലൈ, ആഗസ്റ്റ് മാസങ്ങൾ മലയാളിക്ക് ആഘോഷങ്ങളുടെ കാലഘട്ടമാണ്. തീവ്രമായ കാലവർഷത്തിനു ശേഷം ഓണം, സ്വാതന്ത്ര്യദിനം എന്നിങ്ങനെയുള്ള ആഘോഷങ്ങളിലേക്ക് നാടുണരുന്ന കാലഘട്ടം. കോവിഡ് നിയന്ത്രണങ്ങൾക്കിടയിലും ഇവ നഷ്ടമാകാതിരിക്കാൻ പരിശ്രമിക്കുന്നവരാണ് ഓരോ മലയാളിയും. എന്നാൽ ക്രൈസ്തവരായ നമ്മെ സംബന്ധിച്ച് അതിലേറെ പ്രാധാന്യമുള്ള ഒരു തിരുനാളിലേക്ക് നാം പ്രവേശിക്കുകയാണ് – പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാൾ.

എല്ലാക്കാലവും പ്രസക്തമാണ് സ്വർഗ്ഗാരോപണ തിരുനാൾ. പരിശുദ്ധ അമ്മയുടെ ഇഹലോക വാസത്തിനു ശേഷം ആത്മശരീരങ്ങളോടെ ദൈവപിതാവിന്റെ സന്നിധിയിലേക്ക് അവൾ ഉയർത്തപ്പെട്ടു എന്ന വിശ്വാസത്തിന്റെ പ്രഘോഷണമാണത്. ഈ ഭൂമിയിലെ തന്റെ ജീവിതം ദൈവപുത്രനെ ലോകത്തിന് നൽകിക്കൊണ്ട് അനുഗ്രഹീതമാക്കിയവളാണ് പരിശുദ്ധ മറിയം. ഒരു സ്ത്രീ ലോകത്തിന് നൽകിയതിൽ വച്ച് ഏറ്റവും വലിയ സമ്മാനം നൽകാൻ തിരഞ്ഞെടുക്കപ്പെട്ടവൾ. ഇത്തരമൊരു ദൈവനിയോഗത്തിന് വിളിക്കപ്പെട്ട്, ദൈവപുത്രന് ജന്മം നൽകിയ ശരീരം ഭൂമിയിലെ അവശേഷിപ്പുകളിലൊന്നായി മാറരുത് എന്നതിനാലാണ് ഭൗതിക ശരീരത്തോടെ അവൾ സ്വർഗ്ഗത്തിലേക്ക് ഉയർത്തപ്പെടുന്നത്.

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണം മനുഷ്യകുലത്തിനുള്ള ഒരു ഓർമ്മപ്പെടുത്തലാണ്. മനുഷ്യജീവന് തെല്ലും വിലകൽപ്പിക്കാത്ത ജീവിത സാഹചര്യങ്ങളും സ്വാർത്ഥ നേട്ടങ്ങൾക്കായി മനുഷ്യ ജീവനെ ഇല്ലാതാക്കുന്ന പ്രത്യയശാസ്ത്രങ്ങളും അരങ്ങുവാഴുന്ന കാലഘട്ടമാണിത്. അമ്മയുടെ തൊഴിൽ താൽപ്പര്യങ്ങൾക്കായി ഉദരത്തിലെ കുഞ്ഞിനെ നശിപ്പിക്കുന്നത് തെറ്റല്ലായെന്ന് സ്ഥാപിച്ച സിനിമയെ ലോകം മഹത്വവൽക്കരിക്കുന്ന കാലം. ഇവിടെ പരിശുദ്ധ അമ്മയുടെ ജീവിതം നമ്മൾക്ക് പ്രചോദനമാകണം. ഏതു വെല്ലുവിളികളിലും ജീവിത നിയോഗങ്ങളെ സന്തോഷത്തോടെ ഏറ്റെടുക്കുവാൻ നാം തയ്യാറാകണമെന്ന് പരിശുദ്ധ അമ്മ പഠിപ്പിക്കുന്നു. ഓരോ ജന്മവും വിലമതിക്കപ്പെടുന്നതും അനശ്വരമാകുന്നതും നാം എന്ത് ഈ ലോകത്തിനായി നൽകി എന്നതിന്റെ അടിസ്ഥാനത്തിലാണ് എന്നത് മറക്കാതിരിക്കാം. ലോകത്തിന് നന്മയായതു മാത്രം നൽകി സ്വർഗ്ഗം സ്വന്തമാക്കാൻ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം നമുക്ക് തുണയാകട്ടെ.

# നവമാധ്യമങ്ങളുടെ ഉപയോഗം: വിവേകവും കരുതലും മുഖ്യം



ഇടയശബ്ദം

മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

കോവിഡ് 19 മൂന്നാം തരംഗത്തിലേക്ക് കടക്കുമ്പോൾ ലോകം ഒന്നുകൂടി ചുരുങ്ങുകയും സാമൂഹികജീവിതം ഒരുപടി കൂടി ഉൾവലിയുകയും ചെയ്യുകയാണ്. പരസ്പരം കാണാനോ, സംസാരിക്കാനോ, ഒന്നിച്ചുകൂടാനോ കഴിയാത്തവിധം വ്യക്തികൾക്കിടയിലെ ദൂരം വർധിച്ചു വരുകയും ചെയ്യുന്നു. വിവാഹങ്ങളും, ജന്മദിനങ്ങളും, കുടുംബസംഗമങ്ങളും, ക്ലാസുകളും, പരീക്ഷകളും പോലും പുതുതലമുറയ്ക്ക് ഓൺലൈൻ പരിപാടികൾ മാത്രമായി മാറുന്നു. എങ്കിലും ആളുകൾക്കിടയിലെ സൗഹൃദവും ബന്ധങ്ങളുടെ ആഴവും കാത്തുസൂക്ഷിക്കാൻ സമൂഹമാധ്യമങ്ങൾ ഇന്ന് ഏറെ സഹായിക്കുന്നുണ്ട്. അകലങ്ങളെ വിരൽത്തുമ്പുകളിലേക്കു ചുരുക്കാൻ സാങ്കേതികവളർച്ചയ്ക്കു കഴിഞ്ഞത് ദൈവം നൽകിയ ധൈഷണികതയോടുള്ള മനുഷ്യന്റെ ക്രിയാത്മകമായ പ്രത്യുത്തരമാണ്.

സമൂഹമാധ്യമങ്ങളുടെ ഉപയോഗവും സ്വാധീനവും മുൻപത്തേക്കാളേറെ വർദ്ധിച്ചു വരുന്ന ഇന്നത്തെ കാലഘട്ടത്തിൽ ഇത്തരം മാധ്യമങ്ങൾ വിവേകത്തോടെയും കരുതലോടെയും ഉപയോഗിക്കാൻ അറിഞ്ഞിരിക്കുകയും അതിനായി നമ്മുടെ കുട്ടികൾക്ക് പരിശീലനം നൽകുകയും വേണം. ശ്രദ്ധയോടെ ഉപയോഗിച്ചിട്ടില്ലെങ്കിൽ അവ വരുത്തിവയ്ക്കാവുന്ന അപകടങ്ങളെക്കുറിച്ച് കുട്ടികളും മാതാപിതാക്കളുമെല്ലാം ബോധവാന്മാരായിരിക്കണം. പ്രത്യേകിച്ച്, കോവിഡ് കാലത്ത് ഓൺലൈൻ ക്ലാസുകൾക്കായി വിദ്യാർത്ഥികൾ ദീർഘസമയം ഇത്തരം മാധ്യമങ്ങൾ ഉപയോഗിക്കേണ്ടി വരുന്ന പശ്ചാത്തലത്തിൽ. ലോകാരോഗ്യസംഘടന നൽകുന്ന കണക്കുകൾ പ്രകാരം ലോകത്താകമാനമുള്ള കോളജ് വിദ്യാർത്ഥികളിൽ പകുതിയോളവും സ്മാർട്ട് ഫോൺ അഡിക്ഷൻ മൂലമുള്ള പ്രതിസന്ധികൾ അനുഭവിക്കുന്നവരാണ് എന്ന യാഥാർത്ഥ്യം നാം കണ്ടില്ലെന്നു നടിക്കരുത്.

ബ്ലൂവെയിലും, ഫയർ ഫെയറിയും, ചോക്കിംഗ് ഗെയിമും പോലുള്ള ഓൺലൈൻ ഗെയിമുകൾ കുട്ടികളിൽ സൃഷ്ടിക്കുന്ന അപകടകരമായ സ്വാധീനം മുമ്പു തന്നെ ലോകത്തിന്റെ പല ഭാഗങ്ങളിലും നമ്മൾ കണ്ടു കഴിഞ്ഞതാണ്. ഇത്തരം ഗെയിമുകൾ ആത്മഹത്യകളിലേക്കും കൊലപാതകങ്ങളിലേക്കും മാത്രമല്ല, നമ്മുടെ കുട്ടികളെ നിസ്സംഗതയുടെയും നിരാശയുടെയും ഇരുളടഞ്ഞ ഇടനാഴികളിലേക്ക് തള്ളിയിടുന്നു. അക്രമവാസന വളർത്തുകയും അനാരോഗ്യകരമായ മത്സരബുദ്ധി നിറയ്ക്കുകയും ചെയ്യുന്ന ഗെയിമുളോട് 'നോ' പറയാനുള്ള ആർജ്ജവം കുട്ടികൾ സ്വന്തമാക്കിയേ തീരൂ.

ഗെയിമിങ്ങിനുമപ്പുറത്തുള്ള എത്രയോ ചതിക്കുഴികളാണ് സമൂഹ മാധ്യമങ്ങൾ നമുക്കു മുമ്പിൽ നിരത്തുന്നത്. പോണോഗ്രഫിയുടെ വിപണനമാർക്കറ്റുകൾ ലക്ഷ്യം വയ്ക്കുന്നത് നമ്മുടെ യുവതലമുറയെത്തന്നെയാണ്. അശ്ലീലസിനിമകൾ നിർമ്മിച്ചും കച്ചവടം ചെയ്തും ലാഭമുണ്ടാക്കുന്നവരിൽ മാന്യതയുടെ മൂടുപടമണിഞ്ഞ പ്രമുഖരുമുണ്ടെന്നത് ജാഗ്രതയോടെ വേണം മനസ്സിലാക്കാൻ. ഓൺലൈൻ പണമിടപാടുകളിൽ കുടുങ്ങി സാമ്പത്തിക ബാധ്യതകളിലകപ്പെട്ടു പോകുന്നവരും കുറവല്ല. സമൂഹമാധ്യമങ്ങളുയർത്തുന്ന വെല്ലുവിളികളെ നേരിടാൻ നാം എപ്പോഴും സർപ്പങ്ങളെപ്പോലെ വിവേകികളും പ്രാവുകളെപ്പോലെ നിഷ്കളങ്കരുമായിരിക്കണം (മത്തായി 10:16). ദൈവം നമുക്കു നൽകിയിരിക്കുന്ന സർഗ്ഗാത്മകതയെ സമൂഹമാധ്യമങ്ങളുടെ കൂടി അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തി മനുഷ്യവംശത്തിന്റെ സമഗ്രവളർച്ചയ്ക്കുതകുന്ന രീതിയിൽ ക്രിയാത്മകമായി ക്രമീകരിക്കുവാൻ നമുക്കു പ്രത്യേകം ശ്രദ്ധിക്കാം.

# കുഞ്ഞുങ്ങൾ എല്ലാം കാണുന്നു



അകം പുറം

കെ. എഫ്. ജോർജ്

ടിവിയിലെ ജനപ്രീതിയുള്ള സംഗീത മത്സര പരിപാടിയാണ് 'ടോപ്പ് സിംഗർ' നഴ്സറി പ്രായം മുതലുള്ള കുട്ടികൾ പാട്ടുപാടാനെത്തുന്നു എന്നതാണ് പരിപാടിയുടെ പ്രത്യേകത.

കൗമാരക്കാർ വരെ മത്സരിക്കുന്നുണ്ടെങ്കിലും പ്രായത്തിൽ കവിഞ്ഞ മിടുക്കു കാണിക്കുന്ന കൊച്ചുകുഞ്ഞുങ്ങൾ ഈ മത്സരത്തെ ആകർഷകമാക്കുന്നു.

എസ്. ജാനകിയും പി. സുശീലയുമെല്ലാം പാടി പ്രശസ്തമാക്കിയ ഗാനങ്ങൾ ഒരു തെറ്റുമില്ലാതെ ഗംഭീരമായി കുഞ്ഞുങ്ങൾ പാടുന്നത് വിധികർത്താവായ സംഗീതജ്ഞനെ അത്ഭുതപ്പെടുത്തി.

ഇത്രയും വരികളും ട്യൂണും കാണാപ്പാഠം പഠിച്ച്, ശ്രുതി ശുദ്ധമായി, ലയഭംഗിയോടെ ഈ കുഞ്ഞുപ്രായത്തിൽ എങ്ങനെ പാടാൻ കഴിയുന്നുവെന്ന് അദ്ദേഹം കുട്ടിയോടു ചോദിച്ചു.

'ആദ്യം പാട്ടു പഠിക്കും. എന്നിട്ട് മനസിൽ അടുക്കി വച്ച് പാടും.' –യാതൊരു സംശയവുമില്ലാതെ പെട്ടെന്ന് ലളിതമായ മറുപടി വന്നു.

കുഞ്ഞുങ്ങൾ ഇങ്ങനെയാണ്. കാണുന്നതും കേൾക്കുന്നതും പെട്ടെന്നു പഠിക്കുക മാത്രമല്ല, മനസിൽ അടുക്കി വയ്ക്കുകയും ചെയ്യും. ഗുണനപ്പട്ടികയും പദ്യങ്ങളും കുട്ടിക്കാലത്ത് എത്രപെട്ടെന്നാണ് നമ്മൾ മനഃപാഠമാക്കിയത്. മുതിർന്നതോടെ ഈ ശേഷി ചോർന്നു പോയി.

കുട്ടിക്കാലത്ത് രേഖപ്പെടുത്തപ്പെട്ട മധുര സ്മരണകളും അനുഭവങ്ങളുമാണ് വാർധക്യത്തിൽ ചോക്കലേറ്റു പോലെ മനസിലിട്ടു നുണയുന്നത്. മുതിർന്നശേഷം ഉണ്ടായ അനുഭവ ചിത്രങ്ങൾക്ക് അപ്പോഴേക്കും നിറം മങ്ങുകയോ ശോഭ നഷ്ടപ്പെടുകയോ ചെയ്തിരിക്കും. എന്നാൽ കുഞ്ഞുന്നാളിലെ സംഭവങ്ങൾ അപ്പോഴും സ്വപ്നങ്ങളിലും ഓർമകളിലും പുനർജനിച്ചു കൊണ്ടേയിരിക്കും.

ശൈശവ – ബാല്യകാലത്ത് മനസിൽ അടുക്കി വയ്ക്കുന്ന ഓർമകളും അനുഭവങ്ങളുമാണ് പിന്നീട് ജ്ഞാനവും തിരിച്ചറിവുമായിത്തീരുക. ആദ്യകാലത്ത് അച്ഛനും അമ്മയുമാണ് അവർക്ക് എല്ലാമെല്ലാം. പിന്നീട് കുടുംബത്തിലെ മറ്റ് അംഗങ്ങളേയും 12 വയസ് ആകുന്നതുവരെ പകർത്താൻ അവർ ശ്രമിച്ചുകൊണ്ടേയിരിക്കും.

കോവിഡ് കാരണം വീട്ടിലിരിപ്പു തുടങ്ങിയിട്ട് ഒന്നര വർഷമാകാൻ പോകുന്നു. സ്കൂളിൽ നിന്നും കളിസ്ഥലത്തു നിന്നും കൂട്ടുകാരിൽ നിന്നും ജീവിത വളർച്ചാ പാഠങ്ങൾ ഇത്രയും കാലത്ത് അവർക്ക് നഷ്ടമായി.



വീടകമാണ് അവർക്ക് വിദ്യാലയവും കളിസ്ഥലവും. അതിനാൽ പുറത്തു നിന്നു കിട്ടിയിരുന്ന ജീവിതപാഠങ്ങൾ വീട്ടിലുള്ളവർ പകർന്നു നൽകേണ്ടിയിരിക്കുന്നു. വീട്ടിലെ അന്തരീക്ഷം കൂടുതൽ നിർമ്മലവും ഗുണകരവുമായിരിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഈ സാഹചര്യം വിരൽ ചൂണ്ടുന്നത്.

സ്നേഹവും വിട്ടുവീഴ്ചാ മനോഭാവവും കുട്ടികൾ വീട്ടിൽ കാണണം. പകരം വഴക്കും വാശിയും വൈരാഗ്യവുമാണ് കാണുന്നതെങ്കിൽ മുതിരുമ്പോൾ ആ വഴിക്കാകും നീങ്ങുക. ചില വീടുകളിൽ കുടുംബവഴക്കുകൾ തലമുറകളിലേക്ക് പകർന്നു പോകുന്നത് ഇക്കാരണത്താലാണ്.

കുഞ്ഞുങ്ങളെ വളർത്തുമ്പോൾ 'നിങ്ങളുടെ കുഞ്ഞുങ്ങൾ നിങ്ങളുടേതല്ല.' എന്ന ലെബനീസ് കവി ഖലീൽ ജിബ്രാന്റെ പ്രശസ്ത വരികൾ മനസിൽ സൂക്ഷിക്കാം.

കുഞ്ഞുങ്ങൾക്ക് സ്നേഹം നൽകാം. വീടു നൽകാം. എന്നാൽ അവർക്ക് നിങ്ങളുടെ ചിന്തകൾ നൽകരുത് എന്നാണ് അദ്ദേഹം പറയുന്നത്.

കാരണം കുഞ്ഞുങ്ങൾക്ക് അവരുടേതായ ചിന്തകളുണ്ട്. നിങ്ങൾക്ക് സ്വപ്നത്തിൽപോലും അപ്രാപ്യമായ ഭാവിയുടെ ഭവനങ്ങളിലാണ് അവരുടെ ആത്മാക്കൾ വസിക്കുന്നത്.

നല്ല മാതൃകകൾ വളർച്ചയുടെ ഓരോ ഘട്ടത്തിലും അവരുടെ മുമ്പിൽ നിരത്തി വയ്ക്കുകയാണ് മുതിർന്നവരുടെ കടമ. നമ്മുടെ ചിന്തയുടെ ദുഷ്ടതയും അൽപ്പത്തരവും അവരെ മുരടിപ്പിക്കരുത്. അവർക്ക് വിധിച്ചിരിക്കുന്ന സ്വതന്ത്ര ആകാശ സ്വച്ഛതയിലേക്ക് അവർ പറന്നുയരട്ടെ.

ജവഹർലാൽ നെഹ്റുവിന്റെ കത്തുകളും രചനകളും വായിക്കുമ്പോൾ എത്രമാത്രം ഉത്കൃഷ്ടമായ മാതൃകയാണ് മകൾ ഇന്ദിരാഗാന്ധിക്ക് നൽകാൻ നെഹ്റു ശ്രമിച്ചതെന്ന് മനസിലാകും. സമ്പന്നമായ ഓർമകളും ധീരതയും ധൈഷണികമായ ചിന്തകളും ആ പിതാവ് മകൾക്കു നൽകി. അത് ഇന്ദിരയെ ലോകം ബഹുമാനിക്കുന്ന നേതാവെന്ന നിലയിലേക്കു വളർത്തി.

# ആത്മാവു നൽകേണ്ട ഡിജിറ്റൽ ലോകം



**അറിവിന്റെ ആഴങ്ങളിലേക്ക് മനുഷ്യന് അനായാസമായ പ്രവേശം നൽകി എന്നതാണ് ഇന്റർനെറ്റ് വിപ്ലവത്തിന്റെ നേട്ടം. വിരൽത്തുമ്പിലുണ്ട് തുറക്കാൻ പറ്റിയ അറിവിന്റെ വിശാലമായ കവാടങ്ങൾ. ഇന്റർനെറ്റിന്റെ ചിറകിലേറി സമൂഹജീവിതത്തിന്റെ പുതിയതലങ്ങളിലേക്കാണ് സാമൂഹ്യസമ്പർക്കമാധ്യമങ്ങൾ ലോകത്തെ എത്തിച്ചത്. ജനതകളെയും സംസ്കാരങ്ങളെയും കുറിച്ചുള്ള അറിവുകളിൽ സമൂഹങ്ങൾ ഉദ്ഗ്രഥിതമാവുകയും പരസ്പരം അറിവുകളും കാഴ്ചപ്പാടുകളും കൈമാറുകയും ചെയ്തു. അത് ഒരേ സമയം നല്ലതും മോശവുമായ പ്രത്യാഘാതങ്ങൾക്ക് കാരണമായി**



ഫാ. ബിജു
മഠത്തിക്കുന്നേൽ CSSR
പ്രൊവിൻഷ്യൽ സുപ്പീരിയർ
ലിഗോരി പ്രൊവിൻസ്



ചരിത്രത്തിലെ നിർണായകമായ ഒരു സന്ധിയിലൂടെയാണ് നാം കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. കോവിഡ് പകർച്ച വ്യാധിയും ഗ്ലോബലൈസേഷനും ഡിജിറ്റൽ മീഡിയയും അസാധാരണമായ സാംസ്കാരിക സാമൂഹിക ചുറ്റുപാടുകളെ മനുഷ്യചരിത്രത്തിൽരൂപപ്പെടുത്തുന്നു. അതിജീവനത്തിന്റെ പുതിയ വഴികൾ നാം കണ്ടെത്തുന്നുണ്ടെങ്കിലും ഇനിയും തീർച്ചയില്ലാത്ത ഭാവി തെല്ലൊന്നുമല്ല നമ്മെ അസ്വസ്ഥരാക്കുന്നത്. ടെക്സിലറേഷൻ (Tech-celeration) വ്യവസായങ്ങളെയും കമ്പനികളെയും മുൾമുനയിൽ നിർത്തുന്നു. ഐസൊലേഷനും ക്വാറന്റൈനും നമ്മുടെ സാധാരണജീവിതത്തിന്റെ ഭാഗമായിരിക്കുന്നു. സാമൂഹിക അകലവും ശുചിത്വവും പാലിക്കുവാൻ വ്യക്തികൾ നിർബന്ധിതരായിരിക്കുന്നു. വീടുകൾ തൊഴിലിടങ്ങളായും സ്കൂളുകളായും മാറിയിരിക്കുന്നു. ഡിജിറ്റൽ സാങ്കേതികവിദ്യകളെ ആശ്രയിച്ചു മാത്രം സാധാരണജീവിതം മുന്നോട്ടു പോകുന്നു. പെട്ടെന്ന് ഒരുപാടു പേർ ഡിജിറ്റൽ സാക്ഷരത കൈവരിച്ചിരിക്കുന്നു. കഴിഞ്ഞ ഒന്നര/രണ്ട് വർഷങ്ങൾ ചെറുതല്ലാത്ത മാറ്റങ്ങളാണ് നമ്മുടെ ജീവിതത്തിൽ കൊണ്ടുവന്നിരിക്കുന്നത്.

## പരിശീലനം ആവശ്യം

മനുഷ്യന്റെ സ്വഭാവത്തെ നിർണയിക്കുന്ന പ്രധാനപ്പെട്ട രണ്ട് ഘടകങ്ങളുണ്ടെന്നു നമുക്കറിയാം. പാരമ്പര്യവും ചുറ്റുപാടുകളും. അതിൽ ചുറ്റുപാടുകളിലുണ്ടാകുന്ന ദ്രുതഗതിയിലുള്ള മാറ്റങ്ങൾ (Exponential Changes) ഒരാളുടെ പെരുമാറ്റരീതികളെയും വേഗത്തിൽ സ്വാധീനിക്കുന്നുണ്ട്. മനുഷ്യനായിരിക്കുക എന്ന അനുഭവം ഈ കാലഘട്ടത്തിൽ വളരെ വ്യത്യസ്തവും സാന്ദ്രവുമാണ്. കാരണം ഇന്ദ്രിയപരമായ അറിവുകളുടെ ഒരു പ്രവാഹം തന്നെയാണ് ഈ കാലം മനുഷ്യനായി ഒരുക്കിയിരിക്കുന്നത്. മനുഷ്യനാവുക എന്നാൽ ഈ അനുഭവങ്ങളെയെല്ലാം ഏകീകരിച്ച് വിശകലനം ചെയ്ത് ആസ്വദിച്ച് മുമ്പോട്ടു പോവുക എന്നതു തന്നെയാണ്. ഡിജിറ്റൽ സാങ്കേതികത നമുക്കു സമ്മാനിച്ചിരിക്കുന്ന വിർച്വൽ അനുഭവങ്ങൾ ഒരാളെ ആ ലോകത്തിന്റെ ഭാഗമായോ അല്ലാതെയോ നിർത്തുന്നു എന്നതു കൊണ്ട് വിർച്വൽ ലോകത്തെക്കുറിച്ചറിയാനും അവിടെ ജീവിക്കാനും അവിടെ നിന്നു പുറത്തിറങ്ങാനും നാം പരിശീലിക്കേണ്ടതുണ്ട്. വേണ്ടത്ര അവബോധമില്ലാതെ നാം മാറ്റങ്ങളെ ആശ്ലേഷിക്കുകയും അതിന്റെ ഭാഗമായി നിൽക്കുകയും ചെയ്യുമ്പോൾ ചിലപ്പോഴെങ്കിലും ജീവിതമൂല്യങ്ങൾ നമുക്കു കൈമോശം വരാനുള്ള സാധ്യത വളരെയേറെയാണ്. ഉപഭോഗസംസ്കാരത്തിന്റെ നിയമങ്ങളും ലാഭത്തിന്റെ കണക്കുകളും മാത്രം കേന്ദ്രീകരിച്ച് കോർപ്പറേറ്റുകൾ വിർച്വൽ ലോകത്തെയും കൂടി ഭരിക്കുന്ന ഈ കാലം അതീവജാഗ്രതയോടെ കാണുകയും ക്രിയാത്മകമായി നാം ഈ ലോകത്തിലിടപെടുകയും ചെയ്യണം.

## സാങ്കൽപ്പിക ലോകം സൃഷ്ടിച്ച് നവമാധ്യമങ്ങൾ

മനുഷ്യാസ്തിത്വത്തിന്റെ തുടർച്ചയാണ് മാധ്യമങ്ങൾ. ആവിഷ്കാരത്തിനും അഭിപ്രായപ്രകടനത്തിനും അറിയാനുമുള്ള വേദികളായി മാധ്യമങ്ങൾ നിലകൊള്ളണമെന്ന് ഒരു ശരാശരി മനുഷ്യൻ ആഗ്രഹിക്കുമ്പോഴും നമ്മുടെ ചിന്തകളെ നമ്മളറിയാതെ തന്നെ സ്വാധീനിക്കത്തക്ക രീതിയിൽ അടിമത്തത്തിലാക്കാനുള്ള തന്ത്രങ്ങൾ അവയെ നിയന്ത്രിക്കുന്ന മാധ്യമകോർപ്പറേറ്റുകൾക്കുണ്ട്. ടെക്സലറേഷനും നവമാധ്യമങ്ങളും ഉപയോഗിച്ച് കോർപ്പറേറ്റുകൾ ടാർഗറ്റ് ചെയ്യുന്നത് മനുഷ്യന്റെ ഉപഭോഗ ആസക്തിയെയും മൃദുലവികാരങ്ങളെയുമാണ്. സാങ്കേതികതയും മാധ്യമങ്ങളും ചേർന്ന് അയഥാർത്ഥവും സാങ്കൽപികവുമായ ഒരു ലോകബോധം മനുഷ്യനുള്ളിൽ സൃഷ്ടിക്കുന്നുണ്ട്. സാങ്കൽപികലോകങ്ങൾ മനുഷ്യന് യഥാർത്ഥലോകത്തു നിന്നു രക്ഷപ്പെടാനുള്ള ഇടങ്ങൾ കൂടിയാണെന്ന് മനഃശ്ശാസ്ത്രം നമ്മെ ഓർമപ്പെടുത്തുമ്പോൾ ചില വീണ്ടുവിചാരങ്ങൾ നമുക്കു വേണം.

വിർച്വൽ ലോകവും യഥാർത്ഥലോകവും കൂടിക്കുഴഞ്ഞ് മനസ്സ് മലിനമാകുന്ന ഒരുപാടു മനുഷ്യരെ അനുദിനം നാം കാണുന്നുണ്ട്. നമ്മുടെ സമൂഹപരിശീലന വ്യവസ്ഥിതികളിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. സ്വതന്ത്രമായ ചിന്താധാര രൂപപ്പെടുത്താൻ നമ്മുടെ വിദ്യാഭ്യാസരീതികൾക്കും സംസ്കാരത്തിനും കഴിയാതെ പോകുന്നുണ്ടെങ്കിൽ ജീവനെയും ജീവിതത്തെയും കുറിച്ച് വേണ്ടത്ര അവബോധമില്ലാത്ത ഒരു ജനതയായിരിക്കും രൂപപ്പെട്ടുകൊണ്ടിരിക്കുക. ഇന്ദ്രിയപരമായ ആസ്വാദനങ്ങളെയും സുഖങ്ങളെയും മാത്രം സന്തോഷദായകമായ കാര്യങ്ങളായി മനുഷ്യൻ കരുതിത്തുടങ്ങുമ്പോൾ അവനു നഷ്ടമാകുന്നത് അവന്റെ മാനുഷികതയുടെ ഉന്നതതലങ്ങൾ തന്നെയാണ്. ഇതു തിരിച്ചറിയാൻ പലർക്കും കഴിയുന്നില്ല.

1989 ൽ Tim Berners Lee എന്ന ഇംഗ്ലീഷ് കമ്പ്യൂട്ടർ ശാസ്ത്രജ്ഞൻ World Wide Web കണ്ടുപിടിച്ചതോടെ ലോകത്തിന്റെ ഗതി മറ്റൊന്നായി. 1990 ൽ ലോക ജനസംഖ്യയുടെ 0.05% ആളുകളാണ് ഇന്റർനെറ്റ് ഉപയോഗിച്ചിരുന്നതെങ്കിൽ ഇന്നത് 59.5% ആയി ഉയർന്നിരിക്കുന്നു. 2004 ൽ ഫെയ്സ് ബുക്കും, 2005 ൽ YouTube ഉം പിറന്നതിൽ പിന്നെ സാമൂഹമാധ്യമരംഗത്ത് നടന്നത് ഒരു വിപ്ലവം തന്നെയാണ്. കഴിഞ്ഞ 32 വർഷങ്ങൾക്കു മുമ്പ് ജനിച്ചവരും കഴിഞ്ഞ 32 വർഷങ്ങളിൽ ജനിച്ചവരും തമ്മിൽ വലിയ വ്യത്യാസങ്ങളുണ്ട്. രണ്ടു കൂട്ടരും ലോകത്തെ കാണുന്നതും ജീവിതത്തിലിടപെടുന്നതും വ്യത്യസ്തമായ കാഴ്ചപ്പാടുകളോടും അറിവുകളോടും കൂടിയാണ്. ഈ മാറ്റങ്ങളിലേയ്ക്ക് പിറന്നു വീണവരും ഈ മാറ്റങ്ങൾക്ക് സാക്ഷിയായി ജീവിച്ചവരും തമ്മിൽ വലിയ അന്തരമുണ്ടെന്നു സാരം. പലപ്പോഴും രണ്ടു കൂട്ടരുടെയും മനസ്സ് രണ്ട് വ്യത്യസ്ത ലോകത്തിലാണെന്നു തന്നെ കാണാം. മില്ലേനിയൽസ് (1981 നും 1996 നും ഇടയ്ക്കു ജനിച്ചവർ) എന്നും ജനറേഷൻ Z (1996 നു ശേഷം ജനിച്ചവർ) എന്നും കഴിഞ്ഞ നാലു ദശകങ്ങളിൽ ജനിച്ചവരെ സാമൂഹ്യശാസ്ത്രജ്ഞൻമാർ വേർതിരിക്കുന്നത് ലോകത്ത് നടന്ന ശാസ്ത്രസാങ്കേതിക മാറ്റങ്ങൾ മൂലം ജീവിതം വ്യത്യസ്തമായി അനുഭവിക്കുന്നവരെയാണ്. ശാസ്ത്രസാങ്കേതികതകൾ സൃഷ്ടിച്ച ഈ തിരിവുകൾ തലമുറകൾ തമ്മിലുള്ള സംവാദങ്ങളിൽ വലിയ പ്രതിസന്ധികളുണ്ടാക്കുന്നുണ്ട്. ഈ അവബോധത്തോടെ വേണം വ്യത്യസ്ത പ്രായത്തിലുള്ളവർ കാലത്തെയും മറ്റു മനുഷ്യരെയും അപഗ്രഥിക്കാൻ. അറിയുന്ന വഴികളും അറിവിന്റെ വഴികളും മാറിയിരിക്കുന്നു.

## അറിവിന്റെ വിപ്ലവം ഇന്റർനെറ്റിലൂടെ

ഒരു ക്ലിക്കിൽ അറിവിന്റെ മായാലോകത്തേക്കു നയിക്കുന്ന ഇന്റർനെറ്റും ലോകമെമ്പാടും അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന ഡേറ്റാസെന്ററുകളും വിദ്യാഭ്യാസത്തിന് പുതിയ ചിറകുകൾ നൽകിയിട്ടുണ്ട്. വിദ്യാഭ്യാസരീതി തന്നെ മാറിപ്പോയിരിക്കുന്നു. പുസ്തകങ്ങളുടെ ലോകത്ത് നിന്ന് ഡീപ് ലേണിങ്ങിലേക്ക് കുട്ടികൾ മാത്രമല്ല അറിവു സമ്പാദിക്കാനാഗ്രഹിക്കുന്ന എല്ലാ മനുഷ്യരും മാറിയിരിക്കുന്നു. യൂണിവേഴ്സിറ്റിയുടെ പഠനാനുഭവങ്ങളും കൂറ്റൻ ലൈബ്രറികളുടെ വിജ്ഞാനശേഖരങ്ങളും നൂതനരീതിയിൽ മനുഷ്യരിലേക്കെത്തുന്നു. അറിവിന്റെ ആഴങ്ങളിലേക്ക് മനുഷ്യന് അനായാസമായ പ്രവേശം നൽകി എന്നതാണ് ഇന്റർനെറ്റ് വിപ്ലവത്തിന്റെ നേട്ടം. വിരൽത്തുമ്പിലുണ്ട് തുറക്കാൻ പറ്റിയ അറിവിന്റെ വിശാലമായ കവാടങ്ങൾ. ഇന്റർനെറ്റിന്റെ ചിറകിലേറി സമൂഹജീവിതത്തിന്റെ പുതിയതലങ്ങളിലേയ്ക്കാണ് സാമൂഹ്യസമ്പർക്കമാധ്യമങ്ങൾ ലോകത്തെ എത്തിച്ചത്. ഫീഡ്ബാക്കില്ലാത്ത ബ്രോഡ്കാസ്റ്റിങ് സിസ്റ്റങ്ങളെ നിഷ്പ്രഭമാക്കിക്കൊണ്ട് അവ വളർന്നു. വിർച്വൽ ലോകത്തിലൂടെ പുതിയ ബന്ധങ്ങളിലേയ്ക്കും നെറ്റ്വർക്കുകളിലേയ്ക്കും അനായാസം പ്രവേശിക്കാമെന്നായി. ഭൂമിശാസ്ത്രപരവും ഭാഷയുടെയും സംസ്കാരത്തിന്റേതുമായ അതിർവരമ്പുകളും തകർന്നു തുടങ്ങി. ഗ്ലോബൽ വില്ലേജ് എന്ന ആശയം യഥാർത്ഥ്യമാകുന്നതു നാം കണ്ടു. ജനതകളെയും സംസ്കാരങ്ങളെയും കുറിച്ചുള്ള അറിവുകളിൽ സമൂഹങ്ങൾ ഉദ്ഗ്രഥിതമാവുകയും പരസ്പരം അറിവുകളും കാഴ്ചപ്പാടുകളും കൈമാറുകയും ചെയ്തു. അത് ഒരേ സമയം നല്ലതും മോശവുമായ പ്രത്യാഘാതങ്ങൾക്ക് കാരണമായി. സമൂഹവളർച്ചയുടെ പരിണാമത്തിൽ ചില സാംസ്കാരികാഘാതങ്ങൾ ഒരു പക്ഷേ അനിവാര്യമായിരിക്കാം. ഒരു സമതുലനം പിന്നീടുണ്ടായേക്കാം.

പേജ് നാലിൽ തുടരും ▸

# ജാഗ്രത വേണം 'ഇ-ലോകത്ത്'

**മനുഷ്യനും അവന്റെ ആസക്തികളും അവസാനം ഡേറ്റാ മാത്രമായി കണക്കാക്കപ്പെടുന്നു. ലാഭത്തിന്റെ നിയമങ്ങൾക്കിടയിൽ മനുഷ്യൻ അപ്രസക്തനാകുന്നു. വിർച്വൽ ലോകത്ത് ആത്മാവില്ല എന്ന് ഫ്രാൻസിസ് മാർപാപ്പ പറഞ്ഞത് അതുകൊണ്ടാണ്. അതിൽ യഥാർത്ഥജീവചൈതന്യം കൊണ്ടുവരിക നമ്മുടെ എല്ലാവരുടെയും ഉത്തരവാദിത്വമാണ്.**

പേജ് മൂന്നിൽ നിന്നു തുടർച്ച

കോവിഡ് മഹാമാരിയെ അതിജീവിക്കാൻ നാം ഉപയോഗിച്ചു കൊണ്ടിരിക്കുന്നത് ഡിജിറ്റൽ സാങ്കേതികവിദ്യയും നവമാധ്യമങ്ങളുമാണ്. അടച്ചിട്ട മുറികളിൽ നിന്നും നാം വിർചൽ ലോകത്തിലേയ്ക്ക് ഊളിയിടാൻ നിർബന്ധിതരായി. ഡിജിറ്റൽ ലിറ്ററസി കൂടി എന്നത് കോവിഡ് കാലത്തിന്റെ പ്രത്യേകതയാണ്. മില്ലേനിയൽസിനും മുമ്പുള്ളവരും ഡിജിറ്റൽ സാക്ഷരതയുള്ളവരായിരിക്കുന്നു. മൂന്നു മുതൽ എട്ടു മണിക്കൂർ വരെ ഇന്റർനെറ്റിൽ ചെലവഴിക്കുന്നവരുടെ എണ്ണം സാരമായി വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ ആറുമാസങ്ങളിൽ ഇന്ത്യയിൽ ഒരു വ്യക്തിയുടെ ശരാശരി ഇന്റർനെറ്റ് ഉപയോഗം 4 മുതൽ 5 വരെ മണിക്കൂറുകളാണ്. 2020 ഫെബ്രുവരി മുതൽ ഡിസംബർ വരെ OTT & Video on Demand ൽ 1,317% വളർച്ചയുണ്ടായി. വീഡിയോ ഗെയിമിങ്ങിലാവട്ടെ 1,007% ഉം. സോഷ്യൽ മീഡിയ ട്രാഫിക് 210 ശതമാനമാണ് വർദ്ധിച്ചത്. ഇന്ത്യയിൽ സോഷ്യൽ മീഡിയ ഉപയോക്താക്കളുടെ എണ്ണം 2020 ൽ നിന്ന് 2021 ലേക്കെത്തിയപ്പോൾ 21% ആണ് വർദ്ധിച്ചത്. സാമൂഹികമായ ഒരുപാടു നേട്ടങ്ങൾ ഈ കാലയളവിലുണ്ടായിട്ടുണ്ട്. Connectivity, Promotion, Noble Causes, Customer Interaction, Job opportunities എന്നിങ്ങനെ നിരവധി ഗുണങ്ങൾ സോഷ്യൽ മീഡിയയിലൂടെ ഉണ്ടായി. എന്നാൽ അവയോടൊപ്പം നൂതനമായ ചില പ്രശ്നങ്ങളും സൃഷ്ടിക്കപ്പെട്ടു.



## പ്രകടമാകുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ

പൊതുവായി മനുഷ്യനു ചില കാലിക പ്രശ്നങ്ങളുണ്ട്. മാറ്റത്തിലൂടെ കടന്നുപോകുമ്പോൾ അത് തിരിച്ചറിയാൻ കഴിയാതെ വരിക, മാറ്റങ്ങളുടെ തോതും, പ്രത്യാഘാതങ്ങളും വിലയിരുത്താൻ കഴിയാതെ വരിക, മാറ്റങ്ങളോടു പൊരുത്തപ്പെടാൻ കഴിയാതെ വരിക എന്നിവയൊക്കെ അതിൽ ചിലതാണ്. കഴിഞ്ഞ രണ്ടു വർഷങ്ങളിലെ തുടർച്ചയായ ഇന്റർനെറ്റ് ഉപയോഗവും അതിന്റെ അനന്തരഫലങ്ങളും ഇന്ന് ചർച്ചാവിഷയമാകുന്നത് മനുഷ്യന്റെ മാനസികാരോഗ്യത്തിൽ പ്രകടമാകുന്ന പ്രശ്നങ്ങൾ കാരണമാണ്. നെറ്റ്വർക്കിങ് എന്നത് വളരെ പോസിറ്റീവായ കാര്യമാണ്. പക്ഷേ ഹൈപ്പർ നെറ്റ്വർക്കിങ് അത്ര നല്ലതല്ല (ദിവസം 16 മണിക്കൂർ വരെ ഇന്റർനെറ്റിൽ ചെലവഴിക്കുന്ന ആളുകളുണ്ട്). ഇന്നത് ഗൗരവമായ സാമൂഹിക പ്രശ്നമായിരിക്കുന്നു. നെറ്റ്വർക്ക് ഡിപ്രഷൻ അതിന്റെ ഒരു സൈഡ് ഇഫക്റ്റാണ്. അത് ഡ്രഗ് അഡിക്ഷനിലേക്കും, ഉറക്കമില്ലായ്മയിലേക്കും, ആത്മഹത്യാപ്രവണതയിലേക്കും നയിക്കുന്നു. വ്യക്തികളും കുടുംബങ്ങളും സമൂഹവും ഇക്കാര്യത്തിൽ അതീവ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. കാരണം അനുദിനജീവിതത്തിലെ ജോലികളുൾപ്പെടെ ഒരുപാട് കാര്യങ്ങൾ ഇന്ന് ക്രമീകരിക്കപ്പെടുന്നത് ഇന്റർനെറ്റിന്റെ സഹായത്തോടു കൂടിയാണ്.

## വിർച്വൽ ലോകത്തിന്റെ ഭ്രമാത്മകത

സാമൂഹ്യമാധ്യമങ്ങളുടെ ഒരു പ്രത്യേകത വ്യക്തിയുടെ ആത്മാവിഷ്കാരത്തിന് സഹായിക്കുന്നു എന്നതാണ്. എല്ലാവർക്കും നിയന്ത്രിതമായ ഒരു സ്പേസ് അവിടെയുണ്ട്. അത് നെറ്റ്വർക്കിങ്ങിലേക്കും നല്ലബന്ധങ്ങളിലേക്കും ക്രിയാത്മകതയിലേക്കും ഒക്കെ നയിക്കാൻ സഹായിക്കുന്ന സംവിധാനങ്ങളാണ്. എന്നാൽ ക്രമേണ നാർസിസിസ്സത്തിലേക്ക് വഴുതി വീഴത്തക്കരീതിയിൽ സെൽഫ് ഗ്ലോറിഫിക്കേഷനെ സഹായിക്കുന്ന ടൂളുകളാണ് അതിന്റെ അടിസ്ഥാനങ്ങൾ. സെൽഫി കൾച്ചർ പോലെ വിർചൽ ലോകത്ത് നമ്മെ ഹീറോകളും ഹീറോയിനുകളുമാകാൻ സോഷ്യൽ മീഡിയ സഹായിക്കുന്നു. ലൈക്കുകളുടെയും കമന്റുകളുടെയും ഭ്രമാത്മകത നമ്മെ ഗ്രസിച്ചു കഴിഞ്ഞാൽ വിർചൽ ലോകത്തിന്റെ പ്രലോഭനങ്ങളെ അതിജീവിക്കുക ദുഷ്കരമാണ്. ആരുമവിടെ നമ്മെ നിയന്ത്രിക്കുവാനില്ല. സ്വൈര്യവിഹാരങ്ങളിൽ മനസ്സിനെ തുറന്നുവിടാനൊരു വിശാലമായ ഇടമാണത്. വിർചൽ ലോകത്തെ മനസ്സിന്റെ മൃഗീയഭാവങ്ങൾ സൈബർ ബുള്ളിയിങ് പോലെ പിന്നെ പുറത്തു ചാടുന്നു. രഹസ്യാത്മകതയും, അസത്യങ്ങളും പെരുകുന്നു. നിർമിതബുദ്ധി കൊണ്ട് വമ്പർ കോർപ്പറേറ്റുകൾ ഇവിടെ വലവിരിച്ചിട്ടുണ്ട്. കാരണം ഇന്റർനെറ്റ് തുറന്ന ഒരു ചന്തയാണ്. എല്ലാ അറിവുകൾക്കു പിന്നിൽ വ്യക്തികളെക്കുറിച്ചുള്ള വിവരങ്ങൾ ചോർത്തുന്ന 'ദുർഭൂതങ്ങളെ' നിർമിതബുദ്ധി കൊണ്ട് വമ്പൻ കമ്പനികൾ അഴിച്ചുവിടുന്നു. മനുഷ്യനും അവന്റെ ആസക്തികളും അവസാനം ഡേറ്റാ മാത്രമായി കണക്കാക്കപ്പെടുന്നു. ലാഭത്തിന്റെ നിയമങ്ങൾക്കിടയിൽ മനുഷ്യൻ അപ്രസക്തനാകുന്നു. വിർചൽ ലോകത്ത് ആത്മാവില്ല എന്ന് ഫ്രാൻസിസ് മാർപാപ്പ പറഞ്ഞത് അതുകൊണ്ടാണ്. അതിൽ യഥാർത്ഥജീവചൈതന്യം കൊണ്ടുവരിക നമ്മുടെ എല്ലാവരുടെയും ഉത്തരവാദിത്വമാണ്.

## വ്യാജ പ്രൊഫൈലുകളുടെ സൈബർ ഇടങ്ങൾ

യുവജനങ്ങൾക്ക് സോഷ്യൽ മീഡിയ ഒരു പ്രധാന ജീവിതഘടകമാണ്. ബന്ധുക്കളെക്കാളും കൂടുതൽ സുഹൃത്തുക്കളുള്ളവരാണ് ഇന്നധികവും, അതും അപരിചിതരായ സാമൂഹികമാധ്യമസുഹൃത്തുകൾ. പക്ഷേ അധികമാളുകളും സോഷ്യൽ മീഡിയയിലെ ചതിക്കുഴികളെക്കുറിച്ച് അറിയുന്നില്ല. ആളുകൾ തങ്ങളല്ലാത്ത/തങ്ങളുടേതല്ലാത്ത ഒരു ഐഡന്റിറ്റി സോഷ്യൽ മീഡിയയിലൂടെ ഉണ്ടാക്കുന്നുവെന്നാണ് മനഃശ്ശാസ്ത്രജ്ഞന്മാരുടെ പക്ഷം. ഒരു പടി കൂടി കടന്ന് സമൂഹമാധ്യമങ്ങളിൽ വ്യാജ അക്കൗണ്ടുകളിലൂടെ ഇടപെടുന്നവരുടെ എണ്ണവും ഇന്ന് വളരെ കൂടുതലാണ്. 2020 ന്റെ ആദ്യ ക്വാർട്ടറിൽ 1.7 ബില്ല്യൺ ഫെയ്ക്ക് അക്കൗണ്ടുകളാണ് ഫെയ്സ്ബുക്ക് മാറ്റിക്കളഞ്ഞത്. ഇതൊരു ചെറിയ പ്രശ്നമല്ല. അടുത്ത നാളിൽ ഇല്ലാത്ത കാമുകനു വേണ്ടി കൊല നടത്താൻ വരെ തയ്യാറായ യുവതിയെക്കുറിച്ച് നാം കേൾക്കുകയുണ്ടായി. ഫെയ്ക്ക് അക്കൗണ്ടുകളിലൂടെ ദുർബലമനസ്കരായ ആളുകളെ ലൈംഗിക താത്പര്യങ്ങൾക്കും, പണത്തിനും വേണ്ടി ചതിയിൽ വീഴ്ത്തുന്ന ക്രിമിനലുകൾ ധാരാളമുണ്ടെന്ന് നാമോർക്കണം.


സമൂഹമാധ്യമങ്ങളുടെ മറയിൽ ഇന്ന് വിവാഹേതര ബന്ധങ്ങളും സെക്സ് റാക്കറ്റുകളും സജീവമായിക്കൊണ്ടിരിക്കുന്നു. സ്നേഹത്തിനും പരിഗണനയ്ക്കും വേണ്ടി ദാഹിക്കുന്ന മനുഷ്യർ വളരെ പെട്ടെന്ന് വഞ്ചനയ്ക്കിരയാകുന്നു. സെക്സ്റ്റിങ്ങിനും (Sexting), പോർണോഗ്രഫിക്കും (Pornography) അടിമകളായിത്തീരുന്ന ആളുകളുടെ എണ്ണം, പ്രത്യേകിച്ച് യുവജനങ്ങളുടെ എണ്ണം പെരുകുകയാണ്.

യുവജനങ്ങൾ നേരിടുന്ന ചെറുതല്ലാത്ത മറ്റൊരു പ്രശ്നമാണ് Textpectation. ഒരു മെസേജ് അയച്ചു കഴിഞ്ഞ് മറുപടിക്കായി കാത്തിരിക്കുമ്പോഴുാകുന്ന ആകാംക്ഷയും സ്വഭാവരീതിയിലുണ്ടാകുന്ന പ്രശ്നങ്ങളുമാണതിന്റെ പ്രത്യേകത. ചിലരാവട്ടെ ശരീരത്തിന്റെ ഭാഗം പോലെ തന്നെ മൊബൈൽ ഫോണുകൾ കൊണ്ടു നടക്കാറുണ്ട്. ഒരു നോട്ടിഫിക്കേഷൻ വന്നാൽ പിന്നെ മൊബൈലെടുത്തു നോക്കാതിരിക്കാനാവുന്നില്ല. ഭക്ഷണം കഴിക്കുമ്പോൾ പോലും മൊബൈൽ ഫോൺ താഴെ വെയ്ക്കാൻ കഴിയാതെ വരുന്നുണ്ടെങ്കിൽ അത് ഒരു മാനസിക പ്രശ്നം തന്നെയാണെന്ന് തിരിച്ചറിയുക.

## ജാഗ്രതയും തിരുത്തലുകളും അനിവാര്യം


സമൂഹമാധ്യമങ്ങളില്ലാതെ ജീവിക്കാൻ കഴിയില്ല എന്ന അവസ്ഥയിലേയ്ക്ക് പോകാതെ കുട്ടികളും യുവജനങ്ങളും ശ്രദ്ധിക്കേണ്ടതുണ്ട്. വീഡിയോ ഗെയിമുകളുടെ അടിമകളായിരിക്കുന്ന കുട്ടികളെക്കുറിച്ചും ഇപ്പോൾ നാം ധാരാളമായി കേൾക്കുന്നുണ്ട്. ഡ്രഗ് പോലെ തന്നെ ഡിജിറ്റൽ മീഡിയയുമായി ബന്ധപ്പെട്ട് എന്തും നമ്മെ അടിമത്തത്തിലാക്കാം. നമ്മൾ പോലുമറിയാതെ നമ്മുടെ മാനസികനില തകരാം. ഇതിനെതിരെ ജാഗ്രതയും കൂട്ടായ തിരുത്തലുകളും ഓർമപ്പെടുത്തലുകളും ആവശ്യമാണ്.

ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണ



സെലിൻ കാഞ്ഞിരത്താംകുന്നേൽ
കണ്ണോത്ത്

ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണ



അന്നക്കുട്ടി കുര്യാക്കോസ്
മൈക്കാവ്

# ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ കുറഞ്ഞ പലിശയ്ക്ക് സ്വയം തൊഴിൽ വായ്പകൾ



ജോൺ ജോൺ പാറയ്ക്ക
ജനറൽ മാനേജർ, KSMDFC

**സ്വയംതൊഴിലിനും സംരംഭകത്വ വികസനത്തിനുമായി കേന്ദ്ര–സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനുകൾ വഴി വായ്പകൾ ലഭിക്കും. കർഷകർക്കു മുതൽ ഡോക്ടർമാർക്കും എൻജിനീയർമാർക്കും വരെ വിവിധ പദ്ധതികൾക്കായി വായ്പ അനുവദിക്കും. പുതിയ സംരംഭങ്ങൾ തുടങ്ങാനും നിലവിലുള്ളവ മെച്ചപ്പെടുത്താനും വായ്പകൾ വിനിയോഗിക്കാം.**

ന്യൂനപക്ഷ വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരിൽ സംരംഭകത്വം പ്രോത്സാഹിക്കുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനുമായി അഞ്ചു തരം വായ്പകൾ സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന നൽകുന്നുണ്ട്. ഇതിൽ സ്വയം തൊഴിൽ പദ്ധതി ക്രെഡിറ്റ് ലൈൻ 1, ക്രെഡിറ്റ് ലൈൻ 2 എന്നീ വായ്പാ പദ്ധതികൾ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വഴിയാണ് നടപ്പിലാക്കുന്നത്. സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ സ്വയം തൊഴിൽ വായ്പ, പ്രവാസി വായ്പ, ബിസിനസ് ഡെവലപ്മെന്റ് ലോൺ എന്നിങ്ങനെ മൂന്ന് വായ്പകൾ നൽകുന്നുണ്ട്.

വായ്പയ്ക്കായി സമർപ്പിക്കുന്ന പദ്ധതിയുടെ 95 ശതമാനമോ ആവശ്യപ്പെടുന്ന തുകയോ ഏതാണോ കുറവ് അത്രയും തുകയാണ് മേൽപ്പറഞ്ഞ പദ്ധതികളിലൂടെ വായ്പയായി അനുവദിക്കുക. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ പദ്ധതികളുടെ മൊറോട്ടോറിയം ആറുമാസവും സംസ്ഥാനത്തിന്റേത് മൂന്ന് മാസവുമാണ്. തുടർന്ന് തിരിച്ചടവ് തുടങ്ങണം. വായ്പ സംബന്ധിച്ച അപേക്ഷകൾ കോർപ്പറേഷൻ സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത് പ്രിൻറ് എടുത്തു നേരിട്ടോ തപാലിലോ നൽകണം. ഈ പദ്ധതികളെ കൂടുതൽ പരിചയപ്പെടാം.

## സ്വയം തൊഴിൽ വായ്പ

- കുടുംബത്തിന്റെ വാർഷിക വരുമാനം 15 ലക്ഷം രൂപയിൽ കുറവായിരിക്കണം. 20 ലക്ഷം രൂപ വരെ വായ്പ അനുവദിക്കും. എട്ടു ശതമാനമാണ് വാർഷിക പലിശ നിരക്ക്. 84 മാസമാണ് തിരിച്ചടവ് കാലാവധി. 18 വയസു മുതൽ 58 വയസുവരെയുള്ളവർക്ക് അപേക്ഷിക്കാം.

## പ്രവാസി ലോൺ

- കുടുംബത്തിന്റെ വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ കൂടാൻ പാടില്ല. പത്തുലക്ഷം രൂപ വരെയാണ് പരമാവധി വായ്പയായി അനുവദിക്കുക. വാർഷിക പലിശ 5 ശതമാനം. തിരിച്ചടവ് കാലാവധി 84 മാസം. 18 വയസു മുതൽ 58 വയസുവരെയുള്ളവർക്ക് അപേക്ഷിക്കാം.

വിദേശരാജ്യങ്ങളിൽ നിന്ന് തിരിച്ചെത്തി കേരളത്തിൽ സ്വയം തൊഴിൽ കണ്ടെത്താനായി നൽകുന്ന വായ്പയാണിത്. വിദേശത്തു നിന്ന് തിരിച്ചെത്തി ഒരു വർഷത്തിനുള്ളിൽ ലോണിന് അപേക്ഷിക്കണം.

## ബിസിനസ് ഡെവലപ്മെന്റ് ലോൺ

- നിലവിലെ സംരംഭം കൂടുതൽ മെച്ചപ്പെടുത്താൻ KSMDFC യിൽ നിന്ന് ലോൺ ലഭിക്കും. വാർഷിക വരുമാനം 15 ലക്ഷം രൂപയിൽ താഴെയുള്ളവർക്കാണ് ബിസിനസ് ഡെവലപ്മെന്റ് ലോൺ ലഭിക്കുക. 5 ലക്ഷം രൂപ വരെ ലോൺ ലഭിക്കും. 8 ശതമാനമാണ് വാർഷിക പലിശ നിരക്ക്. 60 മാസം വരെ തിരിച്ചടവ് കാലാവധിയുണ്ട്. 18 മുതൽ 55 വയസുവരെയുള്ളവർക്ക് അപേക്ഷിക്കാം.

## സ്വയം തൊഴിൽ പദ്ധതി ക്രെഡിറ്റ് ലൈൻ 1

- കുടുംബത്തിന്റെ വാർഷിക വരുമാനം ഗ്രാമപ്രദേശങ്ങളിൽ 98,000 രൂപയിലും നഗരപ്രദേശങ്ങളിൽ 1,20,000 രൂപയിലും കുറവായിരിക്കണം. പരമാവധി 20 ലക്ഷം രൂപ വരെ ലോൺ അനുവദിക്കും. ആറു ശതമാനമാണ് വാർഷിക പലിശനിരക്ക്. 60 മാസമാണ് തിരിച്ചടവ് കാലാവധി. 18 വയസു മുതൽ 56 വയസുവരെയുള്ളവർക്ക് അപേക്ഷിക്കാം.

## സ്വയം തൊഴിൽ പദ്ധതി ക്രെഡിറ്റ് ലൈൻ 2

- കുടുംബത്തിന്റെ വാർഷിക വരുമാനം ആറു ലക്ഷം രൂപയിൽ കൂടാൻ പാടില്ല. 30 ലക്ഷം രൂപ വരെ ലോൺ ലഭിക്കും. സ്ത്രീകൾക്ക് ആറു ശതമാനവും പുരുഷന്മാർക്ക് എട്ടു ശതമാനവുമാണ് പലിശ നിരക്ക്. 60 മാസമാണ് തിരിച്ചടവ് കാലാവധി. 18 വയസു മുതൽ 56 വയസുവരെയുള്ളവർക്ക് അപേക്ഷിക്കാം.

## എങ്ങനെ അപേക്ഷിക്കണം?

സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ വെബ്സൈറ്റിൽ നിന്നും അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്ത് വേണം ലോണിന് അപേക്ഷിക്കാൻ. (ഇതോടൊപ്പം നൽകിയിരിക്കുന്ന ക്യൂആർ കോഡ് സ്കാൻ ചെയ്ത് അപേക്ഷാ ഫോം ഡൗൺ ലോഡ് ചെയ്യാവുന്നതാണ്.) പൂരിപ്പിച്ച അപേക്ഷ കോർപ്പറേഷന്റെ പ്രാദേശിക ഓഫീസിലേക്ക് തപാലിൽ അയയ്ക്കാം. നേരിട്ട് എത്തിക്കുകയും ചെയ്യാം. അപേക്ഷ പരിശോധിച്ച ശേഷം കൂടിക്കാഴ്ച്ചയ്ക്കായി ക്ഷണിക്കും.

വിവരങ്ങൾക്ക് ഫോൺ: 0495 2368366 വെബ്: www.ksmdfc.org

## ആർക്കെല്ലാം അപേക്ഷിക്കാം? എന്തിനെല്ലാം അപേക്ഷിക്കാം?

**• കൃഷി, മൃഗപരിപാലനം**

കൃഷിക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും വായ്പ ലഭിക്കും. കാർഷികോൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്കും മാർക്കറ്റിങ്ങിനുമായി വാഹനങ്ങൾ വാങ്ങാനും കോഴി വളർത്തൽ, പശു വളർത്തൽ, തേനീച്ച വളർത്തൽ എന്നിങ്ങനെയുള്ള മൃഗപരിപാലന പ്രവർത്തനങ്ങൾക്കും വായ്പ അനുവദിക്കും. മത്സ്യബന്ധന അനുബന്ധ ഉപകരണങ്ങൾ വാങ്ങാനും ഈ വായ്പകൾ ഉപയോഗപ്പെടുത്താം.

**• പരമ്പരാഗത വ്യവസായങ്ങൾ**

ബാർബർ, തയ്യൽ, ആശാരി, കൽപ്പണി, മൺപാത്ര നിർമ്മാണം, സ്വർണപ്പണി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ തുടങ്ങുന്നതിനോ വികസിപ്പിക്കുന്നതിനോ വായ്പ അനുവദിക്കും. കൂടാതെ കുടിൽ വ്യവസായങ്ങൾക്കും ലോൺ ലഭിക്കും.

**• സാങ്കേതിക സംരംഭങ്ങൾ**

ഇലക്ട്രീഷ്യൻ, പ്ലംബർ, ടിവി/ റേഡിയോ റിപ്പയർ, മോട്ടോർ മെക്കാനിക്ക്, മൊബൈൽ റിപ്പയർ, റെഫ്രിജറേറ്റർ മെക്കാനിക്ക്, ടയർ പഞ്ചർ റിപ്പയർ തുടങ്ങിയ സാങ്കേതിക സംരംഭങ്ങൾക്ക് വായ്പ ലഭിക്കും.

**• ചെറുകിട സ്ഥാപനങ്ങൾ**

ചായക്കട, സ്റ്റേഷനറി കടകൾ, ബുക് സ്റ്റാൾ, ഫോട്ടോസ്റ്റാറ്റ് കടകൾ, ഡിറ്റിപി സെന്ററുകൾ തുടങ്ങിയവയ്ക്കും വായ്പകൾ ലഭിക്കും.

**• വാഹനങ്ങൾ**

ഓട്ടോറിക്ഷ, ടാക്സി കാറുകൾ തുടങ്ങിയ ട്രാൻസ്പോർട്ട് സർവീസുകൾക്കായി വാഹനങ്ങൾ വാങ്ങുന്നതിന് വായ്പകൾ നൽകുന്നുണ്ട്. കൊമേഴ്സ്യൽ വാഹനങ്ങൾ വാങ്ങുന്നതിന് ഓൺ റോഡ് വിലയുടെ 90% വായ്പ അനുവദിക്കും. മറ്റു വാഹന വായ്പകളുടേതുപോലെ തന്നെ വായ്പാ തിരിച്ചടവ് തീരുന്നതു വരെ KSMDFC യുടെ പേരിലായിരിക്കും (Hypothecation) വാഹനം.

**• പ്രൊഫഷണൽസ്**

ഡോക്ടർ, എൻജിനീയർ, വക്കീൽ, ആർക്കിടെക്റ്റ്, ചാർട്ടേഡ് അക്കൗണ്ടന്റ് തുടങ്ങിയ പ്രൊഫഷണലുകൾക്കും സംരംഭങ്ങൾ തുടങ്ങുവാൻ വായ്പകൾ ലഭിക്കും.



# ജീവന് വില നൽകാതെ 'സാറ'

**എന്തിനുമേതിനും വേണ്ടി വലിച്ചെറിയാനും നശിപ്പിക്കാനും മാത്രം മൂല്യമില്ലാത്തതാണ് ഒരു ഗർഭസ്ഥശിശുവിന്റെ ജീവനെന്ന പ്രതിലോമകരമായ ആശയം സമൂഹത്തിൽ വളർത്താൻ സാറാസ് കാരണമാകും എന്നതുകൊണ്ടുതന്നെ ഈ സിനിമ മുന്നോട്ടു വയ്ക്കുന്ന നിലപാടുകൾ വിമർശിക്കപ്പെടേണ്ടതും എതിർക്കപ്പെടേണ്ടതുമാണ്.**

റവ. ഡോ. രഞ്ജിത് ചക്കുംമൂട്ടിൽ
(ഡയറക്ടർ, പിഎംഒസി)

കഴിഞ്ഞ ഒരു മാസത്തിലധികമായി, പ്രത്യേകിച്ച് സാമൂഹ്യമാധ്യമങ്ങളിൽ ചൂടേറിയ ചർച്ചകൾക്ക് വിഷയമാണ് ജൂഡ് ആന്റണി സംവിധാനം ചെയ്ത സാറാസ് എന്ന സിനിമ. സിനിമ ഒരു കലാരൂപം എന്നതിനെക്കാളപ്പുറത്ത്, ഈ സിനിമ മുന്നോട്ടുവച്ച ആശയങ്ങളുടെയും നിലപാടുകളുടെയും പേരിലാണ് കൂടുതൽ ചർച്ച ചെയ്യപ്പെട്ടത്. സാറാസ് എന്ന സിനിമ ചർച്ച ചെയ്യുന്ന ചില ആശയങ്ങളെ ക്രിസ്തീയ ധാർമ്മികതയുടെ വെളിച്ചത്തിൽ വിലയിരുത്തുകയാണ് ഈ ലേഖനത്തിലൂടെ.

## സാറയുടെ നിലപാടുകൾ

സാറാ എന്നു പേരുള്ള ഒരു യുവതിയുടെ കഥയാണ് സാറാസ്. സാറായുടെ കൗമാര പ്രായം മുതലാണ് സിനിമ തുടങ്ങുന്നത്. കൗമാര കാലം മുതലേ ജീവിതത്തെ പറ്റി വ്യക്തവും വ്യത്യസ്തവുമായ കാഴ്ചപ്പാടുള്ളവളായാണ് സാറായെ സിനിമ അവതരിപ്പിക്കുന്നത്.

ഒരു സിനിമ സംവിധായക ആവുക എന്നതാണ് സാറായുടെ ജീവിതാഭിലാഷം. ഇതിനിടയിൽ കണ്ടുമുട്ടുന്ന ജീവൻ എന്ന ചെറുപ്പക്കാരനുമായി അവൾ ഇഷ്ടത്തിലാവുകയും. തന്റെ വീക്ഷണങ്ങളോട് ഏതാണ്ടൊക്കെ ചേർന്നു പോകുന്നവനാണ് ജീവൻ എന്നു മനസിലാക്കുകയും അയാളെ വിവാഹം ചെയ്യുകയുമാണ് സാറ.

ജീവനുമായി വിവാഹജീവിതം ആരംഭിച്ച സാറാ അപ്രതീക്ഷിതമായി ഗർഭിണിയാകുകയാണ് അതിനിടയിൽ തന്റെ സ്വപ്ന സാക്ഷാത്കാരമായി ആദ്യ സിനിമാ സംവിധാനത്തിന് അവസരമൊരുങ്ങുകയാണ്. കുടുംബാംഗങ്ങളുടെ, ഒരു പക്ഷേ ഭർത്താവിന്റെ പോലും ഇഷ്ടത്തിന് വിരുദ്ധമായി തന്റെ കുഞ്ഞിനെ ഗർഭച്ഛിദ്രം ചെയ്യാൻ തീരുമാനിക്കുകയാണ് സാറാ. ഇവിടെ സാറായുടെ തീരുമാനത്തെ ന്യായീകരിക്കാൻ സിനിമ പലകാരണങ്ങളും പറയാൻ ശ്രമിക്കുന്നുണ്ട്.

ഒന്നാമതായി കുഞ്ഞുങ്ങളെ ജനിപ്പിക്കാനോ വളർത്താനോ ചെറുപ്പം മുതൽ തന്നെ താൽപര്യമില്ലാത്തവളാണ് സാറ. കുഞ്ഞുങ്ങളെ നോക്കി പരിപാലിക്കുവാനുള്ള കഴിവ് അവൾക്ക് കുറവാണ്. രണ്ടാമതായി തങ്ങൾക്ക് കുഞ്ഞുങ്ങൾ വേണ്ടായെന്ന് വിവാഹത്തിന് മുമ്പേതന്നെ ഭാര്യാഭർത്താക്കന്മാർ ഒരുമിച്ച് തീരുമാനിച്ചിരുന്നതാണ്. മൂന്നാമതായി വേണ്ടത്ര പ്രതിരോധ മാർഗ്ഗങ്ങൾ അവർ സ്വീകരിച്ചിരുന്നുവെങ്കിലും അവ പരാജയപ്പെട്ടു. നാലാമതായി സാറായ്ക്കു മുന്നിൽ തുറന്നുകിട്ടിയ സിനിമാ സംവിധായികയാകാനുള്ള അസുലഭ അവസരം. അതുവഴി തന്റെ തൊഴിൽ ജീവിതം വളർത്താനുള്ള അവസരം അവൾക്ക് എത്രയുംപെട്ടെന്ന് പ്രയോജനപ്പെടുത്തേണ്ടതുമുണ്ട്. ഗർഭധാരണവുമായി മുന്നോട്ടുപോയാൽ ഒരുപക്ഷേ അവൾക്ക് ഈ അവസരവും മുന്നോട്ടുള്ള അവസരങ്ങളും നഷ്ടപ്പെട്ടേക്കാം. ഈ കാരണങ്ങളൊക്കെ കണക്കിലെടുത്താണ് സാറ ഗർഭച്ഛിദ്രം നടത്താൻ തീരുമാനിക്കുന്നത്. ഒരു പക്ഷേ നല്ലൊരു ശതമാനം പ്രേക്ഷകരും അവളുടെ തീരുമാനത്തെ പിന്തുണയ്ക്കുന്നത് ഇക്കാരണങ്ങൾ കൊണ്ടാണ്.



**ഓരോ മനുഷ്യ ജീവനും ജീവന്റെ ആരംഭം മുതൽ സ്വാഭാവികമായ അന്ത്യം വരെ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. അമ്മയുടെ ഉദരത്തിൽ ഒരു ഭ്രൂണമായി രൂപപ്പെടുന്നതു മുതൽ അതിന് പുതിയൊരു ജീവൻ എന്ന എല്ലാവിധ അവകാശങ്ങളുമുണ്ട്**

ഏതായാലും തന്റെ തീരുമാനവുമായി മുന്നോട്ടുപോകാനും അതുവഴി തന്റെ സംവിധാന സംരംഭത്തിന് നാന്ദികുറിക്കാനും ശ്രമിക്കുന്ന സാറ അതിൽ വിജയിച്ച് പുഞ്ചിരിയോടെ വിജയശ്രീലാളിതയായി പുറത്തിറങ്ങുന്നിടത്താണ് സിനിമ അവസാനിക്കുന്നത്. പക്ഷേ ഈ സിനിമ അവശേഷിപ്പിച്ച 'സാറയുടെ തീരുമാനം ശരിയായിരുന്നോ' എന്ന ചോദ്യം പ്രസക്തമായി അവിടെ നിൽക്കുന്നു.

## MTP ആക്റ്റ്

ആഗ്രഹിക്കാതെയും ഗർഭനിരോധനോപാധികളുടെ പരാജയത്താലും ഗർഭവതിയായ സാറയ്ക്ക് ഗർഭച്ഛിദ്രം നടത്താൻ തുണയാകുന്നത് മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി ആക്റ്റ് എന്ന നിയമമാണ്. സാറ സന്ദർശിക്കുന്ന ഡോക്ടർ നിയമത്തിലെ ഈ സാധ്യതയെപ്പറ്റി സാറയ്ക്ക് പറഞ്ഞു കൊടുക്കുന്നുണ്ട്. 1971 ൽ ഭാരതത്തിൽ ഇത് നിലവിൽ വരുമ്പോൾ 20 ആഴ്ച്ചകൾ വരെയുള്ള ഗർഭത്തെ നിയമപരമായി നശിപ്പിക്കാൻ ഈ നിയമം സാധ്യതനൽകുന്നു. പ്രധാനമായും നാലു കാരണങ്ങൾ ഉള്ളപ്പോഴാണ് ഈ സാധ്യത ഒരു വ്യക്തിക്ക് ഉപയോഗപ്പെടുത്താവു എന്നാണ് നിയമം അനുശാസിക്കുന്നത്. ഒന്നാമതായി ഗർഭവതിയായ സ്ത്രീയുടെ മാനസികമോ ശാരീരികമോ ആയ ആരോഗ്യത്തിന് ഗർഭധാരണം തടസമാകുമ്പോൾ. രണ്ടാമതായി ശാരീരികമോ മാനസികമോ ആയ പ്രശ്നങ്ങൾ കാരണം കുട്ടി ജനിക്കുമ്പോൾ ഗുരുതരമായ വൈകല്യങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളപ്പോൾ. മൂന്നാമതായി ബലാത്സംഗം മൂലം ഗർഭധാരണം ഉണ്ടാകുമ്പോൾ. നാലാമതായി വിവാഹിതയായ ഒരു സ്ത്രീ അല്ലെങ്കിൽ അവളുടെ ഭർത്താവ് ഉപയോഗിക്കുന്ന ഗർഭനിരോധന മാർഗ്ഗങ്ങളുടെ പരാജയം മൂലം ഗർഭധാരണം സംഭവിക്കുമ്പോൾ.

2021 മാർച്ച് മാസം 25ാം തിയതി ഈ നിയമത്തിന് വരുത്തിയ ഒരു ഭേദഗതി പ്രകാരം 24 ആഴ്ച്ചകൾ വരെയുള്ള ഗർഭധാരണത്തെ ഇപ്രകാരം നശിപ്പിക്കാൻ നിയമം അനുവദിക്കും. ഇന്ത്യൻ നിയമത്തിലെ ഈ വകുപ്പു നൽകുന്ന നിയമസാധ്യതയാണ് സിനിമയിലെ സാറ പ്രയോജനപ്പെടുത്തിയത്.

'It is better not to be a parent than to be a bad one' എന്ന ആശയത്തിലൂന്നി പ്രവർത്തിക്കുന്ന ഡോക്ടർ സാറയെ ഇതു ചെയ്യാൻ പ്രേരിപ്പിക്കുന്നുമുണ്ട്.

## സാറ ഉയർത്തുന്ന ചോദ്യങ്ങൾ

സാറാസ് കണ്ടിറങ്ങിയ ആളുകളിൽ വലിയൊരു വിഭാഗത്തെ സംബന്ധിച്ചിടത്തോളം സാറായുടെ തീരുമാനത്തെ ന്യായീകരിക്കാൻ ഇക്കാരണങ്ങൾ ധാരാളമായിരുന്നു. അവളുടെ തീരുമാനത്തിനാകട്ടെ നിയമത്തിന്റെ പരിരക്ഷയുമുണ്ട്. എന്നാൽ ക്രൈസ്തവ ധാർമികതയുടെ പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ സാറായ്ക്ക് തന്റെ ഉദരത്തിൽ വളർന്നു തുടങ്ങിയ കുഞ്ഞിനെ നശിപ്പിക്കാൻ ഇക്കാരണങ്ങൾ ആനുപാതികമായി പര്യാപ്തമായിരുന്നോ എന്ന ചോദ്യം പ്രസക്തമാണ്. ഇവിടെ സാറയെടുക്കുന്നത് തികച്ചും വ്യക്തിപരമായ തീരുമാനമാണ്. സാറയെടുക്കുന്ന തീരുമാനത്തിന് രണ്ട് ഫലങ്ങൾ ഉണ്ട്. ഒന്നാമതായി, സാറായുടെ ഉദരത്തിൽ വളരുന്ന ഒരു കുഞ്ഞ് നശിപ്പിക്കപ്പെടുന്നു. രണ്ടാമതായി സാറായ്ക്ക് തന്റെ ആഗ്രഹമനുസരിച്ച് ജീവിക്കാൻ സാധിക്കുന്നു. അവൾക്ക് ഇഷ്ടമില്ലാത്തത് തുടരുന്നതിൽ നിന്ന് അവൾ മോചിതയാകുന്നു. അവൾ തന്റെ തൊഴിൽ ജീവിതത്തിൽ വിജയിയാകുന്നു.

ഒരേ സമയം രണ്ടുഫലങ്ങളുള്ള ഈ പ്രവൃത്തി ധാർമികമായി ശരിയോ തെറ്റോ എന്ന് തീരുമാനിക്കപ്പെടേണ്ടത് ഈ രണ്ടു ഫലങ്ങളെ തമ്മിൽ താരതമ്യം ചെയ്തുകൊണ്ടാണ്. അതായത് ഒരേ സമയം രണ്ടു ഫലങ്ങളുള്ള ഒരു പ്രവൃത്തി ധാർമ്മികമായി ശരി ആകുന്നത് ബലികഴിക്കപ്പെട്ട മൂല്യത്തേക്കാൾ നേടിയെടുക്കുന്ന മൂല്യത്തിന് വിലയുണ്ടാകുമ്പോഴാണ്. ഇവിടെ തുലാസിന്റെ ഒരു തട്ടിലുള്ളത് ബലികഴിക്കപ്പെട്ട കുഞ്ഞിന്റെ ജീവനാണ്. മറ്റേ തട്ടിലുള്ളത് നേടിയെടുക്കപ്പെട്ട മൂല്യമായ സാറയുടെ തൊഴിൽ ജീവിതവും. അഭിലാഷങ്ങളും സ്വപ്നങ്ങളുമാണ് ഇവ രണ്ടും തൂക്കിനോക്കുമ്പോൾ തീർച്ചയായും കൂടുതൽ മൂല്യമെന്നത് ഒരു കുഞ്ഞിന്റെ ജീവൻ തന്നെയാണ്.

**മനുഷ്യ ജീവൻ എന്നത് ഏറ്റവും അടിസ്ഥാനപരമായ ഒരു മൂല്യമാണ്. ഏതു സാഹചര്യത്തിലും ജീവനുവേണ്ടി നിലകൊള്ളുക എന്നതാണ് സഭയുടെ എക്കാലത്തെയും നിലപാട്**

ഇവിടെ സാറാക്കു മുന്നിലുണ്ടായിരുന്ന തിരഞ്ഞെടുപ്പ് ഒരു ബുദ്ധിമുട്ടനുഭവിക്കണോ ഒരു ജീവൻ നശിപ്പിക്കണോ എന്നതായിരുന്നു. തീർച്ചയായും സാറായുടെ തീരുമാനം തെറ്റാകുന്നത്, സാറ ജീവിതത്തിലെ ലൗകികമായ ചില താൽപര്യങ്ങൾക്കുവേണ്ടി അതിനേക്കാൾ എത്രയോ മൂല്യമുള്ള ഒരു ജീവനെ ബലികൊടുത്തു എന്നതുകൊണ്ടാണ്. തീർച്ചയായും സാറായുടെ ജീവിതത്തെയും വ്യക്തിപരമായ ഇഷ്ടങ്ങളെയും സ്വാതന്ത്ര്യത്തെയും വിലകുറച്ചു കാണുകയല്ല, മറിച്ച് ഇവയൊക്കെയും ജീവന്റെ മൂല്യവുമായി തട്ടിച്ചു നോക്കുമ്പോൾ തുലോം ചെറുതാണെന്ന് വ്യക്തമാക്കുകയാണ് ചെയ്യുന്നത്. സാറായുടെ തീരുമാനം ശരിവയ്ക്കുന്ന ആളുകൾ ചോദിക്കുന്ന മറ്റൊരു ചോദ്യം നിയമം ഇത് അനുവദിക്കുന്നുണ്ട്. പിന്നെ എതിർക്കാൻ നിങ്ങൾക്കെന്തവകാശം? എന്നാണ്. അങ്ങനെ ചോദിക്കുന്നവർ ചിന്തിക്കേണ്ട ഒരു വസ്തുതയുണ്ട്. നിയമം നൽകുന്നത് ഒരു സാധ്യതയാണ്. അതുപയോഗപ്പെടുത്തണോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത് ഓരോ വ്യക്തിയുടെയും ധാർമിക നിലവാരമാണ്. നിയമസാധുതയെന്നത് എപ്പോഴും ധാർമ്മികമായി ശരിയായിക്കൊള്ളണമെന്നില്ല എന്നും നാം ഓർക്കണം.

## ജീവന്റെ മൂല്യം

മനുഷ്യ ജീവൻ എന്നത് ഏറ്റവും അടിസ്ഥാനപരമായ ഒരു മൂല്യമാണ്. സഭയുടെ എക്കാലത്തെയും നിലപാട് ജീവനുവേണ്ടി എപ്പോഴും നിലകൊള്ളുക എന്നതാണ്. കാരണം ഓരോ മനുഷ്യജീവനും ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെടുന്ന വ്യക്തികളാണ്. അതുകൊണ്ടു തന്നെ ഓരോ മനുഷ്യ ജീവനും ജീവന്റെ ആരംഭം മുതൽ സ്വാഭാവികമായ അന്ത്യം വരെ സംരക്ഷിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും മൂല്യമുള്ളതായി കണക്കാക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്. അമ്മയുടെ ഉദരത്തിൽ ഒരു ഭ്രൂണമായി രൂപപ്പെടുന്നതുമുതൽ അതിന് പുതിയൊരു ജീവൻ എന്ന എല്ലാവിധ അവകാശങ്ങളുമുണ്ട്. ഒരു ഭ്രൂണത്തിന്റെ ആരംഭംമുതലുള്ള അതിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങളെ പഠിക്കുന്നവർക്ക് ആ കുഞ്ഞിന്റെ ശാരീരിക പ്രവർത്തനങ്ങൾ ആരംഭനിമിഷങ്ങൾ മുതലേ സജ്ജമാകുന്നു എന്നു മനസിലാക്കാൻ സാധിക്കും.

"സാറാസ് ഒരു സിനിമയല്ലേ? സാറായുടെ നിലപാടുകളെ ഇത്രയൊക്കെ ചർച്ച ചെയ്യേണ്ടതുണ്ടോ?" എന്നൊക്കെ ചോദിക്കുന്നവരുണ്ട്. സിനിമയെന്നത് ജനമനസുകളെ വളരെയധികം സ്വാധീനിക്കുന്ന ഒരു മാധ്യമം തന്നെയാണ്. അതുകൊണ്ടു തന്നെ സമൂഹത്തിന്റെ മനസാക്ഷി രൂപീകരണത്തിൽ സിനിമകളിലൂടെ മുന്നോട്ടു വയ്ക്കപ്പെടുന്ന ആശയങ്ങൾക്ക് വലിയ സ്വാധീനമുണ്ട്. എന്തിനുമേതിനും വേണ്ടി വലിച്ചെറിയാനും നശിപ്പിക്കാനും മാത്രം മൂല്യമില്ലാത്തതാണ് ഒരു ഗർഭസ്ഥ ശിശുവിന്റെ ജീവനെന്ന പ്രതിലോമകരമായ ആശയം സമൂഹത്തിൽ വളർത്താൻ സാറാസ് കാരണമാകും എന്നതുകൊണ്ടു തന്നെ സാറാസ് മുന്നോട്ടു വയ്ക്കുന്ന ഈ നിലപാടുകൾ വിമർശിക്കപ്പെടേണ്ടതും എതിർക്കപ്പെടേണ്ടതുമാണ്.

# മിടുക്കരെ കാത്ത് സ്കോളർഷിപ്പുകൾ

**പഠനത്തിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിരവധി സ്കോളർഷിപ്പുകൾ നൽകുന്നു. ബിരുദ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്ന പ്രധാന സ്കോളർഷിപ്പുകൾ പരിചയപ്പെടാം.**



പ്രഫ. ചാർലി കട്ടക്കയം

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിദ്യാഭ്യാസ മേഖലയ്ക്ക് കൂടുതൽ പരിഗണന നൽകിവരുന്നു. അതുകൊണ്ടുതന്നെ ഫീസിനത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് നൽകുന്ന കുറവിന് പുറമെ പഠനത്തിൽ മിടുക്കരായിട്ടുള്ളവർക്ക് നിരവധി സ്കോളർഷിപ്പുകളും നൽകുന്നു. ഇത്തരം സ്കോളർഷിപ്പുകൾ പഠനത്തിനൊരു സാമ്പത്തിക സഹായവും ഒപ്പം ഒരു അംഗീകാരവും കൂടിയാണ്.

എല്ലാ സ്കോളർഷിപ്പുകൾക്കും ഓൺലൈനായാണ് അപേക്ഷ നൽകേണ്ടത്. കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് വഴിയാണ് പ്രധാന സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നത്. ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റായ www.dce-scholarship.kerala.gov.in വഴിയാണ് അപേക്ഷ നൽകേണ്ടതും കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതും. ആഗസ്റ്റ് – സെപ്റ്റംബർ മാസങ്ങളിലാണ് അപേക്ഷകൾ ക്ഷണിക്കുന്നത്. കോവിഡ് സാഹചര്യത്തിൽ ഡിഗ്രി അഡ്മിഷൻ വൈകുന്നതിനാൽ ഈ വർഷത്തെ (2021) സ്കോളർഷിപ് അപേക്ഷയും വൈകും. ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി, പോസ്റ്റലായി അയച്ചുകൊടുക്കണം. അപേക്ഷിക്കുന്ന കുട്ടിക്ക് ബാങ്ക് അക്കൗണ്ട്, ആധാർ കാർഡ് എന്നിവ നിർബന്ധമാണ്. വരുമാന സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ് തുടങ്ങിയവയും ചില സ്കോളർഷിപ്പുകൾക്ക് ആവശ്യമാണ്.

പോസ്റ്റ് മെട്രിക്, സെൻട്രൽ സെക്ടർ, വിദ്യാസമുന്നതി എന്നീ സ്കോളർഷിപ്പുകൾ അംഗീകൃത സെൽഫ്ഫിനാൻസിങ് സ്ഥാപനത്തിൽ പഠിക്കുന്നവർക്കും ലഭിക്കും. മറ്റു സ്കോളർഷിപ്പുകൾ ഗവൺമെന്റ്/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കു മാത്രമേ ലഭിക്കൂ. ഒരാൾക്ക് ഒന്നിൽ കൂടുതൽ സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കുകയും സ്വീകരിക്കുകയും ചെയ്യാം. എന്നാൽ ഇൻസ്പെയർ, പ്രതിഭ, സെൻട്രൽ സെക്ടർ, സുവർണ്ണജൂബിലി സ്കോളർഷിപ്പുകൾ ലഭിക്കുന്നവർക്ക് ഏതെങ്കിലും ഒരു സ്കോളർഷിപ്പ് മാത്രമേ ലഭിക്കൂ. വിവിധ സ്കോളർഷിപ്പുകളെക്കുറിച്ചുള്ള വിവരങ്ങളാണ് ചുവടെ. കൂടുതൽ വിവരങ്ങൾക്കായി ഓരോന്നിനും ഒപ്പം നൽകിയിരിക്കുന്ന ക്യുആർ കോഡ് സ്കാൻ ചെയ്ത് വെബ്സൈറ്റ് സന്ദർശിക്കാം.

## ഇൻസ്പെയർ

ഡിഗ്രി തലത്തിൽ രാജ്യത്ത് ഇന്ന് നൽകിവരുന്ന ഏറ്റവും വലിയ സ്കോളർഷിപ്പാണിത്. സയൻസിൽ ബിരുദ, ബിരുദാനന്തര പഠനത്തിനായി കേന്ദ്ര ഗവണ്മെന്റാണ് സ്കോളർഷിപ്പ് നൽകുന്നത്. പ്ലസ്ടുവിന് ഏറ്റവും ഉയർന്ന മാർക്ക് ലഭിക്കുന്ന നിശ്ചിത എണ്ണം വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ്. പ്രതിവർഷം 80,000 രൂപ ലഭിക്കും. വരുമാന പരിധിയോ, മറ്റ് നിബന്ധനകളോ ഇല്ല. സയൻസ് വിഷയത്തിൽ ഏതെങ്കിലും ബിരുദ കോഴ്സിന് ചേർന്നിരിക്കണം. വിജയകരമായി പഠനം പൂർത്തിയാക്കിയാൽ തുടർന്ന് സയൻസിൽ പിജി പഠനത്തിനും സ്കോളർഷിപ്പ് ലഭിക്കും.www.inspire-dst.gov.in

## പ്രതിഭാ സ്കോളർഷിപ്പ്

പ്ലസ്ടുവിന് 90 ശതമാനത്തിന് മുകളിൽ മാർക്ക് നേടി സയൻസ് വിഷയങ്ങളിൽ ഡിഗ്രി പഠനത്തിനായി ചേരുന്നവർക്ക് കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ആന്റ് ടെക്നോളജി (KSCSTE) ഏർപ്പെടുത്തിയിരിക്കുന്ന സ്കോളർഷിപ്പാണിത്.

ഒന്നാം വർഷം 12,000 രൂപ, രണ്ടാം വർഷം 18,000 രൂപ, മൂന്നാം വർഷം 24,000 രൂപ എന്ന ക്രമത്തിൽ ലഭിക്കും. ഡിഗ്രിക്ക് ചേരുന്ന സ്ഥാപനം വഴി ഓൺലൈനായി അപേക്ഷിക്കണം. തുടർന്ന് പിജി പഠനം നടത്തുന്നവർക്ക് പിജി ഒന്നാം വർഷം 40,000 രൂപയും രണ്ടാം വർഷം 60,000 രൂപയും ലഭിക്കും. ഒരു വർഷം 100 പേർക്ക് സ്കോളർഷിപ്പ് ലഭിക്കും. www.kscste.kerala.gov.in

## സെൻട്രൽ സെക്ടർ

ഡിഗ്രി കോഴ്സുകൾക്കും പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്നവർക്കും ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാം. പ്ലസ്ടുവിന് 80 ശതമാനത്തിന് മുകളിൽ മാർക്ക് ലഭിച്ചിരിക്കണം. കുടുംബ വാർഷിക വരുമാനം ആറ് ലക്ഷത്തിൽ താഴെയായിരിക്കണം. അപേക്ഷകരിൽ നിന്നും എംഎച്ച്ആർഡി മെറിറ്റടിസ്ഥാനത്തിൽ ഓരോ വർഷവും നിശ്ചിത എണ്ണം സ്കോളർഷിപ്പ് അനുവദിക്കും. 50 ശതമാനം സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി നീക്കി വച്ചിരിക്കുന്നു. മറ്റ് സ്കോളർഷിപ്പുകൾ ലഭിക്കുന്നവർക്ക് ഈ സ്കോളർഷിപ്പ് ലഭിക്കില്ല. ഡിഗ്രിക്കാർക്ക് മാസം 1,000 രൂപയും തുടർന്ന് പിജി പഠനകാലത്ത് 2,000 രൂപയും ലഭിക്കും. ഓരോ വർഷവും 82,000 പേർക്ക് ഈ സ്കോളർഷിപ്പ് നൽകുന്നു.

## എംസിഎം

ന്യൂനപക്ഷ വിദ്യാർഥികൾക്കുള്ള കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ സ്കോളർഷിപ്പാണ് എംസിഎം (മെറിറ്റ് കം മീൻസ്). വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ താഴെയായിരിക്കണം. ഡിഗ്രി തലത്തിൽ കേരളത്തിൽ 5,000 പേർക്ക് സ്കോളർഷിപ്പ് ലഭിക്കും. കോഴ്സ് ഫീസും മറ്റ് അനുബന്ധ ചെലവുകളും ലഭിക്കും. ഓൺലൈൻ അപേക്ഷാ പ്രിന്റ് ഔട്ട് തപാലിലും അയയ്ക്കണം.

## ഹയർ എഡ്യൂക്കേഷൻ

ഡിഗ്രി ഒന്നാം വർഷം 12,000 രൂപയും രണ്ടാം വർഷം 18,000 രൂപയും മൂന്നാം വർഷം 24,000 രൂപയും ലഭിക്കുന്നു. തുടർന്ന് പിജി പഠനം നടത്തുകയാണെങ്കിൽ പിജി ഒന്നാം വർഷം 40,000 രൂപയും രണ്ടാം വർഷം 60,000 രൂപയും ലഭിക്കും. മൊത്തം സ്കോളർഷിപ്പിന്റെ 50 ശതമാനം ജനറൽ വിഭാഗത്തിനും ബാക്കി 50 ശതമാനം മറ്റ് വിഭാഗക്കാർക്കുമായി നീക്കി വച്ചിരിക്കുന്നു. ജനറൽ വിഭാഗത്തിന് വരുമാന പരിധിയില്ല.

## സി. എച്ച്. മുഹമ്മദ് കോയ & ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പുകൾ

വാർഷിക വരുമാനം ആറ് ലക്ഷം രൂപയിൽ താഴെയുള്ള ക്രിസ്ത്യൻ-മുസ്ലിം ന്യൂനപക്ഷ വിഭാഗക്കാർക്കായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നവയാണ് സി. എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പും പ്രഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പും. എയ്ഡഡ്/ സെൽഫ് ഫിനാൻസിങ് കോളജുകളിൽ ഏത് ഡിഗ്രി കോഴ്സിനും പഠിക്കുന്നവർക്ക് അപേക്ഷിക്കാം. മുണ്ടശ്ശേരി സ്കോളർഷിപ് തുക പ്രതിവർഷം 15,000 രൂപയും മുഹമ്മദ് കോയ സ്കോളർഷിപ് തുക പ്രതിവർഷം 5000 രൂപയുമാണ്.

## സ്റ്റേറ്റ് മെറിറ്റ്

പ്ലസ്ടു പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ ബിരുദ/പിജിക്കാർക്ക് നൽകുന്ന സ്കോളർഷിപ്പാണിത്. വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെ ആയിരിക്കണം. സ്കോളർഷിപ്പുകളുടെ എണ്ണവും ലഭിക്കുന്ന തുകയും പരിമിതമാണ്. എങ്കിലും സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പിന് അർഹനാണ് എന്നത് ഒരു അംഗീകാരമാണ്.

## ഡിസ്ട്രിക്ട് മെറിറ്റ്

പത്താം ക്ലാസിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിക്കുന്ന വിദ്യാർഥികൾക്ക് പ്ലസ്ടു പഠന കാലത്ത് നൽകുന്ന സ്കോളർഷിപ്പാണിത്. മറ്റ് നിബന്ധനകൾ ഒന്നും ഇല്ല.
പ്ലസ്ടു പഠന കാലത്ത് സ്കോളർഷിപ്പ് ലഭിച്ചവർക്ക് ഈ സ്കോളർഷിപ്പ് ഡിഗ്രി പഠന കാലത്ത് തുടർന്നും ലഭിക്കും. ഇതിനായി സ്കോളർഷിപ്പ് പുതുക്കണം.

## വിദ്യാ സമുന്നതി

മുന്നോക്ക വിഭാഗക്കാരിൽ വാർഷിക വരുമാനം രണ്ടു ലക്ഷം രൂപയിൽ താഴെയുള്ളവർക്ക് അപേക്ഷിക്കാം. വർഷം 5,000 രൂപ വീതം 3,500 പേർക്കാണ് ഡിഗ്രി തലത്തിൽ സ്കോളർഷിപ്പ് നൽകുന്നത്. അപേക്ഷ www.kswcfc.org വഴി ചെയ്യണം.

## ഹിന്ദി സ്കോളർഷിപ്പ്

പഠിക്കുന്ന കോഴ്സിൽ ഹിന്ദി ഒരു വിഷയമായി പഠിക്കുന്ന വിദ്യാർഥികൾക്ക് അപേക്ഷിക്കാം. മാസം 500 രൂപ ലഭിക്കും. വരുമാന പരിധിയോ, മറ്റ് നിബന്ധനകളോ ഇല്ല.

## പോസ്റ്റ് മെട്രിക്

സംസ്ഥാനത്തെ ന്യൂനപക്ഷ വിദ്യാർഥികൾക്കായുള്ള സ്കോളർഷിപ്പാണിത്. എയ്ഡഡ് സ്ഥാപനങ്ങളിലെ കുട്ടികൾക്കും അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ കുട്ടികൾക്കും അപേക്ഷിക്കാം. പ്ലസ്ടു, ഡിഗ്രി, പിജി, പിഎച്ച്ഡി തുടങ്ങി എല്ലാ കോഴ്സുകാർക്കും ഈ സ്കോളർഷിപ്പ് ലഭ്യമാണ്. കോഴ്സ് ഫീസും കൂടാതെ മാസം തോറും നിശ്ചിത തുകയും (ഡിഗ്രിക്കാർക്ക് മാസം 600 രൂപ) ലഭിക്കും.

## സുവർണ ജൂബിലി

ബിപിഎൽ വിഭാഗക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്ന സ്കോളർഷിപ്പാണിത്. ഓരോ വർഷവും 10,000 രൂപ സ്കോളർഷിപ്പായി ലഭിക്കും. ഓരോ സ്ഥാപനത്തിലും പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായിട്ടാണ് സ്കോളർഷിപ്പ് അനുവദിക്കുക. മറ്റ് സ്കോളർഷിപ്പുകൾ ലഭിക്കുന്നവർക്ക് ഈ സ്കോളർഷിപ്പ് ലഭിക്കില്ല.

## സ്നേഹപൂർവം

പിതാവോ, മാതാവോ ജീവിച്ചിരിപ്പില്ലാത്ത കുട്ടികൾക്ക് അപേക്ഷിക്കാം. ഡിഗ്രി തലത്തിൽ മാസം 1,000 രൂപ വീതം ലഭിക്കും. ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന എല്ലാ അപേക്ഷകരെയും പരിഗണിക്കും. മറ്റ് നിബന്ധനകൾ ഇല്ല. snehapoorvamonline@gmail.com വഴി അപേക്ഷിക്കണം.

## എൻസിസി സീനിയർ

പ്ലസ്ടു പഠന കാലത്ത് എൻസിസിയിൽ പ്രവർത്തിക്കുകയും 80% ഹാജരുമുള്ളവർക്കും ഡിഗ്രി പഠന കാലത്ത് 12,000 രൂപ സ്കോളർഷിപ്പായി ലഭിക്കുന്നു. ഓരോ സംസ്ഥാനത്തിനും നിശ്ചിത എണ്ണം സ്കോളർഷിപ്പുകൾ നീക്കി വച്ചിരിക്കുന്നു. പ്ലസ്ടുവിന് 65% മാർക്ക് ലഭിച്ചിരിക്കണം. മറ്റ് നിബന്ധനകൾ ഇല്ല.

## ശാരീരിക വൈകല്യമുള്ളവർക്ക്

പ്ലസ്ടു തലത്തിലും ഡിഗ്രി തലത്തിലും പഠിക്കുന്ന അന്ധ-ബധിര-വികലാംഗ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പാണിത്. സാമൂഹിക നീതി വകുപ്പാണ് സ്കോളർഷിപ്പ് നൽകുന്നത്. പഠന കാലത്ത് അടയ്ക്കേണ്ട മുഴുവൻ ഫീസും സ്കോളർഷിപ്പായി ലഭിക്കും. ഹോസ്റ്റലിലോ, ബോർഡിങ്ങിലോ ആണ് താമസമെങ്കിൽ അവിടുത്തെ ചെലവും ലഭിക്കും. മുൻ പരീക്ഷകളിൽ 40% മാർക്ക് ലഭിച്ചിരിക്കണം. അധ്യയന വർഷം ആരംഭിച്ചതിനുശേഷം 3 മാസത്തിനുള്ളിൽ അപേക്ഷ നൽകണം. ജില്ല സാമൂഹിക നീതി വകുപ്പ് ഓഫീസർക്കാണ് അപേക്ഷ നൽകേണ്ടത്.

# തിരുവമ്പാടി അൽഫോൻസ കോളജിന് കേന്ദ്ര പുരസ്ക്കാരം

## കോഴിക്കോട് ജില്ലയിലെ മികച്ച കോളജിനുള്ള 2020-21 ലെ 'ഡിസ്ട്രിക്ട് ഗ്രീൻ ചാമ്പ്യൻ' അവാർഡ്

**സ്വച്ഛത ആക്ടിവിറ്റീസ് കോവിഡ് -19 പദ്ധതിയോടു ചേർന്നുള്ള പ്രവർത്തന മികവാണ് കോളജിനെ പുരസ്ക്കാരത്തിന് അർഹമാക്കിയത്**

**തിരുവമ്പാടി:** കോഴിക്കോട് ജില്ലയിലെ മികച്ച കോളജിനുള്ള 2020-21 ലെ 'ഡിസ്ട്രിക്ട് ഗ്രീൻ ചാമ്പ്യൻ' അവാർഡ് അൽഫോൻസ കോളജിന്.

അവാർഡും ക്യാഷ് പ്രൈസും അംഗീകാര സർട്ടിഫിക്കറ്റും കലക്ടർ ഡോ. എൻ. തേജ് ലോഹിത് റെഡ്ഡിയിൽ നിന്നും കോളജ് മാനേജർ ഫാ. സ്കറിയ മങ്ങരയിൽ, പ്രിൻസിപ്പൽ ഡോ. കെ. വി. ചാക്കോ എന്നിവർ ചേർന്ന് ഏറ്റുവാങ്ങി.

കേന്ദ്ര സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മഹാത്മാഗാന്ധി നാഷണൽ കൗൺസിൽ ഓഫ് റൂറൽ എഡ്യൂക്കേഷന്റെ (MGNCRE) അഖിലേന്ത്യാ തലത്തിലുള്ള സ്വച്ഛത ആക്ടിവിറ്റീസ് കോവിഡ് -19 പദ്ധതിയോടു ചേർന്നുള്ള പ്രവർത്തനമികവാണ് കോളജിനെ പുരസ്ക്കാരത്തിന് അർഹമാക്കിയത്.



കേന്ദ്ര ഉന്നതവിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ഡിസ്ട്രിക്ട് ഗ്രീൻ ചാമ്പ്യൻ അവാർഡ് അൽഫോൻസാ കോളേജ് തിരുവമ്പാടി പ്രിൻസിപ്പൽ ഡോക്ടർ കെ. വി. ചാക്കോയും മാനേജർ ഫാ. സജി മങ്കരയിലും കോഴിക്കോട് ജില്ലാ കലക്ടർ ഡോ. എൻ. തേജ് ലോഹിത് റെഡ്ഡിയിൽ നിന്ന് ഏറ്റുവാങ്ങുന്നു

കോഴിക്കോട് ജില്ലയിലെ ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് മെഡിക്കൽ എൻജിനീയറിങ് തുടങ്ങിയ വിഭാഗങ്ങളിൽപ്പെടുന്ന നൂറിലധികം കോളജുകളിൽ നിന്നാണ് അൽഫോൻസ കോളജിനെ അവാർഡിനായി തെരഞ്ഞെടുത്തത്. അധ്യാപകരായ അഞ്ജലി അബ്രഹാം, ഫാ.ഷെനീഷ് അഗസ്റ്റിൻ, ഫാ. ഷിജു മാത്യു, ദീപേഷ്, ആൻ മരിയ, ഡിയോൺ ബബ്ലൂ, വിദ്യാർത്ഥി പ്രതിനിധികളായ സിദ്ധാർത്ഥ്, ഹൈദർ ഷാൻ, നിബിൻ ജോസ്, സാംസൺ, അർജുൻ ജെയിൻ, രമ്യ സി. അലക്സ്, മുഹമ്മദ് ഫാസിൽ എന്നിവരാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.

കലക്ടറുടെ സാന്നിധ്യത്തിൽ ഗൂഗിൾ മീറ്റ് വഴി നടന്ന ചടങ്ങിൽ ജില്ലയിലെ വിവിധ കോളജുകളിൽ നിന്നുള്ള പ്രിൻസിപ്പൽമാർ പങ്കെടുത്തു. അൽഫോൻസ കോളജിന്റെ പ്രവർത്തന മികവിനുള്ള അംഗികാരമാണ് ഈ അവാർഡ് എന്ന് കലക്ടർ പ്രശംസിച്ചു.

പ്രസ്തുത ചടങ്ങിൽ കോളജ് പ്രിൻസിപ്പൽ ഡോ. കെ. വി. ചാക്കോ, ബർണാഡ് ജോസ്, അഞ്ജലി അബ്രാഹം എന്നിവർ സംസാരിച്ചു. ഇതോടനുബന്ധിച്ച് നടന്ന വർക് ഷോപ്പ് M.G.N.C.R.E പ്രതിനിധി റസാക്ക് ചെറുവനശ്ശേരി നയിച്ചു. 'ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അവർ ദത്ത് എടുത്തിരിക്കുന്ന വില്ലേജുകളിലെയും മാലിന്യ സംസ്കരണം, ജലവിനിയോഗം, ഗ്രീനറി, സാനിറ്റേഷൻ, എനർജി എന്നിവ കൈകാര്യം ചെയ്യുന്നതിനുള്ള വിവിധ രീതികളാണ് ക്ലാസ്സിൽ പങ്കുവെച്ചത്.



ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ കൂദാശ ചെയ്ത പൊയിലോംചാൽ സെന്റ് ജൂഡ് ദേവാലയം. വികാരി ഫാ. സെബാസ്റ്റ്യൻ പാറത്തോട്ടത്തിൽ

## എൻലൈറ്റൻ - സമുദായ ശാക്തീകരണ സെമിനാർ


**താമരശ്ശേരി:** രൂപത കത്തോലിക്കാ കോൺഗ്രസിന്റെയും മാതൃവേദിയുടെയും കെസിവൈഎമ്മിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ രൂപതയിലെ യുവജനങ്ങൾക്കും മാതാപിതാക്കൾക്കുമായി സമുദായ ശാക്തീകരണ സെമിനാർ 'എൻലൈറ്റൻ' സംഘടിപ്പിച്ചു.

രണ്ട് ഘട്ടങ്ങളിലായി നടത്തിയ സെമിനാറിൽ രൂപതയിലെ മുഴുവൻ ഫൊറോനകളിലെയും അംഗങ്ങൾ പങ്കെടുത്തു. കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് ഡോ. ചാക്കോ കാളാംപറമ്പിൽ അധ്യക്ഷത വഹിച്ചു. 'ജാഗ്രത പുലർത്തേണ്ട കത്തോലിക്കാ സമുദായം' എന്ന വിഷയത്തിൽ ഫാ. ജോർജ് വെള്ളക്കാകുടിയിലും 'വിവിധ സ്കോളർഷിപ്പുകൾ EWS ന്യൂനപക്ഷ അവകാശങ്ങൾ' എന്നിവയെക്കുറിച്ച് ഫാ. സബിൻ തൂമുള്ളിയിലും വിഷയാവതരണം നടത്തി. മാതൃവേദി രൂപത ഡയറക്ടർ ഫാ. പ്രിയേഷ് തേവടിയിൽ, ദീപ റെജി, വിശാഖ് തോമസ്, സിമി തേവടിയിൽ, അനീഷ് വടക്കേൽ, ട്രീസ സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

## പുസ്തക പരിചയം

**● യേശു മഹോന്നതൻ**

താമരശ്ശേരി രൂപതാ വൈദികനും കുന്നോത്ത് നല്ലിടയൻ സെമിനാരിയിൽ ദൈവശാസ്ത്ര അധ്യാപകനുമായ ഡോ. ജെയിംസ് കിളിയനാനിക്കൽ രചിച്ച ഗ്രന്ഥം. യേശുവിനെക്കുറിച്ച് ഉന്നയിക്കപ്പെടുന്ന നിരവധി ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്ന ഗ്രന്ഥം. മതാദ്ധ്യാപകർ, യുവജനങ്ങൾ, വചനപ്രഘോഷകർ എന്നിവർക്കെല്ലാം ഏറെ പ്രയോജനകരമായ ഗ്രന്ഥം. സോഫിയാ ബുക്സ് പ്രസിദ്ധീകരിച്ചിരിക്കുന്നു.




## കെസിവൈഎം കേശദാന ക്യാമ്പയിൻ

**താമരശ്ശേരി:** കാൻസർ രോഗികൾക്ക് വിഗ് നിർമ്മിക്കുന്നതിനായി തൃശൂർ അമല മെഡിക്കൽ കോളജുമായി സഹകരിച്ച് താമരശ്ശേരി രൂപത കെസിവൈഎം ഈ വർഷവും കേശദാന ക്യാമ്പ് നടത്തുന്നു. താൽപര്യമുള്ളവർ 30 സെന്റീമീറ്റർ നീളമുള്ള മുടി രൂപതാ കോഡിനേറ്റർ മുഖേനയോ കെസിവൈഎം യൂണിറ്റ് മേഖല ഭാരവാഹികൾ മുഖേനയോ രൂപത ഓഫീസിൽ എത്തിക്കാവുന്നതാണ്. അല്ലെങ്കിൽ പാഴ്സൽ വഴി കെസിവൈഎം രൂപതാ ഓഫീസിലേക്ക് അയച്ചുതരാവുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക്: 7396389939

2019-20 പ്രവർത്തന വർഷത്തിൽ നടത്തിയ കേശദാന ക്യാമ്പയിനിൽ ഏറ്റവുമധികം വ്യക്തികളുടെ കേശം സംഭാവന ചെയ്തതിനുള്ള ആദരം കെസിവൈഎം താമരശ്ശേരി രൂപതാ സമിതിക്ക്. തൃശൂർ അമല മെഡിക്കൽ കോളജിൽ നടന്ന ചടങ്ങിൽ രൂപത പ്രതിനിധികളായി പങ്കെടുത്ത ഫാ. മനോജ് കൊച്ചുമുറിയിൽ, ഹെയർ ഡോണേഷൻ ക്യാമ്പയിൻ കോഡിനേറ്റർ ലെറ്റീഷ ജോഷി, ആഷ്ലി എന്നിവർ ആദരം ഏറ്റുവാങ്ങി.

**1-ാം ചരമ വാർഷികം**
**(05-08-2021)**



**O.V ജോസഫ് (കുഞ്ഞച്ചൻ)**
ഓത്തിക്കൽ, കൂരോട്ടുപാറ
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

**1-ാം ചരമ വാർഷികം**
**(24-09-2021)**



**മേരി ജോസഫ്**
വടയാറ്റുകുന്നേൽ, കോഴിക്കോട്
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# ജീവൻ പകുത്ത് നൽകിയ സോദര സ്നേഹം

## പ്രചോദനമായത് വിശുദ്ധ കുർബാന മധ്യേ വൈദികൻ നടത്തിയ പ്രസംഗം

**കോഴിക്കോട്:** താമരശ്ശേരി രൂപതാംഗവും മരുതോങ്കര സ്വദേശിയുമായ ജസ്റ്റിൻ ജോസ് വള്ളിക്കുന്നേൽ സ്വന്തം സഹോദരൻ നോബിളിനായി വൃക്ക ദാനം ചെയ്തു. താമരശ്ശേരി കോർപ്പറേറ്റിനു കീഴിലുള്ള കട്ടിപ്പാറ ഹോളി ഫാമിലി ഹയർ സെക്കൻഡറി സ്കൂൾ ഇംഗ്ലീഷ് അധ്യാപകനാണ് ജസ്റ്റിൻ.

നാലുവർഷത്തോളമായി വൃക്ക രോഗത്തിന് ചികിത്സയിലായിരുന്ന നോബിളിന് ആറു മാസം മുമ്പ് ഡയാലിസിസ് തുടങ്ങിയതോടെ വിദേശത്ത് നിന്ന് ജോലി ഉപേക്ഷിച്ച് നാട്ടിലെത്തി ചികിത്സ തുടരുകയായിരുന്നു. രോഗം മൂർച്ഛിച്ചതോടെ വൃക്ക മാറ്റി വയ്ക്കൽ മാത്രമാണ് മുമ്പിലുണ്ടായിരുന്ന പോംവഴി. വൃക്ക ദാതാവിനായി കുടുംബാംഗങ്ങൾ അന്വേഷണം നടത്തുന്നതിനിടയിലാണ് അനിയനായി വൃക്ക ദാനം ചെയ്യാൻ താൻ തയ്യാറാണെന്ന് ജസ്റ്റിൻ വീട്ടുകാരെ അറിയിക്കുന്നത്.

എന്നാൽ നന്നായി ആലോചിച്ചു മാത്രമേ തീരുമാനമെടുക്കാവു എന്നും സർജറിക്കു ശേഷം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായേക്കാമെന്നും മുന്നറിയിപ്പു നൽകി കുടുംബാംഗങ്ങൾ മറ്റൊരു ദാതാവിനായി ശ്രമം തുടരുകയായിരുന്നു.

ഇതിനിടെ ഒരു ഞായറാഴ്ച ചേവായൂർ നിത്യസഹായാമാതാ ദേവാലയത്തിൽ കുർബാനയിൽ പങ്കുചേരുമ്പോഴാണ് ദൈവഹിതം എന്താണെന്ന് ജസ്റ്റിനും ഭാര്യ രേഷ്മയും തിരിച്ചറിഞ്ഞത്. "നീ മറ്റുള്ളവർക്ക് എന്തു ചെയ്തു എന്നതിനൊപ്പം നീ നിന്റെ സ്വന്തം സഹോദരന് എന്തു ചെയ്തു എന്നുള്ളതും ദൈവതിരുമുമ്പിൽ കണക്ക് ബോധിപ്പിക്കേണ്ട കാര്യമാണ്." എന്ന് പ്രസംഗ മധ്യേ ഫാ. അബ്രഹാം സ്രാമ്പിക്കൽ പറഞ്ഞത് തങ്ങൾക്കുള്ള ദൈവിക വെളിപാടായി സ്വീകരിക്കുകയായിരുന്നു ഈ ദമ്പതികൾ.

പിന്നീട് വീട്ടുകാരുടെയും ബന്ധുക്കളുടെയും സമ്മതത്തോടെ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കു വേണ്ടിയുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. ശസ്ത്രക്രിയയ്ക്കു വേണ്ടിയുള്ള നിയമപരമായ കാര്യങ്ങൾ പൂർത്തിയാക്കി ഇരുവരും കോഴിക്കോട് മിംസ് ആശുപത്രിയിൽ അഡ്മിറ്റാകുകയായിരുന്നു.



നോബിളും ജസ്റ്റിനും വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ശേഷം ആദ്യമായി കണ്ടുമുട്ടിയപ്പോൾ

ജൂലൈ രണ്ടാം വാരം ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി, വിശ്രമത്തിലാണ് സഹോദരങ്ങളിപ്പോൾ. പൂർണ്ണ ആരോഗ്യത്തോടെ പുഞ്ചിരിക്കുന്ന സഹോദരനെ കാണുമ്പോൾ ജീവിതത്തിന് കൂടുതൽ അർത്ഥം ലഭിക്കുന്നു എന്നും ഇതിന് തനിക്ക് പൂർണ്ണ പിന്തുണ നൽകി ഒപ്പമുണ്ടായിരുന്നത് ജീവിത പങ്കാളി രേഷ്മയാണെന്നും ജസ്റ്റിൻ പറയുന്നു.

ഈ പുതു ജന്മത്തിൽ ദൈവത്തിനോട് എന്നതു പോലെ സഹോദരനോടും താൻ കടപ്പെട്ടിരിക്കുന്നു എന്ന നോബിളിന്റെ വാക്കുകളിൽ നിറയുന്നത് സഹോദര സ്നേഹത്തിന്റെ പുതുകാവ്യമാണ്. മരുതോങ്കര വള്ളിക്കുന്നേൽ ജോസ്- അന്നമ്മ ദമ്പതികളുടെ മക്കളാണ് ജസ്റ്റിനും നോബിളും. സഹോദരി ദീപ ഷൈൻ വെട്ടിക്കൽ.

കോഴിക്കോട് ഭാരതീയ വിദ്യാഭവൻ സ്കൂളിലെ അധ്യാപികയാണ് ജസ്റ്റിന്റെ ഭാര്യ രേഷ്മ. അവ്നി, നൗമി എന്നിവർ മക്കളാണ്. സൗദി അറേബ്യയിലെ ജുബൈൽ ജനറൽ ഹോസ്പിറ്റലിൽ നഴ്സാണ് നോബിളിന്റെ ഭാര്യ അജീന. ജുവാൻ, അലീഷ എന്നിവർ മക്കളാണ്. ഇപ്പോൾ ഈസ്റ്റ്ഹിൽ ഫാത്തിമ മാതാ ഇടവകാംഗങ്ങളാണ് ജസ്റ്റിനും നോബിളും.

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്: പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തു

**കോഴിക്കോട്:** മാനസികാരോഗ്യ പരിപോഷണരംഗത്ത് താമരശ്ശേരി രൂപതയുടെ നിറസാന്നിധ്യമായ പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസലിങ് ആന്റ് സൈക്കോതെറാപ്പി പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. കൗൺസലിങ് രംഗത്ത് മികച്ച സേവനം നൽകുന്നതിനും പുതുതലമുറയെ വാർത്തെടുക്കുന്നതിനുമായി താമരശ്ശേരി രൂപതയുടെ കീഴിൽ കോഴിക്കോട് മേരിക്കുന്ന് ആസ്ഥാനമായി ആരംഭിച്ച സ്ഥാപനം മേരിക്കുന്ന് കരുണാഭവനു സമീപമാണ് പ്രവർത്തിക്കുന്നത്.



പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസലിങ് ആന്റ് സൈക്കോതെറാപ്പി പുതിയ കെട്ടിടം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്യുന്നു. ഫാ. കുര്യൻ പുരമഠം, ഫാ. ജോസഫ് കളരിക്കൽ, ഫാ. ബെന്നി മുണ്ടനാട്ട്, ഫാ. മാത്യു പുളിമൂട്ടിൽ, ഫാ. ജോസ് പെണ്ണാപറമ്പിൽ, മോൺ. ജോൺ ഒറവുങ്കര എന്നിവർ സമീപം

മൂന്നു നിലകളിലായി ഒരുങ്ങുന്ന കെട്ടിടത്തിന്റെ ആദ്യനിലയുടെ പണികൾ പൂർത്തിയായി. ആദ്യ നിലയുടെ വെഞ്ചരിപ്പും ഉദ്ഘാടനവും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ലളിതമായി നടത്തിയ ഉദ്ഘാടന ചടങ്ങിൽ വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര, ചാൻസലർ ഫാ. ബെന്നി മുണ്ടനാട്ട്, ഫിനാൻസ് ഓഫീസർ ഫാ. മാത്യു പുളിമൂട്ടിൽ, ഫാ. ജോസഫ് കളരിക്കൽ, ഫാ. ജോസ് പെണ്ണാപറമ്പിൽ, ഫാ. മനോജ് കൊല്ലംപറമ്പിൽ, ഫാ. സായി പാറൻകുളങ്ങര, ഫാ. രഞ്ജിത്ത് ചക്കുംമൂട്ടിൽ, ഫാ. ലിവിൻ ചിറത്തലയ്ക്കൽ തുടങ്ങിയവർ പങ്കെടുത്തു.

യൂണിവേഴ്സിറ്റി അംഗീകാരമുള്ള എംഎസ്സി കൗൺസലിങ് സൈക്കോളജി, ഡിപ്ലോമ ഇൻ കൗൺസലിങ് സൈക്കോളജി, പാസ്റ്ററൽ കൗൺസലിങ് ഡിപ്ലോമ തുടങ്ങിയ കോഴ്സുകളും കൗൺസലിങ് സേവനങ്ങളുമാണ് പോപ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ടിലൂടെ ലഭ്യമാക്കുന്നത്. കൂടാതെ കൗമാരക്കാർക്കുള്ള ക്ലാസുകൾ, ദാമ്പത്യ പരിപോഷണ ശിൽപ്പശാലകൾ, വിവാഹ ഒരുക്ക ക്ലാസുകൾ എന്നിവയും ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കാറുണ്ട്. ഫാ. കുര്യൻ പുരമഠമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ. മാർ പോൾ ചിറ്റിലപ്പിള്ളിയുടെ ആശീർവാദത്തോടെ റവ. ഡോ. ഏബ്രഹാം പുളിഞ്ചുവട്ടിൽ മേരിക്കുന്നിലെ രൂപതാ പാസ്റ്ററൽ സെന്ററിൽ പരിമിതമായ സൗകര്യങ്ങളോടെ ആരംഭിച്ച പോപ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് നീണ്ട വർഷങ്ങളുടെ കാത്തിരിപ്പിനൊടുവിലാണ് സ്വന്തമായൊരു കെട്ടിടം എന്ന സ്വപ്നം സാക്ഷാത്ക്കരിച്ചത്.

ആയിരത്തോളം വിദ്യാർത്ഥികൾ വിവിധ കോഴ്സുകളിലായി ഇവിടെ പഠനം പൂർത്തിയാക്കി. കൗൺസലിങ് സർട്ടിഫിക്കറ്റ് കോഴ്സ് 15 ബാച്ചുകളിലായി നടത്തി. 7 ഡിപ്ലോമ കോഴ്സ് ബാച്ചുകളും വിജയകരമായി പഠനം പൂർത്തിയാക്കി. എംഎസ്സി കൗൺസലിങ് സൈക്കോളജിയുടെ ഒരു ബാച്ച് പഠനം പൂർത്തിയാക്കി. 2 ബാച്ചുകൾ ഇപ്പോൾ പഠനം നടത്തുന്നു. വിദഗ്ധരും കൗൺസലിങ് രംഗത്ത് ദീർഘനാളത്തെ പരിചയവുമുള്ള അധ്യാപകർ, ഓരോ വിദ്യാർത്ഥിക്കും പ്രത്യേക ശ്രദ്ധ ലഭിക്കുന്ന തരത്തിലുള്ള അധ്യാപനം, അധിക വായനയ്ക്കും വിവരശേഖരണത്തിനും സഹായകമായ ലൈബ്രറി എന്നിവ ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രത്യേകതകളാണ്.

## കെ. വി. പി. വൈ സ്കോളർഷിപ്പ്: ഇപ്പോൾ അപേക്ഷിക്കാം

അടിസ്ഥാന ശാസ്ത്ര വിഷയത്തിൽ ഉന്നതപഠനം ആഗ്രഹിക്കുന്ന മിടുക്കരെ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ പദ്ധതിയാണ് കിഷോർ വൈജ്ഞാനിക് പ്രോത്സാഹൻ യോജന. പദ്ധതിയിൽ ചേരാനാഗ്രഹിക്കുന്നവർ സ്കോളർഷിപ് പരീക്ഷയ്ക്കുള്ള ഓൺലൈൻ അപേക്ഷ ആഗസ്റ്റ് 25ന് മുമ്പ് സമർപ്പിക്കണം. (അപേക്ഷിക്കാനുള്ള ലിങ്കിനായി ക്യൂആർ കോഡ് സ്കാൻ ചെയ്യുക) 2021 നവംബർ ഏഴിനാണ് കംപ്യൂട്ടർ ബേസ്ഡ് ഓൺലൈൻ പരീക്ഷ. എസ്.എ, എസ്.എക്സ്, എസ്.ബി എന്നീ മൂന്ന് സ്ട്രീമുകളിലായാണ് അപേക്ഷ സ്വീകരിക്കുക. 75% മാർക്കോടെ ഇപ്പോൾ പത്താംക്ലാസ് കഴിഞ്ഞവർക്ക് എസ്.എ സ്കീമിലും 75% മാർക്കോടെ പത്ത് പാസായി ഇപ്പോൾ 12–ാം ക്ലാസിലേക്ക് കയറിയവർക്ക് എസ്എക്സ് സ്ട്രീമിലും 60% മാർക്കോടെ ഈ വർഷം 12–ാം ക്ലാസ് പാസായവർക്ക് എസ്.ബി സ്കീമിലും അപേക്ഷിക്കാം. സയൻസ് വിഷയങ്ങളിൽ ഡിഗ്രി പഠനത്തിന് ചേരുമ്പോഴാണ് സ്കോളർഷിപ്പ് ലഭിക്കുക. ഡിഗ്രിപഠനകാലത്ത് പ്രതിമാസം 5000 രൂപയും വാർഷിക ഗ്രാന്റായി 20,000 രൂപയും ലഭിക്കും. തുടർന്ന് പിജി പഠന സമയത്ത് മാസം 7,000 രൂപയും വാർഷിക ഗ്രാന്റായി 28,000 രൂപയും ലഭിക്കും. കേരളത്തിൽ വയനാട് ഒഴികെ എല്ലാ ജില്ലകളിലും പരീക്ഷാ കേന്ദ്രങ്ങളുണ്ട്. 1250 രൂപയാണ് പരീക്ഷാ ഫീസ്. പ്രൊഫഷണൽ കോഴ്സുകൾക്ക് ഈ സ്കോളർഷിപ്പ് ലഭിക്കില്ല.

## ആൽഫാ അക്കാദമിയിൽ മത്സര പരീക്ഷാ പരിശീലനം

**തിരുവമ്പാടി:** നഴ്സിങ് ഓഫീസർ (ഡി.എം.ഇ) നഴ്സിങ് ട്യൂട്ടർ തസ്തികകളിലേക്ക് പിഎസ്സി നടത്തുന്ന പരീക്ഷകൾക്ക് ഒരുക്കമായുള്ള പരിശീലനം ആരംഭിച്ചു. കെ–ടെറ്റ് പരീക്ഷാ പരിശീലനം ആഗസ്റ്റിൽ ആരംഭിക്കും. പിഎസ്സി പത്താം ക്ലാസ്, പ്ലസ്ടു ലെവൽ മെയിൻ പരീക്ഷ പരിശീലനവും അടുത്ത വർഷം നടക്കുവാൻ പോകുന്ന പത്താം ക്ലാസ്, പ്ലസ്ടു ലെവൽ പ്രിലിമിനറി പരീക്ഷയ്ക്കുള്ള പരിശീലനവും ആരംഭിച്ചു. വിവരങ്ങൾക്ക്: **0495 2962180**

## പ്രീ–കാനാ കോഴ്സ്

താമരശ്ശേരി രൂപത ഫാമിലി അപ്പോസ്തലേറ്റ് സംഘടിപ്പിക്കുന്ന ഓൺലൈൻ പ്രീകാനാ കോഴ്സ് ആഗസ്റ്റ് 13 മുതൽ 15 വരെയും നടക്കും. ഓൺലൈനായാണ് ക്ലാസുകൾ. www.dioceseofthamarassery.org/Precana എന്ന വെബ് സൈറ്റ് മുഖേന ബുക്ക് ചെയ്യാം. ഇടവക വികാരിയുടെ കത്ത്, പങ്കെടുക്കുന്നയാളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സൈറ്റിൽ അപ്‌ലോഡ് ചെയ്യണം. ഇതോടൊപ്പം നൽകിയിരിക്കുന്ന ക്യൂആർ കോഡ് സ്കാൻ ചെയ്തും പ്രീകാനാ കോഴ്സ് ബുക്ക് ചെയ്യാം. ഫോൺ: **8547191056**

## നവവൈദികൻ

**ഫാ. ജോസഫ് (അജയ്) മുതലക്കുഴിയിൽ**



കൂടരഞ്ഞി മുതലക്കുഴിയിൽ അഗസ്റ്റിൻ – റോസമ്മ ദമ്പതികളുടെ മകൻ. 2021 ജൂലൈ 15ന് ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിലിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് ഫിലോസഫിയും റോമിലെ മരിയാ മാതർ എക്ളേസ്യ പൊന്തിഫിക്കൽ കോളജിൽ നിന്ന് തിയോളജിയും പൂർത്തിയാക്കി. ഇപ്പോൾ സ്പെയ്നിലെ സലമാങ്കാ പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽ കാനൻ നിയമത്തിൽ ലൈസൻഷ്യേറ്റ് ചെയ്യുന്നു. ഏകസഹോദരൻ അഖിൽ.

## പഠന പരിപോഷണ പദ്ധതി ആരംഭിച്ചു

**തിരുവമ്പാടി:** പഠന നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ അൽഫോൻസ കോളജ് കൊമേഴ്സ് ഡിപ്പാർട്ട്മെന്റ് 'വിദ്യാർത്ഥി പഠന പരിപോഷണ പദ്ധതി' ആരംഭിച്ചു. പ്രസ്തുത പദ്ധതി പ്രകാരം വിദ്യാർത്ഥികളെ വിവിധ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ Slow Leaners, Advanced Leanser എന്നിങ്ങനെ കണ്ടെത്തി അഡ്വാൻസ്ഡ് ലേണേർസിന് തുടർപഠനത്തിന് ആവശ്യമായ നിർദ്ദേശങ്ങളും, പഠന പരമ്പരകളും നടത്തും. സ്ലോ ലേണേർസിന് പഠന നിലവാരം ഉയർത്തുന്നതിനാവശ്യമായ പാഠ്യപദ്ധതികളും ടീച്ചേഴ്സിന്റെ സഹായവും ഉറപ്പു വരുത്തും.

# 'നിറച്ചാർത്ത്' മത്സരം ഇവർ വിജയികൾ







**താമരശ്ശേരി രൂപതാ മതബോധന കേന്ദ്രം സംഘടിപ്പിച്ച നിറച്ചാർത്ത് ചിത്രരചനാമത്സരത്തിൽ ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ വിഭാഗങ്ങളിൽ ഒന്നാം സ്ഥാനത്തിന് അർഹമായ ചിത്രങ്ങൾ. 1. കരോളിൻ ആർ. വർഗ്ഗീസ് (ചേവായൂർ) 2. ആൽവിയ മരിയ ജോൺ (മാലാപറമ്പ്) 3. ക്രിസ്റ്റീൻ ജോൺസൻ (കല്ലാനോട്)**

**താമരശ്ശേരി:** രൂപതാ മതബോധന കേന്ദ്രം സംഘടിപ്പിച്ച നിറച്ചാർത്ത് ചിത്രരചനാ മത്സര വിജയികളെ പ്രഖ്യാപിച്ചു. 'കർത്താവേ, അങ്ങാണ് എന്റെ അഭയം' എന്ന വിഷയത്തെ അധികരിച്ച്, മൂന്ന് വിഭാഗങ്ങളായാണ് മത്സരം നടത്തിയത്.

**വിജയികൾ:** ● (ജൂനിയർ വിഭാഗം) ഒന്നാം സ്ഥാനം: കരോളിൻ ആർ വർഗ്ഗീസ്, ചേവായൂർ, രണ്ടാം സ്ഥാനം: ജുവൽ എലിസബത്ത് ജോൺ മലപ്പുറം, മൂന്നാം സ്ഥാനം: മരിയ ജിയന്ന ജിമ്മി, മാങ്കാവ്. ● (സീനിയർ വിഭാഗം) ഒന്നാം സ്ഥാനം: ആൽവിയ മരിയ ജോൺ, മാലാപറമ്പ്, രണ്ടാം സ്ഥാനം: സാനിയ ബെന്നി, അമലാപുരി, മൂന്നാം സ്ഥാനം: മിൻസ ആൻ ഡെൽസ്, പാറോപ്പടി. ● (സൂപ്പർ സീനിയർ) ഒന്നാം സ്ഥാനം: ക്രിസ്റ്റീൻ ജോൺസൻ, കല്ലാനോട്, രണ്ടാം സ്ഥാനം: ജോസി എ വൈ, ഒറവുംപുറം, മൂന്നാം സ്ഥാനം: റോബിൻ ജോർജ്ജ്, മഞ്ഞക്കടവ്.

## 'മേയ് മാസ റാണി' സംഗീത മത്സര വിജയികൾ

**താമരശ്ശേരി:** സിറോ മലബാർ മാതൃവേദി രൂപതാ സമിതി സംഘടിപ്പിച്ച മേയ് മാസ റാണി സംഗീത മത്സരത്തിൽ വിന്നി ജെബിൻ കൊള്ളന്നൂർ (മാലാപറമ്പ്) ഒന്നാം സ്ഥാനം നേടി. ഡയാന തോമസ് പാറയ്ക്കൽ (തിരുവമ്പാടി) രണ്ടാം സ്ഥാനം നേടി. ക്രിസ്റ്റീന ബിജു തൈപ്പറമ്പിൽ (മരുതോങ്കര) ഗോൾഡ ആൻസൺ വെള്ളാരംകുന്നേൽ (തേക്കുംകുറ്റി) എന്നിവർ മൂന്നാം സ്ഥാനം പങ്കുവച്ചു.

## നേട്ടം



● താമരശ്ശേരി രൂപത ചെറുപുഷ്പ മിഷൻ ലീഗ് സംഘടിപ്പിച്ച മിഷൻ മെഗാ ക്വിസ് പ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ട അഞ്ജു രാജു പ്ലാമൂട്ടിൽ. കുമൻകുളം ഇടവകാംഗമായ പ്ലാമൂട്ടിൽ രാജുവിന്റെയും ഡെയ്സിയുടെയും മകളാണ്.

## 'കർമ്മലാംബിക' സംഗീത മത്സര വിജയികൾ

**താമരശ്ശേരി:** മിഷൻലീഗ് താമരശ്ശേരി രൂപതാ സമിതി സംഘടിപ്പിച്ച കർമ്മലാംബിക സംഗീത മത്സര വിജയികൾ (ആദ്യ മൂന്ന് സ്ഥാനക്കാർ യഥാക്രമം. ബ്രായ്ക്കറ്റിൽ നൽകിയിരിക്കുന്നത് ഇടവക):

**ജൂനിയർ ആൺകുട്ടികൾ**

● സാവിയോ ബിജു മണിയങ്ങാട്ട് (പുല്ലൂരാംപാറ) ● ഡിറ്റോ ഡോൺ വടുതലയിൽ (ചിപ്പിലിത്തോട്) ● അലക്സ് മനോജ് ചുരപൊയ്കയിൽ (മഞ്ഞക്കുന്ന്).

**ജൂനിയർ പെൺകുട്ടികൾ**

● അൽക്ക മാത്യു വല്ലനാട്ട് (ചക്കിട്ടപ്പാറ) ● എമിൽ റോസ് ബൈജു പുതുപ്പറമ്പിൽ (പുല്ലൂരാംപാറ) ● ജോവാൻ മേരി കല്ലറയ്ക്കൽ (മുക്കം).

**സബ്ജൂനിയർ ആൺകുട്ടികൾ**

● അലൻ പീറ്റർ വല്ലപ്പറമ്പിൽ (തേക്കുംകുറ്റി) ● അഡ്വിൻ ജെസ് ആന്റോ (കോട്ടക്കൽ) ● അജിൻ ജോജോ പെരുവാഞ്ചിറയിൽ (മുക്കം).

**സബ്ജൂനിയർ പെൺകുട്ടികൾ**

● അയ്ന മരിയ കീറ്റുകേരിയിൽ (കോട്ടക്കൽ) ● റിജിന ചേരിയിൽ (തേക്കുംകുറ്റി) ● ലിസ് മരിയ സോജി തെക്കനാൽ (മുക്കം).

# പുതുതരംഗമായി 'കൊക്കെഡാമ'



## വീട്ടുകൃഷി

**ജോസ് കെ. വയലിൽ**

കൊക്കെഡാമ ഉദ്യാന പരിപാലന മേഖലയിൽ പുതു തരംഗമാകുന്നു. അൽപം ക്ഷമയോടെ സമീപിക്കാമെങ്കിൽ ഏറെ ആകർഷകമായി നടത്താവുന്ന രീതിയാണിത്. പുഷ്പ പരിപാലനത്തിന്റെ രസത്തിനൊപ്പം കലാപരമായ കഴിവുകൂടി കൊക്കെഡാമയിൽ സംയോജിപ്പിക്കാമെന്നതാണ് ഇതിന്റെ ആകർഷണീയത. ഉദ്യാനമേഖലയിൽ പ്രവർത്തിക്കുന്ന ഒട്ടേറെ സംരംഭകർ ആകർഷകമായ ബിസിനസ്സ് ആക്കി ഇതിനെ മാറ്റുന്നു. നൂറ്റാണ്ടുകൾക്ക് മുമ്പ് ജപ്പാനിൽ ഉണ്ടായിരുന്ന ഒരു ഉദ്യാന കലയാണ് കൊക്കെഡാമ. ജപ്പാൻകാർ മോസ് ബോൾ (Moss ball) എന്നും കൊക്കെഡാമ ഉദ്യാന കലാരൂപത്തെ വിളിച്ചുവരുന്നു. പ്രത്യേകതരം പായൽ ആണ് കൊക്കെഡാമയിലെ പ്രധാന ചേരുവ. ഇത് പ്രധാന മാധ്യമമാക്കിക്കൊണ്ട് വിവിധ തരം ചെടികൾ വളർത്തിയെടുക്കുന്ന രീതിയാണിത്.

### തയാറാക്കുന്ന വിധം

ചകിരിച്ചോറ്, ഉണങ്ങിയ ചാണകപ്പൊടി, പായൽ (മോസ്), നൂൽ, നൈലോൺ നൂൽ അല്ലെങ്കിൽ പ്ലാസ്റ്റിക് വയർ, കോട്ടൺ തുണി എന്നിവ ഉപയോഗിച്ചാണ് ചെടികൾ നടാനുള്ള സംവിധാനം ഒരുക്കുന്നത്. കൃഷിയും, കൗശലവും ഒത്തു ചേരുന്ന ഒരു കലാ സൃഷ്ടിയാണ് കൊക്കെഡാമ. പായലും ചെടിയുമാണ് കൊക്കെഡാമയ്ക്ക് ജീവൻ പകരുന്നത്. വീടിന്റെ പരിസര ഭാഗങ്ങളിലും മതിലിലും പഴയകെട്ടിടങ്ങളിലും കയ്യാലകളിലും സിമന്റ് തറകളിലും സ്വാഭാവികമായും വളരുന്നതാണ് മോസ് എന്ന പായൽ.

കായിക പ്രജനന മുറകളിലെ (Vegetative propagation) പതി വയ്ക്കൽ രീതിയ്ക്ക് ഉപയോഗിക്കുന്നതാണ് മോസ് എന്ന പായൽ. മഴക്കാലങ്ങളിൽ ഇത് സമൃദ്ധമായി കാണുന്നു. വിപണിയിൽ ഉണങ്ങിയത് ലഭ്യമാണ്.

ചകിരി ച്ചോറ്, ഉണങ്ങിയ ചാണകപ്പൊടി, മേൽമണ്ണ് ഇവ 1:1:1 അനുപാതത്തിൽ ആവശ്യത്തിന് മാത്രം വെള്ളം ചേർത്ത് കുഴച്ച് പിടിപ്പിക്കാനുള്ള പന്തുകൾ ഉണ്ടാക്കുന്നു. കൊക്കെഡാമയുടെ ശാസ്ത്രമനുസരിച്ച് മൺ പന്തുകളുടെ മേലെയാണ് പായൽ പിടിപ്പിക്കുന്നത്.

നടാനുള്ള ചെടി വേരോടെ പന്തിനുള്ളിൽ നടണം. വീണ്ടും പന്തുകൾ നന്നായി ഉരുട്ടിയെടുത്ത് കോട്ടൺ തുണി കൊണ്ട് പന്തിനെ പൊതിഞ്ഞു കെട്ടി, നൈലോൺ വയർ കൊണ്ട് ചുറ്റിക്കെട്ടുന്നു. നൈലോൺ വയറിന് പകരം പ്ലാസ്റ്റിക് വയറും ഉപയോഗിക്കാം. വായ വട്ടം ചുറ്റി കെട്ടിയ ശേഷം കുറച്ചു ചരട് നിലനിർത്തിയ ശേഷം അവശേഷിക്കുന്നത് മുറിച്ച് നീക്കണം.

ചെടിയുടെ വലിപ്പമനുസരിച്ച് ബോളിന്റെ വലുപ്പം കൂട്ടണം.

ഇളക്കിയെടുത്ത പായൽ ഈ പന്തിന് മീതെ പിടിപ്പിച്ച ശേഷം പന്തിനെ പൊതിഞ്ഞ് മൊത്തത്തിൽ പായൽ പതിപ്പിക്കുന്നു. പുറമേ നൂലിട്ട് ചുറ്റി കെട്ടി പായൽ ഉറപ്പിച്ച് നിർത്തുന്നു.

ഇങ്ങനെ തയാർ ചെയ്ത കൊക്കെഡാമ പന്തുകളെ ഭിത്തിയിൽ തൂക്കിയിടുകയോ ഭംഗിയുള്ള പരന്ന പാത്രങ്ങളിലോ മറ്റ് പ്രതലങ്ങളിലോ വയ്ക്കുകയുമാവാം.

ഈ ചെടിയുടെ ഹരിത ഭംഗി നിലനിർത്താൻ ചെറിയ തോതിൽ നനയ്ക്കേണ്ടത് ആവശ്യമാണ്. വേനൽക്കാലത്ത് നനയുടെ അളവ് കൂട്ടാം.

ഹാൻഡ് സ്പ്രേയിൽ വെള്ളം നിറച്ച് പുറമെ നന്നായി തളിച്ച് കൊടുക്കാം. പായലിന്റെ പുറത്തെ ഈർപ്പം കുറയുന്ന മുറയ്ക്ക് ജലസേചനം നടത്തണം. കൊക്കെഡാമ പന്തുകളെ അതേ പടി ബക്കറ്റിൽ വെള്ളം നിറച്ച് അതിൽ മുക്കിയെടുക്കുന്നതും നല്ലതാണ്.

വളപ്രയോഗ സമയങ്ങളിൽ ദ്രാവക രൂപത്തിലുള്ള വളങ്ങളോ അല്ലെങ്കിൽ ഉണക്കച്ചാണകമോ പൊടിച്ച് പാകത്തിന് വെള്ളം ബക്കറ്റിൽ ഒഴിച്ച് വളങ്ങൾ ഇതിൽ ചേർത്ത് മോസ്ബോളിനെ മുക്കിയെടുക്കാവുന്നതാണ്.

അൽപം സമയവും ചെടികളെ സ്നേഹിക്കുന്ന മനസ്സും ഉണ്ടെങ്കിൽ ആർക്കു വേണമെങ്കിലും തയാറാക്കാൻ കഴിയുന്ന ഒരു കലയാണ് കൊക്കെഡാമ. വലിയ ഇലകളുള്ള ചെടികൾ ഒഴിവാക്കണം.

അധികം വളരാനാകാത്ത അലങ്കാര സസ്യങ്ങളും, മറ്റ് ചെടികളും ഈ രീതികളിൽ വളർത്താവുന്നവയാണ്.

അധികം വെള്ളം ആവശ്യമില്ലാത്ത കള്ളിച്ചെടികൾ, യുഫോർബിയ, അഡീനിയം മുതലായവ വളർത്തിയെടുക്കാം. പുഷ്പിക്കുന്ന ചെടികളും, ഇൻഡോർ, ഔട്ട്ഡോർ ചെടികളും ഉപയോഗിക്കാവുന്നതാണ്.

തൂക്കിയിടുന്ന തരം ചെടികളല്ല കൊക്കെഡാമയിൽ ഉപയോഗിക്കുന്നതെങ്കിൽ പ്ലാസ്റ്റിക് കയർ ഉപയോഗിക്കേണ്ട ആവശ്യമില്ല. വളരെ കുറഞ്ഞ മുതൽ മുടക്കിൽ മികച്ച വരുമാനം കൊക്കെഡാമ നിർമാണം വഴി നേടാവുന്നതാണ്. നല്ല തൊഴിൽ അവസരങ്ങൾ നൽകുന്ന നല്ലൊരു മേഖലയായി വരികയാണ് കൊക്കെഡാമ നിർമാണം.



# വിശ്രമവും അനുകമ്പയും പ്രധാനം

ഭ്രാന്തമായ ഓട്ടങ്ങൾ അവസാനിപ്പിച്ച് ശാരീരികവും മാനസികവുമായ വിശ്രമം തേടണമെന്ന് ഫ്രാൻസിസ് മാർപാപ്പ. വിശ്രമത്തിനും അനുകമ്പയ്ക്കും ജീവിതത്തിൽ പ്രാധാന്യമുണ്ടെന്ന് ചൂണ്ടിക്കാട്ടിയ ഫ്രാൻസിസ് മാർപാപ്പ ദൈവരാജ്യപ്രഘോഷണത്തിൽ മുഴുകിയ ശിഷ്യന്മാരെ വിശ്രമിക്കാൻ ഈശോ ക്ഷണിക്കുകയും ജനക്കൂട്ടങ്ങളോട് അനുകമ്പ കാണിക്കുകയും ചെയ്തു എന്ന വസ്തുത അനുസ്മരിച്ചു.

ദൗത്യനിർവഹണത്തിനു ശേഷം തിരിച്ചെത്തിയ ശിഷ്യന്മാർ തങ്ങൾ ചെയ്ത കാര്യങ്ങൾ വിവരിക്കാൻ ശ്രമിച്ചെങ്കിലും ഈശോ അവരെ വിശ്രമത്തിന് ക്ഷണിക്കുകയാണ് ചെയ്തത്. തിരക്കുപിടിച്ച് ഓടി നടക്കുമ്പോൾ എല്ലാം നമ്മെ ആശ്രയിച്ചിരിക്കുന്നു എന്ന ചിന്തയിലേക്ക് നയിക്കപ്പെടാൻ സാധ്യതയുണ്ട്. അങ്ങനെ വരുമ്പോൾ ഈശോയെ അവഗണിക്കാനും നമ്മെത്തന്നെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കാനുമുള്ള ചിന്തയുണ്ടാകും. അതിനാൽ തന്നോടൊപ്പം വിശ്രമിക്കാൻ ശിഷ്യരെ ക്ഷണിക്കുന്ന ഈശോയെ നാം ഉൾക്കൊള്ളണം. ധ്യാനത്തിലൂടെയും ദൈവവുമായുള്ള സംഭാഷണത്തിലൂടെയും പുതിയ വീര്യം ആർജിക്കാൻ നാം ശ്രമിക്കണം. ദൈവത്തിന്റെ ശൈലിയായ അനുകമ്പ നമുക്കുണ്ടാകണം. വ്യഗ്രതയിൽ മുഴുകാൻ അനുവദിക്കാത്ത ഹൃദയത്തിനു മാത്രമേ അലിവുള്ളതാകാൻ കഴിയൂ. യഥാർത്ഥത്തിൽ വിശ്രമിക്കാൻ പഠിച്ചാൽ നാമും അലിവുള്ളവരാകും. – ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു.

# വയോധികർ ജീവിതത്തെ പോഷിപ്പിക്കുന്ന അപ്പം: ഫ്രാൻസിസ് മാർപാപ്പ



വയോധികർ ജീവിതത്തെ പോഷിപ്പിക്കുന്ന അപ്പമാണെന്നും അവരെ വിസ്മരിക്കരുതെന്നും ഫ്രാൻസിസ് മാർപാപ്പ ഓർമ്മിപ്പിച്ചു. നമ്മെ വളർത്തിയ അവരുടെ സ്നേഹത്തിന് പകരമായി നമ്മുടെ സ്നേഹവും പരിചരണവും അവർക്ക് നൽകണം. കത്തോലിക്കാ സഭയുടെ പ്രഥമ വയോധിക ദിനാചരണത്തിൽ ദിവ്യബലിമധ്യേ പ്രസംഗിക്കുകയായിരുന്നു പാപ്പ.

അഞ്ചപ്പവും രണ്ടു മീനും കൊണ്ട് അയ്യായിരം പേരെ ഈശോ സംതൃപ്തരാക്കിയ സുവിശേഷ ഭാഗമാണ് പാപ്പ ഉദ്ധരിച്ചത്. ഈ അത്ഭുതത്തിൽ മൂന്ന് കാര്യങ്ങൾ കാണാനാകും. ഒന്നാമതായി, ഈശോ അവരുടെ വിശപ്പ് മനസ്സിലാക്കി. രണ്ടാമതായി, ഈശോ അപ്പം വർദ്ധിപ്പിച്ച് പങ്കുവച്ചു. മൂന്നാമതായി, മിച്ചം വന്നത് കുട്ടകളിൽ ശേഖരിക്കാൻ അവിടുന്ന് ആവശ്യപ്പെട്ടു. ഈ പ്രവൃത്തിയിലൂടെ യേശു നമുക്ക് നൽകുന്ന സന്ദേശം കാണുക, പങ്കുവയ്ക്കുക, സൂക്ഷിക്കുക എന്നതാണെന്ന് പാപ്പ ചൂണ്ടിക്കാട്ടി.

യുവാവ് അപ്പവും മീനും പങ്കുവച്ചതുപോലെ ഇന്ന് പുതുതലമുറയും വയോധികരും ഒരുമിച്ച് പങ്കുവയ്പ്പിന്റെ സംതൃപ്തി കണ്ടെത്തണമെന്ന് പാപ്പ ആഹ്വാനം ചെയ്തു. പരിശുദ്ധ കന്യകാ മറിയത്തിന്റെ മാതാപിതാക്കളായ വിശുദ്ധ യൊവാക്കിം-അന്ന ദമ്പതികളുടെ തിരുനാളിനോട് അടുത്തു വരുന്ന ജൂലൈയിലെ നാലാം ഞായറാണ് വയോജന ദിനമായി മാർപാപ്പ തെരഞ്ഞെടുത്തത്.

## ഭീകര ക്യാമ്പിൽ നിന്ന് പൗരോഹിത്യത്തിലേക്ക്

ഭീകരരുടെ തടവറയിൽ നിന്ന് രക്ഷപ്പെട്ടതിനു ശേഷം പൗരോഹിത്യം സ്വീകരിച്ച ദക്ഷിണസുഡാൻ സ്വദേശിയായ ഫാ. ചാൾസ് എംബിക്കോയുടെ അഭിമുഖം ശ്രദ്ധേയമാകുന്നു. 2007ൽ പൗരോഹിത്യം സ്വീകരിച്ച അദ്ദേഹവുമായുള്ള അഭിമുഖം ഈയിടെയാണ് ഇ.ഡബ്ല്യൂ.ടി.എൻ പ്രസിദ്ധീകരിച്ചത്.

1988ൽ പന്ത്രണ്ടാം വയസിലായിരുന്നു ചാൾസ് സെമിനാരിയിൽ പ്രവേശിച്ചത്. എന്നാൽ ഒരു വർഷത്തിനു ശേഷം ഭരണകൂടത്തിനെതിരെ പ്രക്ഷോഭം നടത്തുന്ന ഭീകരവാദികളുടെ സംഘം സെമിനാരിയിൽ നിന്ന് റെക്ടർ ഉൾപ്പെടെ 40 വിദ്യാർത്ഥികളെ ബന്ദികളാക്കി. കർശന സൈനിക പരിശീലനത്തിന് നിർബന്ധിതരായ അവരെ തോക്ക് ഉപയോഗിക്കാനും പരിശീലിപ്പിച്ചു.

നിരാശരായ അവരെ ആരൊക്കെ ഉപേക്ഷിച്ചാലും നമ്മെ സംരക്ഷിക്കാൻ ദൈവമുണ്ടെന്ന് പറഞ്ഞ് റെക്ടറച്ചൻ ആശ്വസിപ്പിക്കുമായിരുന്നു. ഒടുവിൽ രക്ഷപ്പെടാനുള്ള ഒരവസരം വന്നു ചേർന്നു. അപകടകരമായ ആ യാത്രയിൽ മുതലയും ചീങ്കണ്ണിയുമുള്ള രണ്ട് നദികൾ പിന്നിട്ട് അവരുടെ സംഘം 'യേ' എന്ന പട്ടണത്തിലെത്തിച്ചേർന്നു. പിന്നീട് ചാൾസ് സെമിനാരി പരിശീലനം തുടരുകയും സുഡാനിലെ ആഭ്യന്തരയുദ്ധം അവസാനിപ്പിച്ച ശേഷം 2007ൽ തിരുപ്പട്ടം സ്വീകരിക്കുകയും ചെയ്തു.

"എന്തുകൊണ്ട് എന്റെ ജീവിതത്തിൽ ഇത്ര മാത്രം ദുരിതങ്ങൾ അനുഭവിക്കേണ്ടിവന്നു? ഇന്നു ഞാൻ തിരിച്ചറിയുന്നു അത് പ്രതിസന്ധികളല്ലായിരുന്നു. എന്നെക്കുറിച്ചുള്ള ദൈവഹിതമായിരുന്നു. വലിയ പ്രശ്നങ്ങളിലൂടെയാണ് ദക്ഷിണ സുഡാൻ കടന്നു പോകുന്നത്. ഒരു വൈദികൻ എന്ന നിലയിൽ ജനങ്ങൾക്ക് പ്രത്യാശപകരുക എന്നത് എന്റെ ദൗത്യമാണ്." ഫാ. ചാൾസ് എംബിക്കോ പറഞ്ഞു. (ഫാ. ചാൾസ് എംബിക്കോയുമായുള്ള അഭിമുഖം കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.)

തയ്യാറാക്കിയത്: ഫാ. ജോസഫ് കളത്തിൽ

## കിഴക്കൻ തിമോറിൽ കത്തോലിക്കാ യൂണിവേഴ്സിറ്റി

ഏഷ്യൻ രാജ്യമായ കിഴക്കൻ തിമോറിൽ ആദ്യത്തെ കത്തോലിക്കാ യൂണിവേഴ്സിറ്റിക്ക് വഴിയൊരുങ്ങുന്നു. രാജ്യത്തെ പ്രമുഖ കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനമായ സെന്റ് ജോസഫ്സ് സ്കൂളിനെ യൂണിവേഴ്സിറ്റിയായി ഉയർത്താനുള്ള നടപടികളാണ് ആരംഭിച്ചത്.




ഇത് കിഴക്കൻ തിമോറിലെ വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റങ്ങൾക്ക് തുടക്കമാകുമെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു. പതിനാറാം നൂറ്റാണ്ടു മുതൽ പോർച്ചുഗീസ് കോളനിയായിരുന്ന കിഴക്കൻ തിമോർ 1975 മുതൽ 1999 വരെ ഇന്തോനേഷ്യയുടെ കീഴിലായിരുന്നു. ഇക്കാലഘട്ടത്തിൽ നിർമ്മിച്ച സ്കൂളാണ് യൂണിവേഴ്സിറ്റിയായി ഉയർത്തപ്പെടുന്നത്. ഏഷ്യയിൽ ഫിലിപ്പീൻസ് കഴിഞ്ഞാൽ കത്തോലിക്കാ ഭൂരിപക്ഷമുള്ള രണ്ടാമത്തെ രാജ്യമാണ് കിഴക്കൻ തിമോർ.

## അമേരിക്കയിൽ പുതിയ മിഷണറി ദൗത്യവുമായി 'ഫോക്കസ്'

ദൈവനിഷേധ ചിന്തകളും തീവ്ര സെക്കുലറിസവും സമൂഹത്തെ വരിഞ്ഞു മുറുക്കുമ്പോൾ ക്രിസ്തീയ സാക്ഷ്യമേകാൻ അമേരിക്കയിലെ കാംപസുകളിലേക്കും ഇടവകകളിലേക്കും 800 യുവ മിഷണറിമാർ എത്തുന്നു. 'ഫോക്കസ്' (ഫെലോഷിപ് ഓഫ് കാത്തലിക് യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ്) എന്നു പേരുള്ള മിനിസ്ട്രിയുടെ പുതിയ മിഷണറി ദൗത്യമാണിത്.




ജീവിത സാക്ഷ്യങ്ങളിലൂടെ ക്രിസ്തീയ സ്നേഹം പ്രഘോഷിക്കുക, അനേകം ആത്മാക്കളെ മിശിഹായ്ക്ക് വേണ്ടി നേടുക എന്നീ ലക്ഷ്യങ്ങളാണ് ഇവർക്കുള്ളത്. അമേരിക്കയിലെ 25 ഇടവകകളും ഏഴ് ഇന്റർനാഷണൽ കാംപസുകളും ഉൾപ്പെടെ 25 സ്ഥലങ്ങളിലേക്കാണ് ഇവർ എത്തുന്നത്. വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവരുടെ ക്രിസ്തുവിശ്വാസം പുനരുജ്ജീവിപ്പിക്കാൻ കരുത്തേകുന്ന ഈ ഉദ്യമം പൗരോഹിത്യ-സമർപ്പിത ദൈവവിളികൾ തിരിച്ചറിയാനും പുതുതലമുറയെ സഹായിക്കും.

കാംപസുകളിൽ ഇതിനകം 'ഫോക്കസ്' നടത്തിയ ശുശ്രൂഷകളിലൂടെ ആയിരത്തിൽപ്പരം പേർ പൗരോഹിത്യ-സമർപ്പിത ജീവിതാന്തസ് തിരഞ്ഞെടുത്തിട്ടുണ്ട്. ബൈബിൾ പഠനങ്ങൾ, വ്യക്തിപരമായ അനുഭവ സാക്ഷ്യങ്ങൾ, ഔട്ട് റീച്ച് പ്രോഗ്രാമുകൾ, മിഷൻ യാത്രകൾ എന്നിവയിലൂടെയാണ് വിദ്യാർത്ഥികളിലേക്കും ഇടവകക്കാരിലേക്കും മിഷണറിമാർ എത്തിച്ചേരുന്നത്.


## വീട്ടിലിരുന്നും പരസ്യം നൽകാം

ജന്മദിനം, വിവാഹം, വിവാഹവാർഷികം, ചരമ പരസ്യങ്ങൾ
മാമ്മോദീസ, ആദ്യകുർബാന സ്വീകരണം, ജൂബിലി


പരസ്യങ്ങൾ വാട്സാപ് വഴി നൽകുവാനുള്ള സൗകര്യം മലബാർ വിഷൻ ഒരുക്കുന്നു. ഓഫീസിലേക്കു വരാതെ തന്നെ വായനക്കാർക്കു നിമിഷനേരം കൊണ്ട് തങ്ങളുടെ പരസ്യങ്ങൾ മലബാർ വിഷനിൽ പ്രസിദ്ധീകരണത്തിനായി നൽകാം. ആദരാഞ്ജലികൾ, വിവാഹ ആശംസ, വിവാഹവാർഷികം, വിവാഹവുമായി ബന്ധപ്പെട്ട അറിയിപ്പുകൾ, ജന്മദിന ആശംസകൾ തുടങ്ങിയ പേഴ്സണൽ പരസ്യങ്ങളാണ് വാട്സാപ്പ് വഴി നൽകാവുന്നത്.

വിവരങ്ങൾക്ക്: 9497564558, 9745967733 വാട്സാപ്പ്: 9744995553

മലബാർ വിഷൻ



3-ാം ചരമവർഷികം
23-08-2021



മറിയക്കുട്ടി
കിഴക്കരെക്കാട്ട്
ചെമ്പനോട
ജനനം:10-03-1931
മരണം: 23-08-2018

41 -ാം ചരമദിനം
03-08-2021



ബേബി കെ.ജെ
കിഴക്കരെക്കാട്ട്
ചെമ്പനോട
ജനനം: 15-03-1959
മരണം: 24-06-2021

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# മിശ്രവിവാഹം അഥവാ സഭാന്തരവിവാഹം

**വിശ്വാസജീവിതത്തിനു തടസ്സമായേക്കാമെന്ന കാരണത്താൽ കത്തോലിക്കരുടെ വിവാഹം അക്രൈസ്തവരും അകത്തോലിക്കരുമായി നടത്തുന്നതിന് അനുവദിക്കപ്പെട്ടിരുന്നില്ല. എന്നാൽ 2–ാം വത്തിക്കാൻ കൗൺസിലിന്റെ എക്യുമെനിക്കൽ കാഴ്ച്ചപ്പാടു സഭയുടെ വിവാഹനിയമത്തിലും പ്രതിഫലിച്ചതിന്റെ ഫലമായി പിന്നീടുവന്ന നിയമസംഹിതകളിൽ ഇത്തരം വിവാഹങ്ങൾ നിയന്ത്രണവിധേയമായി അനുവദിക്കപ്പെട്ടുവരുന്നു**

റവ. ഡോ. എബ്രഹാം കാവിൽപുരയിടത്തിൽ

? ക്രൈസ്തവസഭകൾ തമ്മിൽ സഹകരണവും ഐക്യവും കൂടുതലായി കാണുന്ന ഒരു സാഹചര്യമാണല്ലോ ഇപ്പോൾ. ഒരു കത്തോലിക്കാസഭാംഗത്തിന് അകത്തോലിക്കാസഭയിൽ അംഗമായ ഒരു വ്യക്തിയെ വിവാഹം കഴിക്കുന്നതിനു തടസമുണ്ടോ? എന്തൊക്കെ കാര്യങ്ങളാണു സഭാനിയമം പറയുന്നത്?

● **അലക്സ് കാക്കനാട്**

ഒരു കത്തോലിക്കാവിശ്വാസിയും സാധുവായ മാമ്മോദീസ സ്വീകരിച്ചിട്ടുള്ളതും അകത്തോലിക്കാസഭകളിൽ ഏതെങ്കിലുമൊന്നിൽ അംഗവുമായ ഒരു വ്യക്തിയും തമ്മിലുള്ള വിവാഹത്തെയാണു സഭാനിയമസംഹിത 'മിശ്രവിവാഹം' എന്നു വിളിക്കുന്നത്. ഈ വിഷയത്തെക്കുറിച്ച് ഈ പക്തിയിൽ മറ്റു ചില ചോദ്യങ്ങളുടെ ഭാഗമായി നേരത്തെ പരാമർശിച്ചിട്ടുണ്ടെങ്കിലും വിഷയത്തിന്റെ വിവിധ പ്രായോഗികവശങ്ങൾ ഇവിടെ പഠനവിഷയമാക്കുന്നു. വിശ്വാസജീവിതത്തിനു തടസമായേക്കാമെന്ന കാരണത്താൽ കത്തോലിക്കരുടെ വിവാഹം അക്രൈസ്തവരും അകത്തോലിക്കരുമായി നടത്തുന്നതിന് അനുവദിക്കപ്പെട്ടിരുന്നില്ല. എന്നാൽ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ എക്യുമെനിക്കൽ കാഴ്ച്ചപ്പാടു സഭയുടെ വിവാഹനിയമത്തിലും പ്രതിഫലിച്ചതിന്റെ ഫലമായി പിന്നീടുവന്ന നിയമസംഹിതകളിൽ ഇത്തരം വിവാഹങ്ങൾ നിയന്ത്രണവിധേയമായി അനുവദിക്കപ്പെട്ടുവരുന്നു.

## പ്രത്യേക അനുവാദം ആവശ്യമാണ്

സഭാനിയമം മിശ്രവിവാഹത്തിനു പൊതുവായ അനുവാദം നൽകുന്നില്ല. എല്ലാവർക്കും വിവാഹം കഴിക്കാനുള്ള അവകാശത്തെ ഉയർത്തിപ്പിടിക്കുന്ന സഭാനിയമം (CCEO c.778; CIC c. 1058) രണ്ടു കത്തോലിക്കർ തമ്മിലുള്ള വിവാഹമാണു സാധാരണഗതിയിൽ അനുവദനീയമായി അവതരിപ്പിക്കുന്നത് (CCEO c.776; CIC cc. 1055, 1056). കത്തോലിക്കരും അകത്തോലിക്കരും തമ്മിലുള്ള മിശ്രവിവാഹം പ്രത്യേക അനുവാദത്തോടുകൂടി മാത്രമാണു നടത്താൻ കാനൻനിയമം അനുവദിക്കുന്നത്.

മിശ്രവിവാഹത്തെ സംബന്ധിക്കുന്ന നിയമം രണ്ടു കാനൻ നിയമസംഹിതകളിലും നൽകിയിട്ടുണ്ട്. (CCEO, cc.813-816; CIC cc. 1124-1128) അവ തമ്മിൽ കാര്യമായ വ്യത്യാസങ്ങൾ ഇല്ല. 'തക്ക അധികാരിയിൽനിന്നു മുൻകൂട്ടിയുള്ള അനുവാദമില്ലാതെ, മാമ്മോദീസ സ്വീകരിച്ച രണ്ടുപേർ തമ്മിൽ, അവരിൽ ഒരാൾ കത്തോലിക്കാവിശ്വാസിയും മറ്റേയാൾ അകത്തോലിക്കാവിശ്വാസിയുമായിരിക്കുമ്പോൾ, വിവാഹം നടത്തുന്നത് നിരോധിക്കപ്പെട്ടിരിക്കുന്നു' (CCEO c. 813). ലത്തീൻ സഭാനിയമത്തിലെ കാനൻ 1124–ഉം ഇതേകാര്യമാണ് അവതരിപ്പിക്കുന്നത്. അതായത്, ഭാരതത്തിന്റെ പശ്ചാത്തലത്തിൽ, സീറോമലബാർ, ലത്തീൻ, സിറോമലങ്കര എന്നീ കത്തോലിക്കാ വ്യക്തിസഭകളിലെ വിശ്വാസികൾക്കു തമ്മിൽ നിയമാനുസൃതം വിവാഹിതരാകാം. എന്നാൽ, ഈ മൂന്നു കത്തോലിക്കാ വ്യക്തിസഭകളിലെ വിശ്വാസികൾക്കു അക്രൈസ്തവസഭകളിലെ (ഉദാ: യാക്കോബായ സഭ, ഓർത്തഡോക്സ് സഭ, മാർത്തോമാസഭ, ചർച്ച് ഓഫ് സൗത്ത് ഇന്ത്യ, അസീറിയൻ ചർച്ച് ഓഫ് ദ ഈസ്റ്റ് തുടങ്ങിയവ) വിശ്വാസികളുമായി വിവാഹബന്ധത്തിലേർപ്പെടണമെങ്കിൽ പ്രത്യേക അനുവാദം ആവശ്യമാണെന്നു സഭാനിയമം പറയുന്നു.



ആരാണ് അനുവാദം നൽകുന്നത് എന്നതാണ് അടുത്ത ചോദ്യം. സ്ഥലമേലധ്യക്ഷനാണ് (Local hierarch or local ordinary) അനുവാദം നൽകേണ്ടത്. എന്നുവച്ചാൽ, രൂപതാദ്ധ്യക്ഷനോ രൂപതാദ്ധ്യക്ഷൻ നിയോഗിക്കുന്ന മറ്റൊരു വ്യക്തിയോ ഇതിനാവശ്യമായ അനുവാദം നൽകും.

## വ്യവസ്ഥകളോടെയുള്ള അനുവാദം

അടുത്ത ചോദ്യം ഈ അനുവാദം എന്തെങ്കിലും വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണോ നൽകുന്നത് എന്നതാണ്. മിശ്രവിവാഹത്തെ ഒരു അപവാദം (Exception) ആയാണു നിയമം പരിഗണിക്കുന്നത്. ഇത്തരത്തിലൊരു വിവാഹം നടത്താൻ ന്യായമായ കാര്യങ്ങൾ ഉള്ളപ്പോൾ താഴെപ്പറയുന്ന വ്യവസ്ഥകളാണു സഭാനിയമം നിഷ്കർഷിക്കുന്നത്:

● കത്തോലിക്കാവ്യക്തി തന്റെ വിശ്വാസത്തെ സംരക്ഷിച്ചു ജീവിക്കുമെന്ന് ഉറപ്പു നൽകണം (CCEO c. 814 -1°; CIC c. 1125 -1°).

● പ്രസ്തുത വിവാഹത്തിൽ ഉണ്ടാകുന്ന മക്കളെ കത്തോലിക്കാസഭയിൽ മാമ്മോദീസയും ശിക്ഷണവും നൽകി വളർത്തുന്നതിനു തന്റെ കഴിവിനനുസരിച്ച് പരിശ്രമിക്കുമെന്ന് ആത്മാർത്ഥമായി വാഗ്ദാനം ചെയ്യണം (CCEO c. 814 -1°; CIC c. 1125 -1°).

● കത്തോലിക്കാവ്യക്തി ചെയ്യുന്ന ഈ വാഗ്ദാനങ്ങളെക്കുറിച്ച് അകത്തോലിക്കാ വ്യക്തി യഥാസമയം അറിയുന്നുണ്ടെന്നും അതിനെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടെന്നും ഉറപ്പുവരുത്തണം (CCEO c. 814 -2°; CIC c. 1125 -2°).

● വിവാഹത്തിന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യങ്ങളെയും ഗുണങ്ങളെയും കുറിച്ചു രണ്ടു വ്യക്തികളും മനസ്സിലാക്കുകയും അതിനനുസരിച്ചു വിവാഹബന്ധത്തിലേർപ്പെടാൻ സമ്മതം അറിയിക്കുകയും വേണം (CCEO c. 814 -3°; CIC c. 1125 -3°).

● സഭാനിയമം അനുശാസിക്കുന്ന വിവാഹത്തിന്റെ കാനോനികക്രമമോ ഇത്തരം വിവാഹങ്ങൾക്കായി സഭ നിർദ്ദശിച്ചിരിക്കുന്ന പ്രത്യേകക്രമമോ ഉപയോഗിച്ചായിരിക്കണം വിവാഹം നടത്തേണ്ടത് (CCEO c. 834 §1; CIC cc. 1117, 1127 §-§1-2).

● ദൈവാലയത്തിൽ വച്ചു നിയമാനുസൃതം സഭ നിശ്ചയിച്ചിരിക്കുന്ന ക്രമമനുസരിച്ചു വിവാഹം നടത്തുന്നതിനു മുൻപോ ശേഷമോ പങ്കാളിയുടെ സഭയുടെ വിവാഹകർമ്മം ആവർത്തിക്കാൻ പാടില്ല (CCEO c. 839; CIC c. 1127§3).

## വിവാഹത്തിന്റെ കാനോനിക ക്രമം

വിവാഹത്തിന്റെ കാനോനിക ക്രമം (CCEO, c. 828; CIC c. 1108) ഉപയോഗിക്കുക എന്നത് ഈ നിബന്ധനകളിൽ പ്രധാനപ്പെട്ട ഒന്നാണ്. കത്തോലിക്കാസഭയുടെ കാനോനിക ക്രമത്തിൽ വിവാഹം ആശീർവദിക്കണം എന്നതു ചിലയവസരത്തിലെങ്കിലും അകത്തോലിക്കാവിശ്വാസികൾക്കു ബുദ്ധിമുട്ടുളവാക്കുന്നതാണ്. അത്തരം സാഹചര്യങ്ങളിൽ വിവാഹത്തിന്റെ കാനോനിക ക്രമത്തിൽ നിന്ന് ഒഴിവു (Dispensation) നൽകാനുള്ള സാധ്യത നിയമത്തിലുണ്ട്. പൗരസ്ത്യനിയമമനുസരിച്ച്, വിവാഹത്തിന്റെ കാനോനിക ക്രമത്തിൽനിന്നു വിടുതൽ നൽകുന്നതു ശ്ലൈഹിക സിംഹാസനമോ അല്ലെങ്കിൽ പാത്രിയർക്കീസ്/മേജർ ആർച്ച്ബിഷപ്പോ ആണ് (c. 835). വളരെ ഗൗരവകരമായ കാരണങ്ങൾ നിലനിൽക്കുമ്പോൾ മാത്രമേ ഈ ഒഴിവ് നൽകപ്പെടുകയുള്ളു. ഇപ്രകാരം വിവാഹത്തിന്റെ കാനോനിക ക്രമം ഉപയോഗിക്കുന്നതിൽ നിന്ന് ഒഴിവു ലഭിക്കാൻ ആഗ്രഹിക്കുന്ന ഒരു വിശ്വാസി ബന്ധപ്പെട്ട രൂപതാധ്യക്ഷന് അപേക്ഷ സമർപ്പിക്കുകയും രൂപതാദ്ധ്യക്ഷൻ അത് മേജർ ആർച്ച്ബിഷപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ആവശ്യമായ അനുമതി മേജർ ആർച്ച്ബിഷപ്പോ അതിനായി നിയോഗിക്കപ്പെട്ട അധികാരിയോ നൽകുകയും ചെയ്യുന്നു. ലത്തീൻ സഭയിൽ, വിവാഹത്തിന്റെ കാനോനിക ക്രമം ഉപയോഗിക്കുന്നതിൽ നിന്നുള്ള ഒഴിവു നൽകുന്നത് അപേക്ഷകന്റെ രൂപതാദ്ധ്യക്ഷനാണ് (c. 1127 § 2).

പൗരസ്ത്യ അകത്തോലിക്കാസഭയിലെ വ്യക്തിയുമായി കത്തോലിക്കാസഭയിലെ അംഗം നടത്തുന്ന വിവാഹത്തിൽ കാനോനിക ക്രമം ഉപയോഗിക്കുന്നത് വിവാഹം നിയമാനുസൃതമായി (Licit) നടത്തുന്നതിനുവേണ്ടി മാത്രമാണ് എന്നതു നിയമം വ്യക്തമാക്കുന്നുണ്ട്. വിവാഹത്തിന്റെ സാധുതക്ക് (Validity) നിയമം അനുശാസിക്കുന്ന മറ്റു കാര്യങ്ങൾ പാലിക്കുന്നതോടൊപ്പം പുരോഹിതന്റെ ആശീർവാദവും ആവശ്യമാണ് (CCEO c. 834 § 2; CIC c. 1127 § 1).

## യാക്കോബായ സഭയുമായുള്ള ധാരണ

പൗരസ്ത്യ അകത്തോലിക്കാസഭകളിൽ മലങ്കര സിറിയൻ ഓർത്തഡോക്സ് സഭയുമായി (യാക്കോബായ സഭ അഥവാ ബാവാകക്ഷി) കത്തോലിക്കാസഭ വിവാഹത്തെ സംബന്ധിച്ചു ചില ധാരണകളിൽ എത്തിച്ചേർന്നിട്ടുണ്ട്. ആ ധാരണപ്രകാരം, യാക്കോബായ സഭയിലെയും കത്തോലിക്കാസഭയിലെയും വിശ്വാസികൾ തമ്മിൽ മിശ്രവിവാഹത്തിന്റെ സാധ്യതകൾ ഉപയോഗിച്ചു വിവാഹം കഴിക്കുമ്പോൾ വിവാഹിതരാകുന്നവർ തങ്ങളുടെ രൂപതാദ്ധ്യക്ഷന്മാരിൽ നിന്നു മിശ്രവിവാഹത്തിനുള്ള അനുവാദം വാങ്ങണം. വിവാഹം ഏതു സഭയിൽ നടത്തണമെന്ന് വിവാഹിതരാകുന്നവർക്കു പരസ്പര ധാരണയിൽ തീരുമാനിക്കാവുന്നതാണ്. ഈ ധാരണ യാക്കോബായ സഭയുമായി മാത്രം ഉണ്ടാക്കിയിട്ടുള്ളതാണ്.

## കത്തോലിക്കാസഭയിലേക്കു സ്വീകരിക്കുമ്പോൾ

കത്തോലിക്കരും അകത്തോലിക്കരും തമ്മിൽ വിവാഹം നടത്താൻ ആലോചിക്കുമ്പോൾ ചിലപ്പോഴെങ്കിലും അകത്തോലിക്കാ വ്യക്തി കത്തോലിക്കാ വിശ്വാസം സ്വീകരിച്ചു വിവാഹം കഴിക്കാൻ ആഗ്രഹം പ്രകടിപ്പിക്കാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ കത്തോലിക്കാസഭയിലെ ഏതു സഭയിലേക്കാണ് അകത്തോലിക്കാവ്യക്തി കടന്നുവരേണ്ടത് എന്നതിനെക്കുറിച്ചുള്ള ചോദ്യങ്ങൾ ഉയർന്നുവരാറുണ്ട്. പൗരസ്ത്യ കാനൻ നിയമം പറയുന്നത് ഇപ്രകാരമാണ്: കത്തോലിക്കാസഭയുമായി പൂർണ്ണ കൂട്ടായ്മയിലേയ്ക്കു വരുന്നവരായ മാമ്മോദീസ സ്വീകരിച്ച അകത്തോലിക്കർ തങ്ങളുടെ അതേ വിശ്വാസ പാരമ്പര്യത്തിൽപെട്ട കത്തോലിക്കാ സ്വയാധികാര സഭയിലാണ് ചേരേണ്ടത് (c.35). അങ്ങനെ വരുമ്പോൾ, ഉദാഹരണത്തിന്, യാക്കോബായ, ഓർത്തഡോക്സ് സഭകളിൽപ്പെട്ട വിശ്വാസികളെ മലങ്കര കത്തോലിക്കാസഭയിലേയ്ക്കാണു സ്വീകരിക്കേണ്ടത്. സി. എസ്. ഐ. സഭാംഗങ്ങൾ ലത്തീൻ സഭയിൽ ചേരുമ്പോൾ, അസീറിയൻ ചർച്ച് ഓഫ് ദ ഈസ്റ്റിലെ അംഗങ്ങൾ സീറോമലബാർ സഭയിലാണു ചേർക്കപ്പെടുന്നത്. തങ്ങൾക്കു പരിചിതമായ റീത്തിന്റെയും മറ്റ് അനുഷ്ഠാനങ്ങളുടെയും തുടർച്ച ഉണ്ടാകുന്നതിനാണ് നിയമം ഈ വഴി അനുശാസിക്കുന്നത്.


അതേസമയം, വിവാഹത്തിനുവേണ്ടി ആ സമയത്തു കത്തോലിക്കാസഭയിലേക്ക് വരുന്ന ഒരു വ്യക്തി ഇപ്രകാരം നിർദ്ദേശിക്കപ്പെടുന്ന വ്യക്തിസഭയിൽ അംഗമാകുകയും എന്നാൽ വിവാഹത്തോടെ പങ്കാളിയുടെ വ്യക്തിസഭയുടെ ഭാഗമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ ഈ നിയമം എങ്ങനെ പ്രസക്തമാകുന്നു എന്നതിനെക്കുറിച്ചു ഇനിയും ചർച്ചകൾ നടക്കേണ്ടതുണ്ട്.

**സഭാ സംബന്ധമായ നിങ്ങളുടെ സംശയങ്ങൾക്ക് ഞങ്ങൾ മറുപടി നൽകാം.**

**ചോദ്യങ്ങൾ അയയ്ക്കേണ്ട**

**വിലാസം: എഡിറ്റർ,**
**മലബാർ വിഷൻ, പിഎംഒസി,**
**മേരിക്കുന്ന് പിഒ,**
**കോഴിക്കോട് –12**
**വാട്സാപ്പ്: 97 44 99 5553**

# അതിമോഹം ആപത്ത്



കുട്ടീസ് കോർണർ

ജെയിംസ് വെങ്ങിണിക്കൽ



കാക്കക്കൂട്ടത്തിൽ വേറിട്ടൊരു കാക്ക. അല്പ്പം ഒറിജിനാലിറ്റിയുള്ള കാക്കയാണെന്ന് കരുതിക്കോളൂ. ഈ കാക്കയ്ക്ക് മറ്റുള്ളവരെ പോലെ ആയിരിക്കുവാൻ ഇഷ്ടമില്ല. അൽപം പ്രത്യേകത വേണം. പരുന്തുകളെ പോലെ ഉയരത്തിൽ പറക്കണം. പിന്നെ കറുത്ത നിറം മാറണം. വെളുത്ത നിറം വേണം, ക്രാ..ക്രാ.. എന്ന പരുപരുത്ത ശബ്ദത്തിനു പകരം നല്ല മാധുര്യമുള്ള ശബ്ദം വേണം.

നിറത്തേക്കാൾ ശബ്ദം ഒന്നു ശരിയാക്കണം. അതിനു കുയിലിന്റെ സംഗീത ക്ലാസിൽ ചെന്നു ചേർന്നു. കുയിൽ തന്റെ കുഞ്ഞുങ്ങളെ പോലും സംഗീതം പഠിപ്പിക്കുന്നില്ല. ഉഴപ്പരാണ് അവർ സ്വതവേ! കൂടുണ്ടാക്കുകയോ കുഞ്ഞുങ്ങളെ നോക്കുകയോ ചെയ്യില്ല. കാക്കയുണ്ടാക്കുന്ന കൂട്ടിൽ പോയി മുട്ടയിട്ടിട്ട് പാട്ടും പാടി നടക്കും. നിറത്തിന്റെ കാര്യത്തിൽ കാക്കയും കുയിലും തുല്യരാണ്. എന്നാൽ ശബ്ദത്തിന്റെ കാര്യത്തിൽ ഒരു സാമ്യവുമില്ല. കുയിൽ സരിഗമ പധനിസ എന്നു പറയുമ്പോൾ കാക്ക ക്രാ...ക്രാ..എന്നു പറയും. അതുകൊണ്ട് പഠിത്തം മതിയാക്കി കാക്ക തിരിച്ചുവന്നു. എന്നാൽ സാധ്യമായത് ഇനി എന്ത് എന്ന് ചിന്തിച്ചു. പറക്കുന്ന കാര്യത്തിൽ പണ്ട് ഒന്ന് മത്സരിച്ചു നോക്കിയതാണ് അതു പരുന്തും കാക്കയും തമ്മിലുള്ള മത്സരമായിരുന്നു. പരുന്ത് നമ്മുടെ ജെറ്റ് ഉയരുന്നതുപോലെ ഉയരും. കാക്കയ്ക്ക് അതു പറ്റില്ല എന്നു തീരുമാനിച്ചു. എന്നാൽ നിറം മാറ്റി വെളുപ്പിക്കാനുള്ള ആലോചനയായി. കാട്ടിലെ കൂട്ടുകാരുടെ അടുത്തെത്തി. കലമാനും പേടമാനും മുയൽകുട്ടനും ആമച്ചേട്ടനും കുട്ടിക്കുരങ്ങും അണ്ണാറക്കണ്ണനും ഒക്കെ ആ ആലോചനയിൽ പങ്കുചേർന്നു.

കലമാൻ പറഞ്ഞു: "എടാ കാക്കക്കുട്ടാ നിന്റെ ആഗ്രഹം അൽപ്പം കടന്നതാണ്. നിന്റെ നിറത്തിനെന്താ കുഴപ്പം? നിനക്ക് പറക്കാൻ പറ്റും സ്വാതന്ത്ര്യവുമുണ്ട്. നിന്നെ ആരും കൂട്ടിലിട്ട് വളർത്തുകയില്ല. നിന്നെ പോലെ എനിക്ക് പറക്കണം എന്ന് ആഗ്രഹമുണ്ടായാൽ പറ്റുമോ? നിന്റെ ക്രാ...ക്രാ... ശബ്ദം കേട്ടാൽ തന്നെ ശത്രുക്കൾ ഓടിക്കളയും. നിന്നോടു സ്നേഹമുള്ളത് നീ പരിസരം ശുചിയാക്കും എന്നതിനാലാണ്. കവികളൊക്കെ നിന്നെക്കുറിച്ച് വളരെ വാചാലമായിട്ടാണ് പറയുന്നത്. അതുകൊണ്ട് നീ വളരെ മിടുക്കനാണ്."

ആമച്ചേട്ടൻ പറഞ്ഞു: "നിനക്ക് പറക്കാൻ നല്ല കഴിവുണ്ട്. എന്റെ കാര്യം ഒന്ന് ഓർത്തു നോക്കൂ. ഞാൻ എന്റെ കവചം കൊണ്ട് എത്ര വിഷമിച്ചാണ് നടക്കുന്നത്. എന്നിട്ടെന്താ എന്റെ പൂർവീകരായ ഓട്ടക്കാരായ മുയൽക്കുട്ടന്റെ കുടുംബത്തെ തന്നെ ഓട്ടപ്പന്തയത്തിൽ തോൽപ്പിച്ചില്ലേ..."

ഉടനെ മുയൽ പറഞ്ഞു എടാ! അനങ്ങാ കള്ളാ... പാറ പോലെ നിനക്ക് കവചമുണ്ട്. അതിനുള്ളിൽ നിന്നും തല നീട്ടിയാൽ നിന്റെ തല കാണില്ല ഓർത്തോണം. ഞങ്ങളുടെ വർഗ്ഗത്തെ തോൽപ്പിക്കാൻ ചീറ്റയ്ക്കു പോലും ആയിട്ടില്ല. ചതിയിലൂടെയല്ല നേരേ ചൊവ്വേ പന്തയം വച്ച് ഓടിയാൽ ഞങ്ങൾ തന്നെ ജയിക്കും. അതാണ് ഞങ്ങളുടെ മിടുക്ക്.

എല്ലാവരും പറഞ്ഞു: ഓരോരുത്തർക്കും അവരവരുടേതായ കഴിവും സാമർത്ഥ്യവും ഉണ്ട്. ജാത്യാലുള്ളത് തൂത്താൽ മാറുമോ? മയിൽ ചേച്ചി പറഞ്ഞു: "എന്റെ മയിൽ പീലി കണ്ട് നീ ഭ്രമിക്കുന്നുണ്ടെങ്കിൽ ആ വിചാരം അങ്ങ് കളഞ്ഞേക്കു!" കാക്കക്കുട്ടൻ പറഞ്ഞു: "നിങ്ങൾ പറയുന്നത് ഞാൻ കാര്യമാക്കുന്നില്ല. ഒന്നുമില്ലെങ്കിലും എന്റെ നിറം വെളുപ്പിക്കാൻ ഞാൻ നോക്കും. ആകാശത്തുകൂടി പറന്നു നടക്കുന്ന വെളുത്ത കാക്കയാകും. വയലിലും ഒക്കെ പറന്നു നടക്കുന്ന വെളുത്ത പക്ഷിയാകണം എനിക്ക്."

കുട്ടിക്കുരങ്ങ് പറഞ്ഞു: "അതിനിത്തിരി പുളിക്കും. ഞങ്ങളുടെ അപ്പനപ്പൂപ്പന്മാരായിട്ട് ഒരുപാടാഗ്രഹിച്ചതാ നാലുകാലേൽ നടക്കാതെ രണ്ടു കാലേൽ നടക്കാൻ. ഞങ്ങളിൽ തന്നെ ഏതോ ഒരു കുലദ്രോഹി അങ്ങനെ നടന്നു നോക്കി. മരംചാട്ടം നിർത്തി മണ്ണിൽ ഉരുണ്ടു. പുഴയിൽ മുങ്ങി നീന്തി. ഇന്നത്തെ നമ്മുടെ ശത്രുവായ മനുഷ്യനായി. ഞങ്ങളുടെ കൂട്ടത്തിൽ നിന്നും ഓടിക്കപ്പെട്ടു. ഇപ്പം അവരുടെ ക്രൂരവിനോദം എന്താണെന്നറിയണോ? ഞങ്ങൾ ഓടിക്കളിക്കുന്ന മരങ്ങൾ വെട്ടിക്കളയുക. ഞെക്കിയാൽ പൊട്ടുന്ന എന്തോ കുന്ത്രാണ്ടം കൊണ്ട് മൃഗങ്ങളെയെല്ലാം വേട്ടയാടി തിന്നുക. നമ്മുടെ ഭൂമിയെ തന്നെ തിന്നു തുടങ്ങി. അവർ നമ്മുടെ ശത്രുക്കളാണ്. കാക്കക്കുട്ടാ നീ ആ വഴിക്ക് ചിന്തിക്കരുത്."

കാക്കകുട്ടൻ പറഞ്ഞു. "നിങ്ങളൊക്കെ മൂരാച്ചികളാണ്. നിങ്ങൾക്ക് പുതിയ ഐഡിയ ഒന്നുമില്ല. കെട്ടിടങ്ങൾ വെള്ളപൂശുന്ന പെയിന്റർമാരുടെ അടുത്ത് ചെന്ന് അവരില്ലാത്ത തക്കം നോക്കി പെയിന്റിൽ മുങ്ങി കുളിച്ചു കയറും. അപ്പോൾ പിന്നെ ഞാൻ വെളുക്കും... ഹ... ഹ... ക്രാ... ക്രാ..." കാക്കക്കുട്ടൻ പറന്നകന്നു. കൂട്ടുകാർ സങ്കടത്തോടെ നോക്കി നിന്നു.

അങ്ങ് ദൂരെ കെട്ടിടം പെയിന്റടിക്കുന്ന സ്ഥലത്ത് ചെന്ന് പെയിന്റു പാത്രത്തിലേക്ക് ചാടി, മുങ്ങി നിവർന്നു. കാക്കക്കുട്ടന് സന്തോഷമായി. അവൻ പുറത്തേക്ക് പറക്കാൻ നോക്കി. പക്ഷേ പറക്കാൻ പറ്റുന്നില്ല. ആ കെട്ടിടത്തിന്റെ എഴാം നിലയിൽ നിന്നും പറക്കാൻ പറ്റാതെ കാക്കക്കുട്ടൻ താഴെ വീണു. ക്രാ... ക്രാ... എന്ന ശബ്ദം മാത്രം അന്തരീക്ഷത്തിൽ കേട്ടു. അതിമോഹം ആപത്തേ വരുത്തുകയുള്ളൂ. അങ്ങനെ കാക്കക്കുട്ടന്റെ കഥകഴിഞ്ഞു

# ക്വിസ് കോർണർ 2021

*മേയ് – ജൂൺ ലക്കം*
*വിജയികളായവർ:*

● ഒന്നാം സമ്മാനം, 1000 രൂപ
**സാനിയ ബെന്നി**
കൂലിപ്പറമ്പിൽ, മഞ്ഞക്കുന്ന്

● രണ്ടാം സമ്മാനം, 500 രൂപ
**റോസമ്മ ടോമി**
പാറയ്ക്കൽ, ചുണ്ടത്തുംപൊയിൽ

● മൂന്നാം സമ്മാനം, 250 രൂപ
**ഷോൺ സെബാസ്റ്റ്യൻ**
തുരുത്തിപ്പിള്ളിൽ, കൂടരഞ്ഞി

● പ്രോത്സാഹന സമ്മാനം
**ജിൻസി ഇ. ഡി.**
പുത്തൻപുരയ്ക്കൽ, കോട്ടയ്ക്കൽ

**ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ്പ് നമ്പർ**
**9744 99 5553**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

## 2021 ജൂലൈ – ആഗസ്റ്റ് ലക്കം ചോദ്യങ്ങൾ

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. മനുഷ്യനെ പാപത്തിലേക്ക് നയിക്കുന്നത് എന്താണ്?
2. മനുഷ്യന്റെ സ്വഭാവത്തെ നിർണ്ണയിക്കുന്ന രണ്ട് പ്രധാന ഘടകങ്ങൾ ഏതെല്ലാം?
3. അറിവിന്റെ ആഴങ്ങളിലേക്ക് മനുഷ്യന് അനായാസമായ പ്രവേശം നൽകിയത് എന്താണ്?
4. നിലവിലെ സംരംഭം കൂടുതൽ മെച്ചപ്പെടുത്താൻ KSMDFC യിൽ നിന്നും ലഭിക്കുന്ന ലോൺ ഏതാണ്?
5. ജീവനോടുള്ള സഭയുടെ എക്കാലത്തെയും നിലപാട് എന്താണ്?
6. ഡിഗ്രിതലത്തിൽ രാജ്യത്ത് ഇന്ന് നൽകിവരുന്ന ഏറ്റവും വലിയ സ്കോളർഷിപ്പ് ഏതാണ്?
7. ഉദ്യാന പരിപാലന മേഖലയിൽ പുതുതരംഗമാകുന്ന പരിപാലന രീതി ഏതാണ്?
8. ഏഷ്യയിൽ ഫിലിപ്പീൻസ് കഴിഞ്ഞാൽ കത്തോലിക്കാ ഭൂരിപക്ഷമുള്ള രണ്ടാമത്തെ രാജ്യം ഏത്?
9. 'വയോധികർ ജീവിതത്തെ പോഷിപ്പിക്കുന്ന അപ്പമാണ്' ഇതി ആരുടെ വാക്കുകളാണ്?
10. കത്തോലിക്ക വിശ്വാസിയും സാധുവായ മാമ്മോദീസ സ്വീകരിച്ച ഒരു അകത്തോലിക്കാ വിശ്വാസിയും തമ്മിലുള്ള വിവാഹത്തെ സഭാനിയമസംഗിത എന്താണ് വിളിക്കുന്നത്?

തയ്യാറാക്കിയത്: **ഫാ. സായി പാറൻകുളങ്ങര**

**ഉത്തരങ്ങൾ 2021 സെപ്റ്റംബർ 5ന് മുമ്പ് ലഭിക്കണം**

## മേയ് – ജൂൺ ലക്കം ഉത്തരങ്ങൾ

1. തൈറോയഡ് ഹോർമോൺ 2. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ 3. എല്ലാവരും സഹോദരർ 4. എന്തും സംഭവിക്കാം 5. ആത്മീയബന്ധം 6. ദൈവവുമായുള്ള സംഭാഷണം 7. മമ്മോദീസ സ്വീകരിക്കുന്ന വ്യക്തിയെ സഭയുടെ മുമ്പിൽ സമർപ്പിക്കുക, ക്രൈസ്തവ വിശ്വാസത്തിൽ വളരാൻ സഹായിക്കുക 8. TSH 9. സ്കൂളിൽ 10. വാചിക പ്രാർത്ഥന

## പൊതുനിർദ്ദേശങ്ങൾ

● മലബാർ വിഷൻ ക്വിസ് കോർണറിൽ പങ്കെടുക്കുന്നവർ ഈ പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്. ● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല. ● നിർദ്ദിഷ്ട കോളത്തിലല്ലാതെ പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല. ● സംശയങ്ങൾക്ക് വിളിക്കുക: 97 44 99 5553

ഇവിടെ മുറിക്കുക

**ഉത്തരങ്ങൾ ഇവിടെ എഴുതുക**

1
2
3
4
5
6
7
8
9
10

പേര്: ..............................

വീട്ടുപേര്: ..............................

ഇടവക: ..............................

ഫോൺ: ..............................

# സ്വാതന്ത്ര്യത്തിന്റെ ചിറകുകളിൽ തന്നിഷ്ടത്തിന്റെ കുരുക്കുകളോ?

**മനുഷ്യന്റെ സകല പ്രവൃത്തികളുടെയും ആധാരമായി വർത്തിക്കുന്ന സ്വാതന്ത്ര്യമാണ് പ്രശംസയ്ക്കും കുറ്റപ്പെടുത്തലിനും യോഗ്യതയ്ക്കും അധിക്ഷേപത്തിനും നിദാനമായിരിക്കുന്നത്. അതനുസരിക്കാതിരിക്കാനും തിന്മചെയ്യാനുമുള്ള തിരഞ്ഞെടുപ്പുകൾ സ്വാതന്ത്ര്യത്തിന്റെ ദുർവിനിയോഗമാണ്. അത് പാപത്തിലേക്ക് നയിക്കുന്നു**



ചിന്തയും ചർച്ചയും
ആന്റണി ചടയംമുറി



"എന്താ എനിക്ക് ഈ വീട്ടിൽ ഒരു സ്വാതന്ത്ര്യവുമില്ലേ..?" മാതാപിതാക്കളും മക്കളുമെല്ലാം അവരവരുടെ രീതിയിലും ശൈലിയിലും ഈ ചോദ്യം പരസ്പരം ഉന്നയിക്കാറുണ്ട്. ഭർത്താവ് ഭാര്യയോടും ഭാര്യ ഭർത്താവിനോടും മക്കൾ മാതാപിതാക്കളോടും ഈ ചോദ്യം ഉന്നയിക്കുമ്പോൾ വ്യക്തി എന്ന നിലയിലും ഒരു ക്രിസ്തീയ കുടുംബമെന്ന നിലയിലും സ്വാതന്ത്ര്യമെന്താണെന്നു നിർവചിക്കാൻ നാം നിർബന്ധിതരാകുന്നു.

ക്രിസ്തുമതം മാത്രമല്ല, വ്യവസ്ഥാപിത മതങ്ങളെല്ലാം തന്നെ മനുഷ്യൻ സ്വതന്ത്രജീവിയാണെന്ന് വിശ്വസിക്കുന്നു, പഠിപ്പിക്കുന്നു. ഇവിടെ എന്തെങ്കിലും തിരഞ്ഞെടുക്കാനുള്ള സിദ്ധി ഓരോരുത്തരും സ്വയം അവകാശപ്പെടുകയാണ്. മനസ്സാക്ഷിയുടെ സ്വാതന്ത്ര്യം, സാമൂഹ്യ സ്വാതന്ത്ര്യം, അഭിപ്രായ സ്വാതന്ത്ര്യം, രാഷ്ട്രീയ സ്വാതന്ത്ര്യം എന്നിങ്ങനെ സ്വാതന്ത്ര്യത്തിന്റെ വിവരണ പട്ടിക നീളമേറിയതാണ്.

## സ്വാതന്ത്ര്യവും ഉത്തരവാദിത്വവും

നമ്മുടെ കുടുംബങ്ങളിലെ സ്വാതന്ത്ര്യം എന്ന പദത്തിന്റെ പശ്ചാത്തലത്തിൽ നമുക്ക് കാണാനാവുക അവന്റെ / അവളുടെ ആഗ്രഹപൂർത്തീകരണത്തിന് തടസ്സമില്ലാത്ത അവസ്ഥയാണ്. ഒരു വ്യക്തിയുടെ സ്വാതന്ത്ര്യമെന്നതിന്റെ വിശകലനം അയാൾ പുലർത്തേണ്ട ഉത്തരവാദിത്വത്തോട് ബന്ധപ്പെടുത്തി ചിന്തിക്കുകയെന്നതാണ് ക്രിസ്തീയ രീതി. ഉദാഹരണം പറയാം: വർഗീസ് ഒരു കുടുംബസ്ഥനാണ്. ദിവസേന അയാൾക്ക് കൂലിയായി 900 രൂപ ലഭിക്കുന്നു. ഈ പണം അയാൾ അദ്ധ്വാനിച്ച് സ്വന്തമാക്കുന്നതിനാൽ, ആ തുക കൊണ്ട് മദ്യം വാങ്ങുകയോ ചീട്ട് കളിക്കുകയോ ചെയ്യാൻ അയാൾക്ക് സ്വാതന്ത്ര്യമുണ്ടോ.? ഇല്ല. കാരണം, സ്വന്തം കുടുംബത്തെ പോറ്റേണ്ട ഉത്തരവാദിത്വം ഇത്തരമൊരു തന്നിഷ്ടപരമായ സ്വാതന്ത്ര്യത്തിൽ നിന്ന് വർഗീസിനെ പിന്നാക്കം വലിക്കുന്നു.

കുടുംബനാഥയുടെ സ്വാതന്ത്ര്യം അവളുടെ ഉത്തരവാദിത്വത്തിന്റെ പശ്ചാത്തലത്തിൽ വേണം ചിന്തിക്കാൻ. ഇവിടെയും ഒരു ഉദാഹരണം നല്ലതാണ്. റൂബി വിവാഹിതയായിട്ട് ഏറെ നാളായിട്ടില്ല. ഭർത്താവ് ഗൾഫിൽ, എല്ലാമാസവും കൃത്യമായി ഭർത്താവ് റൂബിക്ക് പണമയക്കാറുണ്ട്. ആദ്യമൊന്നും റൂബിയുടെ പെരുമാറ്റത്തിൽ കുഴപ്പമൊന്നും ഇല്ലായിരുന്നു. പതിയെ പതിയെ റൂബിയൊരു ധൂർത്തുകാരിയായി. ആഡംബരങ്ങൾക്ക് പണം ചിലവാക്കിതുടങ്ങി. ഗൾഫുകാരന്റെ ഭാര്യ എന്ന ആലങ്കാരിക പദവിയിൽ അവൾ ഭർത്താവിനോട് ആലോചിക്കാതെ ആരെയോ കൂട്ടുപിടിച്ച് ഓഹരികളിൽ പണം നിക്ഷേപിച്ചു തുടങ്ങി. ഭർത്താവ് മടങ്ങിയെത്തിയപ്പോൾ അയാൾ അയച്ച പണമൊന്നും ബാങ്കിലില്ല. റൂബിയുടെ കൈവശം ഓഹരിവാങ്ങിയതിന്റെ കുറേ കടലാസുകൾ മാത്രം. എന്റെ ഭർത്താവിന്റെ സമ്പാദ്യം എങ്ങനെ ചിലവഴിക്കണമെന്നു തീരുമാനിക്കാൻ എനിക്കു സ്വാതന്ത്ര്യമില്ലേയെന്ന് റൂബി ചോദിക്കുന്നു. ഇവിടെയും ക്രിസ്തീയ ദമ്പതികളെ സംബന്ധിച്ച ഉത്തരവാദിത്വത്തിന്റെ കുറവ് കാണാനാകുന്നു.

## ഇടപെടൽ വേണം

ഇനി കുട്ടികളെക്കുറിച്ച് ചിന്തിക്കാം: ഒരു വിധത്തിൽ പറഞ്ഞാൽ ചെറുപ്രായം മുതൽ തുടങ്ങും കുട്ടികളുടെ പരാതി. "പഠിക്ക് പഠിക്ക് എന്നല്ലാതെ അച്ഛനും അമ്മയും എന്തെങ്കിലും എന്നോട് പറയാറുണ്ടോ? ഈ വീട്ടിൽ ഒരു സ്വാതന്ത്ര്യവുമില്ല." 1989 നവംബർ 29നാണ് ഐക്യരാഷ്ട്രസഭ കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ച ഉടമ്പടി പ്രാവർത്തികമാക്കുന്നത്. കുട്ടികളുടെ താൽപര്യങ്ങളോടുള്ള ബഹുമാനം, ജീവിക്കാനും അതിജീവനത്തിനും വളർച്ചയ്ക്കും കാഴ്ച്ചപാടുകൾ രൂപീകരിക്കാനുമുള്ള അവരുടെ അവകാശം എന്നിവയാണ് ഉടമ്പടിയുടെ മൂല്യതത്വങ്ങൾ. എന്നാൽ കുട്ടികളെ സംബന്ധിച്ച് സ്വാതന്ത്ര്യത്തിന്റെ അർത്ഥതലത്തിന്റെ അടരുകളിൽ ഒരു ശിശു മാതാപിതാക്കളെ എല്ലാ കാര്യങ്ങളിലും ആശ്രയിക്കേണ്ടി വരുന്നുവെന്ന ചിന്തയുമുണ്ട്. കുട്ടികളുടെ അതിജീവനം പൂർണ്ണമായും മാതാപിതാക്കളെ ആശ്രയിച്ചാണ്. അതുകൊണ്ടു തന്നെ ആ വ്യക്തിയുടെ സമഗ്രവികസനവും പുരോഗതിയുമെല്ലാം ലക്ഷ്യമാക്കിയുള്ള മാതാപിതാക്കളുടെ ഇടപെടൽ ആ കുട്ടിയുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നില്ല.

## സ്വാതന്ത്ര്യത്തിന്റെ ധാർമ്മികമാനം

ഒരു മനുഷ്യൻ സ്വതന്ത്രമായി തീരുമാനമെടുക്കുന്നുവെന്ന് പറയാറുണ്ട് പലപ്പോഴും. ഉദാഹരണം: നിങ്ങൾക്ക് ഒരു പ്രത്യേക തരം സോപ്പ് ഇഷ്ടമാണെന്നിരിക്കട്ടെ, ആ സോപ്പ് സ്വന്തമാക്കാൻ നിങ്ങൾക്ക് സ്വാതന്ത്ര്യവുമുണ്ട്. എന്നാൽ ആ സോപ്പിനെ കുറിച്ചുള്ള ഇഷ്ടം നിങ്ങളുടെ മനസിൽ എങ്ങനെ രൂപപ്പെട്ടു? പരസ്യങ്ങൾ, മറ്റുള്ളവരുടെ അനുഭവ സാക്ഷ്യം, അല്ലെങ്കിൽ ഒന്നെടുത്താൽ രണ്ടുകിട്ടുമെന്ന ലാഭക്കണക്ക് എല്ലാം നിങ്ങളുടെ ഈ ഇഷ്ടത്തെ സ്വാധീനിക്കുന്നു. അപ്പോൾ ആ സ്വാതന്ത്ര്യത്തിന്റെ കാണാച്ചരട് നിങ്ങളുടെ മനസിലാണെന്ന് വരുമ്പോൾ ധാർമികമായ മാനം ഈ ചിന്തയിലേക്ക് കടന്നുവരുന്നു. മനസ്സിനോടൊപ്പം ആത്മാവിനെക്കുറിച്ചും ക്രൈസ്തവരെപ്പറ്റി ചിന്തിക്കുമ്പോൾ പറയണം ധാർമ്മികമായി ഒരു നല്ല കാര്യത്തിനായി ഭാവാത്മകമായ ഉദ്ദേശത്തോടെ സ്വാതന്ത്ര്യം വിനിയോഗിക്കുമ്പോഴാണ് അത് ക്രിയാത്മകമായി മാറുന്നത്.

സ്കൂളിൽ പോകാതിരിക്കാനുള്ള സ്വാതന്ത്ര്യം, ഇഷ്ടപ്പെട്ട കംപ്യൂട്ടർ ഗെയിം കളിക്കുന്നതിനുള്ള കുട്ടികളുടെ സ്വാതന്ത്ര്യം എന്നിവ മാതാപിതാക്കൾ നിയന്ത്രിക്കുമ്പോൾ അത് കുട്ടികളുടെ സ്വാതന്ത്ര്യം നിഷേധിക്കലാണെന്ന് പറയാനാവില്ല. കാരണം, ആ കുട്ടിയുടെ വ്യക്തിത്വ വികസനം നടന്നേ പറ്റൂ. ഒരു തീവണ്ടി പാളങ്ങളിലൂടെ വേണം സഞ്ചരിക്കാൻ. പാളം തെറ്റിയാൽ അപകടമുണ്ടാകും.

അപക്വമായ അറിവുകളുടെ ആധിക്യം കുട്ടികളെ ഇന്ന് 'പണ്ഡിത'ന്മാരാക്കുന്നുണ്ട്. തീ കത്തുമ്പോൾ ചൂടുണ്ടാകുന്നുവെന്ന് കുട്ടിക്കറിയാം. പക്ഷേ അതേ തീയിൽ ചവിട്ടിയാൽ സ്വന്തം കാലുപൊള്ളുമെന്നറിയാത്തതുപോലെയുള്ള അറിവാണത്. പല കുട്ടികൾക്കും ഇന്ന് ഗൂഗിൾ ഡാഡിയും ഗൂഗിൾ മമ്മിയും മതി!

## സ്വാതന്ത്ര്യം ലക്ഷ്യോന്മുഖം

പ്രമുഖ ദൈവശാസ്ത്രജ്ഞനായ കാൾ റാനർ ഇക്കാര്യത്തിൽ മികച്ച ഒരു പ്രസ്താവന നടത്തിയിട്ടുണ്ട്. 'സ്വാതന്ത്ര്യം എപ്പോഴും ലക്ഷ്യോന്മുഖമാണ്' നേരത്തെ പറഞ്ഞ വർഗ്ഗീസ് എന്ന കുടുംബനാഥനും റൂബിയെന്ന വീട്ടമ്മയും അവരുടെ പ്രവൃത്തികൾ നന്മയ്ക്കാണോ തിന്മയ്ക്കാണോ എന്നുള്ള ചിന്ത അവരുടെ സ്വാതന്ത്ര്യവിനിയോഗത്തെ സ്വാധീനിക്കണമെന്നു ചുരുക്കം. കത്തോലിക്ക മതബോധന ഗ്രന്ഥം പറയുന്നു: 'മനുഷ്യന്റെ സകല പ്രവൃത്തികളുടെയും ആധാരമായി വർത്തിക്കുന്ന സ്വാതന്ത്ര്യമാണ് പ്രശംസയ്ക്കും കുറ്റപ്പെടുത്തലിനും യോഗ്യതയ്ക്കും അധിക്ഷേപത്തിനും നിദാനമായിരിക്കുന്നത്. അതനുസരിക്കാതിരിക്കാനും തിന്മചെയ്യാനുമുള്ള തിരഞ്ഞെടുപ്പുകൾ സ്വാതന്ത്ര്യത്തിന്റെ ദുർവിനിയോഗമാണ്. അത് പാപത്തിലേക്ക് നയിക്കുന്നു.' (നമ്പർ 1732,1734)

ഇനി സ്വാതന്ത്ര്യ നിർവഹണത്തെ കുറിച്ച്: ക്രൈസ്തവർക്ക് സ്വാതന്ത്ര്യത്തെ തന്നിഷ്ടം നിറവേറ്റലായി കാണാനാവില്ല. കാരണം, നാം ക്രിസ്തുവിനെ പിഞ്ചെല്ലുന്നവരാണ്. ക്രിസ്തു പിതാവിന്റെ ഹിതം നിറവേറ്റിക്കൊണ്ട് നമുക്ക് മാതൃക നൽകി. മെച്ചപ്പെട്ട ഒരു വ്യക്തിയാവാൻ സമൂഹത്തിന് സാക്ഷ്യമായി മാറുന്ന കുടുംബമാകാനുള്ള നമ്മുടെ വിളി സഫലമാക്കണം നാം. അപ്പോൾ മനുഷ്യസ്വാതന്ത്ര്യം ക്രൈസ്തവമാകും. ക്രൈസ്തവന്റെ ആത്മപ്രകാശനമാണ് സ്വാതന്ത്ര്യം.

## സ്വാതന്ത്ര്യത്തെക്കുറിച്ച് മതബോധനഗ്രന്ഥവും കൗൺസിൽ പ്രബോധനങ്ങളും എന്തുപറയുന്നു?

സ്വാതന്ത്ര്യത്തെക്കുറിച്ച് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പറയുന്നു: "പ്രവർത്തിക്കാനോ, പ്രവർത്തിക്കാതിരിക്കാനോ, ഇതോ അതോ ചെയ്യാനോ അങ്ങനെ സ്വന്തം ഉത്തരവാദിത്വത്തിൽ മനഃപൂർവമായ പ്രവൃത്തികൾ ചെയ്യാനുള്ളതും ബുദ്ധിയിലും ഇച്ഛയിലും വേരൂന്നിയിട്ടുള്ളതുമായ ശക്തിയാണ് സ്വാതന്ത്ര്യം. സ്വതന്ത്രമനസുകൊണ്ട് ഒരാൾ തന്റെ തന്നെ ജീവിതം രൂപപ്പെടുത്തുന്നു. സത്യത്തിലും നന്മയിലും വളരാനും പക്വത പ്രാപിക്കാനും വേണ്ടി മനുഷ്യനിലുള്ള ഒരു ശക്തിയാണ് സ്വാതന്ത്ര്യം. നമ്മുടെ സൗഭാഗ്യമായ ദൈവത്തിലേക്ക് തിരിച്ചുവിടപ്പെടുമ്പോൾ സ്വാതന്ത്ര്യം അതിന്റെ പൂർണ്ണത പ്രാപിക്കുന്നു.(നമ്പർ 1731) ഒരാൾ എത്ര കൂടുതൽ നന്മചെയ്യുന്നുവോ അത്ര കൂടുതൽ സ്വതന്ത്രനായിത്തീരുന്നു. നന്മയുടെയും നീതിയുടെയും ശുശ്രൂഷയിലൂടെയല്ലാതെ യഥാർത്ഥ സ്വാതന്ത്ര്യമില്ല." (നമ്പർ 1733)

● സ്വാതന്ത്ര്യത്തെക്കുറിച്ച് ഒന്നാം വത്തിക്കാൻ കൗൺസിലും രണ്ടാം വത്തിക്കാൻ കൺസിലും പറയുന്നു: "അവിടുത്തെ പരിപാലനയാൽ ദൈവം സൃഷ്ടിച്ചതിനെയെല്ലാം സംരക്ഷിക്കുകയും ഭരിക്കുകയും ചെയ്യുന്നു. അതുപോലെ ഇനി അസ്ഥിത്വത്തിലേക്ക് വരാനുള്ളതിനെക്കൂടി അവിടുന്ന് പരിപാലിക്കുന്നു. ഇത് നടപ്പിലാക്കുന്നത് സൃഷ്ടിയുടെ സ്വതന്ത്രമായ പ്രവർത്തനങ്ങളിലൂടെയാണ്." (ദൈവത്തിന്റെ പുത്രൻ, ഒന്നാം വത്തിക്കാൻ കൗൺസിൽ ഡിക്രി, നമ്പർ 413)

● മനുഷ്യന് നന്മയായിട്ടുള്ളതിലേക്ക് ശ്രദ്ധതിരിക്കാനാകുന്നത് സ്വാതന്ത്ര്യമുള്ളതിനാലാണ്. അവനിലുള്ള ദൈവികഛായയുടെ അടയാളമാണ് സ്വാതന്ത്ര്യം (സഭ ആധുനിക ലോകത്തിൽ. രണ്ടാം വത്തിക്കാൻ കൗൺസിൽ ഡിക്രി, നമ്പർ17)

# വെള്ളപ്പാണ്ട്: ലക്ഷണങ്ങളും ചികിത്സയും

ആരോഗ്യരംഗം

ഡോ. ഫിബിൻ തൻവീർ
ഡെർമറ്റോളജി വിഭാഗം സീനിയർ കൺസൽട്ടന്റ്, സ്റ്റാർകെയർ ഹോസ്പിറ്റൽ, കോഴിക്കോട്

പലരിലും ഭീതി ഉളവാക്കുന്ന ഒരു രോഗമാണ് വെള്ളപ്പാണ്ട്. എന്നാൽ ആന്തരികാവയവങ്ങളെ സാരമായി ബാധിക്കാത്ത, മറ്റുള്ളവരിലേക്ക് പടരാത്ത വെറും ഒരു നിറവ്യത്യാസം മാത്രമാണ് വെള്ളപ്പാണ്ട് (Vitiligo).

മെലാനിൻ എന്ന അംശമാണ് ശരീരത്തിന് നിറം നൽകുന്നത്. ചില കാരണങ്ങളാൽ തൊലിയുടെ ചില ഭാഗത്ത് മെലാനിന്റെ അളവ് കുറയുന്ന അവസ്ഥയെയാണ് വെള്ളപ്പാണ്ട് എന്ന് പറയുന്നത്. മെലനോസൈറ്റ് എന്ന കോശങ്ങളാണ് മെലാനിൻ ഉത്പാദിപ്പിക്കുന്നത്. ഒരു ഓട്ടോഇമ്യൂൺ പ്രക്രിയ അതായത് ശരീരത്തിന്റെ പ്രതിരോധശേഷി ചില ഭാഗത്ത് സ്വന്തം മെലനോസൈറ്റുകളെ നശിപ്പിക്കുന്നതാണ് വെള്ളപ്പാണ്ടിന്റെ പ്രധാന കാരണം.

ജനിതകമായ കാരണങ്ങൾ ഉണ്ടെങ്കിലും വെള്ളപ്പാണ്ടിനെ ഒരു പാരമ്പര്യ രോഗമായി കണക്കാക്കാൻ പറ്റില്ല. 10 നും 30 നും വയസിനിടയിലാണ് പലർക്കും വെള്ളപ്പാണ്ട് പ്രത്യക്ഷപ്പെടുന്നതെങ്കിലും ചെറിയ കുട്ടികളിലും പ്രായമായവരിലും വെള്ളപ്പാണ്ട് കണ്ടുവരാറുണ്ട്. ചർമത്തിൽ ക്രമേണ വെള്ള നിറം വരികയും രോമത്തിന്റെ നിറവും വെള്ളയായി മാറുകയാണ് രോഗലക്ഷണങ്ങൾ. ഈ പാടുകൾ കൃത്യമായി തിരിച്ചറിയാൻ പറ്റുന്ന പാടുകളായിരിക്കും. വെള്ളപ്പാണ്ടിൽ തൊലിയുടെ പ്രതലത്തിൽ മാറ്റങ്ങൾ ഉണ്ടാവാറില്ല. തൊലി ചുളുങ്ങുക/തൊലി പൊടിയുക/കട്ടിവെക്കുക എന്നിങ്ങനെയൊന്നും ഉണ്ടാവില്ല. പാടിന്റെ അരികുകൾ ചിലപ്പോൾ സ്വാഭാവിക നിറമോ അല്ലെങ്കിൽ നിറം കൂടിയതോ ആകാം.

വെള്ളപ്പാണ്ട് പലതരത്തിലുണ്ട്. ശരീരത്തിൽ ഏതൊക്കെ ഭാഗങ്ങൾ ബാധിക്കപ്പെട്ടിട്ടുണ്ട് എന്നതിനനുസരിച്ചാണ് പാണ്ടിന്റെ തരംതിരിക്കൽ.

- **Focal / Localized Vitiligo:**

ഇവയിൽ ശരീരത്തിന്റെ ചില ഭാഗങ്ങൾ ഉദാഹരണത്തിന് നെഞ്ച്, കാലുകൾ, മുഖം എന്നിവിടങ്ങളിൽ 3–4 പാടുകൾ ഉണ്ടാകും

- **Segmental Vitiligo:**

ഇടത്ത് ഭാഗത്തോ വലത്ത് ഭാഗത്തോ അതായത് ശരീരത്തിന്റെ നേർപാതി കടക്കാത്ത വിധത്തിൽ പാടുകളുണ്ടാകുന്നതാണ് ഇവ.

- **Generalized Vitiligo:**

ശരീരത്തിന്റെ പല ഭാഗത്തും അംഗപ്പൊരുത്തമായി പാടുകളുണ്ടാവുന്നതിനെയാണ് ഇങ്ങനെ വിളിക്കുന്നത്.

- **Acrofacial/LipTip Vitiligo:**

കൈകാൽ വിരലുകളിലും ചുണ്ടുകളിലും വരുന്ന വെള്ളപ്പാണ്ടിനെ Acrofacial അഥവാ Liptip Vitiligo എന്ന് വിളിക്കുന്നത്.

ഓരോ തരം വെള്ളപ്പാണ്ടിന്റെയും രോഗനിദാനം വ്യത്യസ്തമാണ്.

ചില ആൾക്കാരിൽ മുറിവുകളുണ്ടായ സ്ഥലങ്ങളിലും വെള്ളപ്പാണ്ടിന്റെ പാടുകൾ കാണപ്പെടാറുണ്ട്. വെള്ളപ്പാണ്ട് ഉള്ളവരിൽ അതേ പോലുള്ള ഓട്ടോഇമ്യൂൺ അസുഖങ്ങൾ കണ്ടുവരാറുണ്ട്. ലക്ഷണങ്ങൾ അനുസരിച്ച് ഇതിനായി വിവിധ ടെസ്റ്റുകൾ നിർദ്ദേശിക്കപ്പെടാം. വെള്ളപ്പാണ്ടിന്റെ രോഗനിർണയത്തിന് പക്ഷേ പ്രത്യേക ടെസ്റ്റുകളുടെ ആവശ്യം വരാറില്ല.

വെളുത്ത പാടുകളെല്ലാം വെള്ളപ്പാണ്ടല്ല. പേടി കാരണം പലരും ആദ്യം പാടുകൾ കാണുമ്പോൾ ഡോക്ടറെ കാണാൻ മടിക്കും. ചിലപ്പോൾ അത് ചുണങ്ങ് പോലെ നിഷ്പ്രയാസം ചികിത്സിച്ച് മാറ്റാവുന്ന രോഗമായേക്കാം.



വെള്ളപ്പാണ്ടിന്റെ ചികിത്സ പ്രധാനമായും അസുഖം പടരുന്നത് തടയുക എന്നതും നഷ്ടപ്പെട്ട നിറം വീണ്ടെടുക്കുക എന്നതുമാണ്. താഴെ കൊടുത്ത കാര്യങ്ങളാണ് വെള്ളപ്പാണ്ട് രോഗികൾ ശ്രദ്ധിക്കേണ്ടത്.


**വെള്ളപ്പാണ്ടിനെ ഒരു പാരമ്പര്യ രോഗമായി കണക്കാക്കാൻ പറ്റില്ല. 10 നും 30 നും വയസിനിടയിലാണ് പലർക്കും വെള്ളപ്പാണ്ട് പ്രത്യക്ഷപ്പെടുന്നതെങ്കിലും ചെറിയ കുട്ടികളിലും പ്രായമായവരിലും വെള്ളപ്പാണ്ട് കണ്ടുവരാറുണ്ട്.**

- ചികിത്സയിൽ പെട്ടെന്നൊരു പുരാഗതി കണ്ടെന്നു വരില്ല. അതിനാൽ മടുപ്പു തോന്നാതെ മാസങ്ങളോളം ഡോക്ടർ നിർദ്ദേശിച്ച മരുന്നുകൾ തുടരണം.
- പാടുകളിലുള്ള രോമങ്ങൾ കറുത്ത നിറത്തിലാണെങ്കിൽ അതൊരു നല്ല ലക്ഷണമാണ്. രോമകൂപങ്ങൾ മെലാനിന്റെ ഉത്ഭവമായതിനാൽ ഇവയെ ചികിത്സയിലൂടെ തൊലിയിലേക്ക് പടർത്താൻ കഴിയും.
- ചികിത്സ ആരംഭിച്ചാൽ രോമകൂപങ്ങൾക്ക് ചുറ്റുമായോ അല്ലെങ്കിൽ അരികുകളിൽ നിന്നുമോ ആണ് നിറം വച്ച് തുടങ്ങുക. മരുന്നുകളും ലേപനങ്ങളും കൂടാതെ ഫോട്ടോതെറാപ്പി അഥവാ പ്രത്യേക തരംഗദൈർഘ്യം ഉള്ള രശ്മികൾ ഉള്ള പ്രകാശം ഉപയോഗിച്ചുള്ള ചികിത്സയും ഇന്നുണ്ട്.

പടരാത്ത വെള്ളപ്പാണ്ടിന്റെ പാടുകൾക്ക് ഇപ്പോൾ ശസ്ത്രക്രിയ ലഭ്യമാണ്. നിറമുള്ള ഭാഗത്തെ തൊലിയിൽ നിന്ന് മെലാനോസൈറ്റ് കോശങ്ങൾ വെള്ളപ്പാണ്ട് ഉള്ള സ്ഥലത്ത് വെച്ച് പിടിപ്പിക്കുകയാണ് ഇതിൽ ചെയ്യുന്നത്. നിറമുള്ള തൊലി ഒരു നേർത്ത പാളി ആയിട്ടോ അല്ലെങ്കിൽ മെലാനോസൈറ്റ് കോശങ്ങൾ മാത്രമായോ അടർത്തി എടുക്കും. എന്നിട്ട് വെള്ളപ്പാണ്ട് ഉള്ള തൊലിയുടെ പ്രതലം ചുരണ്ടി എടുത്ത് അടർത്തിയെടുത്ത കോശങ്ങൾ വെച്ച് പിടിപ്പിക്കും. കാലക്രമേണ ഈ കോശങ്ങളുടെ പ്രവർത്തനം കാരണം പുതിയ മെലാനിൻ ഉൽപ്പാദിപ്പിക്കപ്പെടും. ശസ്ത്രക്രിയ ചെയ്യുന്ന ഭാഗം മാത്രം മരവിപ്പിച്ചിട്ടാണ് ഇത് ചെയ്യുക. അതിനാൽ ആശുപത്രിവാസത്തിന്റെ ആവശ്യമില്ല. വളരെ ലളിതമായ ഒരു രീതിയാണിത്.

സംഗീത ഇതിഹാസം മൈക്കിൾ ജാക്സന്റെ ചരമദിനമാണ് വെള്ളപ്പാണ്ട് ദിനമായി ലോകമെമ്പാടും ആചരിക്കുന്നത്.






സെന്റ് ജൂഡ് നേഴ്സിങ് ജോബ്സ്, കോഴിക്കോട്

പഠനം കഴിഞ്ഞാൽ ജോലിയാണോ നിങ്ങൾ അന്വേഷിക്കുന്നത്?

MBBS, BAMS, BHMS, BDS, Bsc - Msc Nursing,
മറ്റു പാരാമെഡിക്കൽ കോഴ്സുകൾ,
BBA, BCA, BBA Aviation,
B. voc Catering Tech & Hotel Management

കോഴ്സ് അഡ്മിഷനും ജോലിക്കും ബന്ധപ്പെടുക:
9207909203, 7736404023
9446890920 (Whatsapp)
Email: stjudekkd@gmail.com


ഇനി എന്തിനു പതിനായിരങ്ങൾ മുടക്കണം???

എല്ലാ മേഖലയിൽ ഉള്ളവർക്കും അനുയോജ്യമായ പങ്കാളിയെ കുറഞ്ഞ ചെലവിൽ കണ്ടെത്താൻ പ്രോ-ലൈഫ് മാട്രിമോണിയിലൂടെ അവസരം!!!

സ്ത്രീകൾക്ക് തികച്ചും സൗജന്യം | പുരുഷന്മാർക്ക് 500 രൂപ മാത്രം

എല്ലാവിധ ആധുനിക സംവിധങ്ങളോടും കൂടിയ മാട്രിമോണിയൽ സർവീസ് ഞങ്ങളുടെ ഉറപ്പാണ്

Download Mobile App: tinyurl.com/prolifemarry

KCBC മലബാർ പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ വൈദികരുടെ മേൽനോട്ടത്തിലുള്ള ക്രിസ്ത്യൻ മാട്രിമോണിയൽ സർവീസ്

ProLifeMarry.com
www.ProlifeMarry.com
85909 90889 | 623 544 5544

## മലബാർ വിഷൻ മാട്രിമോണിയൽ



താമരശ്ശേരി രൂപത RC യുവാവ്, 28 വയസ്, 182 cm ഉയരം, MSc Applied Psychology. പ്രൈവറ്റ് സ്ഥാപനത്തിൽ (കോഴിക്കോട്) ജോലി. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9495412180



താമരശ്ശേരി രൂപത RC യുവാവ്, 29 വയസ്, MA, PGDCA. പ്രൈവറ്റ് ജോലിയും കൃഷിയും. 23 വയസിനു മുകളിൽ പ്രായമുള്ള കർഷക കുടുംബത്തിൽപ്പെട്ട വിദ്യാസമ്പന്നയായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9447837259



താമരശ്ശേരി രൂപത RC യുവാവ്, 34 വയസ്, 5.3 inch ഉയരം. SSLC. സൂപ്പർ മാർക്കറ്റിൽ ജോലി. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 8589858847, 9645246931, 9946491513

**വിവാഹ പരസ്യങ്ങൾ ഇനി ഫോട്ടോയോടൊപ്പം...**

ജീവിതപങ്കാളിയെ തേടിയുള്ള നിങ്ങളുടെ യാത്രയിൽ ഞങ്ങൾ നിങ്ങളെ സഹായിക്കാം. മാട്രിമോണിയൽ പരസ്യങ്ങൾ വരൻ/വധുവിന്റെ ഫോട്ടോയോടുകൂടി പ്രസിദ്ധീകരിക്കും. ഒരു ലക്കത്തിലേക്ക് വിവാഹ പരസ്യം നൽകുന്നതിന് 1000 രൂപയും 2 ലക്കങ്ങളിലേക്ക് 1500 രൂപയുമാണ് നിരക്ക്. വ്യക്തി വിവരങ്ങളും ഫോട്ടോയും 97 44 99 555 3 എന്ന വാട്സാപ്പ് നമ്പറിലേക്ക് അയയ്ക്കാം. വിവരങ്ങൾക്ക്: 97 44 99 555 2




Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, calicut-12. Editor: Fr. Benny Alex Karackatt